# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാനൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.2/263/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/03/2026
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(എയിംസ്)

2.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം(ഉപരിപത്ര സഹിതം)
3.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)
4.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.2/263/2026 തീയ്യതി: 28/03/2026

## കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2025 മുതൽ 05-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 93 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജ്യോതിഷ് കുമാർ സി.വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-02-2026 | 24-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2026 | 24-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷഹീൻ പി ഓഡിറ്റ് ഓഫീസർ
ശ്രീ രമേശൻ കരോത്ത് ഓഡിറ്റ് ഓഫീസർ
ശ്രീ ആൽബർട്ട് ജോസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ എ സി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിജില ടി ഓഡിറ്റർ
ശ്രീ സജാദ് എം ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ പി ഹാഷിം | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീ പ്രവീൺ എ | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ ശ്രീജൻ പാലയാന്റവിട | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 31-10-2024 |
| ശ്രീ രഞ്ജൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2024 | 12-01-2025 |
| ശ്രീ. കെ.ആർ മനോജ് കുമാർ | സെക്രട്ടറി | 13-01-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുധീർ കുമാർ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി രമ കെ എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ കെ അനിൽ കുമാർ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. ഗഗണ ജി പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 13-01-2025 |
| ഡോ സന്തോഷ് കുമാർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-01-2025 | 14-03-2025 |
| ഡോ ഷിനി കെ കെ | മെഡിക്കൽ | 15-03-2025 | 31-03-2026 |

| | | | |
|---|---|---|---|
| | ഓഫീസർ ആയുർവ്വേദം | | |
| ഡോ അഞ്ജു പി | വെറ്റിറിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രി ശശി നടുവിലാക്കണ്ടിയിൽ | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 31-03-2025 |
| ശ്രീ രജീഷ് ടി കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീമതി നദീറ ഇ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. മധു കെ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2024 | 31-03-2025 |
| ഡോ. ഹലീന വി.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 23-10-2024 |
| ഡോ. സിംല കെ.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 24-10-2024 | 31-03-2025 |
| ശ്രീ അമൽ കെ | ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ്) | 01-04-2024 | 06-11-2024 |
| ശ്രീമതി വിനീത ആർ | ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ്) | 07-11-2024 | 29-01-2025 |
| ശ്രീ. സുബിഷ് ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-01-2025 | 31-03-2025 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം. | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് തുക, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക, എ സി ആർ പ്രകാരമുള്ള തുക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | AUEGS വരവ് ചെലവ് മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | സ്ഥിരനിക്ഷേപം- വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ദുരിതാശ്വാസ നിധി ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിലെ നീക്കിയിരിപ്പും B-17 ഷെഡ്യൂളിലെ ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല. | 1-1-9 |
| 11 | ബി 8 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല. | 1-1-10 |
| 12 | അഡ്വാൻസ് തുക ആസ്തിയായി രേഖപ്പെടുത്തി | 1-1-11 |
| 13 | ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക ആസ്തിയായി രേഖപ്പെടുത്തിയില്ല | 1-1-12 |
| 14 | ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ വ്യത്യാസമായി ചേർത്തിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | SBI പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ പേയ്മെന്റ് ബാങ്ക് അക്കൗണ്ടിന്റെ റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഷിക സംക്ഷിപ്തം ചേർത്ത് പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-15 |

| | | |
|---|---|---|
| 17 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 240000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-16 |
| 18 | വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്,/ബാങ്ക് / ട്രഷറി പാസ് ബുക്കുകൾ എന്നിവ ലഭ്യമല്ല | 1-1-17 |
| 19 | ബാങ്ക് അക്കൗണ്ടുകളിൽ ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക് എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന ചെക്കുകൾ ഏത് കാലയളവിൽ ഇഷ്യൂ ചെയ്ത ചെക്കുകളാണ് എന്നതിന്റെ വിശദാംശം ലഭ്യമല്ല. | 1-1-18 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-1-19 |
| 21 | ബാലൻസ് ഷീറ്റിൽ ബി-18 ശീർഷകത്തിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല | 1-1-20 |
| 22 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കാലികമാക്കിയിട്ടില്ല | 1-1-21 |
| 23 | ചെലവഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി | 1-1-22 |
| 24 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് അക്കൗണ്ട് ചെയ്തതിലെ അപാകങ്ങൾ | 1-1-23 |
| 25 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-24 |
| 26 | ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചറിലെ നീക്കിയിരിപ്പ് തുക തൻവർഷത്തെ വരവായി രേഖപ്പെടുത്തി | 1-1-25 |
| 27 | വാർഷിക കണക്കിൽ സസ്പെൻസ് അക്കൗണ്ടിലും പ്രയർ പിരിയഡ് ഐറ്റംസിലും ചേർത്ത തുകകളുടെ വിശദാംശം ലഭ്യമല്ല | 1-1-26 |
| 28 | കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല | 1-1-27 |
| 29 | പലിശ വരവ് അതത് ശീർഷകത്തിൽ വരവായി ചേർത്തില്ല | 1-1-28 |
| 30 | വാർഷികകണക്കിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല | 1-1-29 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്ത വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ആസ്തി ശീർഷകത്തിൽ ചേർത്തു. | 1-1-30 |
| 32 | ബജറ്റ് | 1-2 |
| 33 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |

| | | |
|---|---|---|
| 34 | ഫണ്ട് വിനിയോഗം | 1-4 |
| 35 | പദ്ധതി അവലോകനം | 1-5 |
| 36 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 37 | ക്ഷേമ പദ്ധതികൾ | 1-7 |
| 38 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 39 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 40 | വാർഡ് സഭ | 1-10 |
| 41 | കെട്ടിട നിർമാണ പെർമിറ്റ് - റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ കുറവ് | 1-11 |
| 42 | പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു | 1-12 |
| 43 | വസ്തു നികുതി പരിഷ്ക്കരണ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 44 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചതിൽ അപാകത | 1-14 |
| 45 | കെട്ടിടങ്ങളെ തെറ്റായ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയം നടത്തി | 1-15 |
| 46 | മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ മൊബൈൽ ടവറുകൾ സ്ഥാപിക്കപെട്ടത് - നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 47 | പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 48 | തൊഴിൽ നികുതി രജിസ്റ്റർ ചട്ട പ്രകാരം തയ്യാറാക്കുന്നില്ല | 1-18 |
| 49 | ഡിമാൻഡ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 50 | ലൈസൻസ് ചുമത്തുന്നതിലെ അപാകത | 1-20 |
| 51 | രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നു. | 1-21 |
| 52 | കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല | 1-22 |
| 53 | വൈകി അടവാക്കിയ വാടകയ്ക്ക് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി | 1-23 |
| 54 | വിവിധ ഇനങ്ങളിലെ ലേലം തുക ഈടാക്കിയില്ല | 1-24 |
| 55 | ടാർ ബാരൽ വിറ്റുകിട്ടുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിക്കുന്നു | 1-25 |
| 56 | സ്ഥിര നിക്ഷേപം - പലിശ കുറഞ്ഞ നിരക്കിൽ ലഭിച്ചു | 1-26 |
| 57 | പെൻഷൻ തുക അധികം നൽകിയത് തിരികെ | 1-27 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്. | |
| 58 | പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക – അധികം അനുവദിച്ചു | 1-28 |
| 59 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിലെ അപാകങ്ങൾ - 29,612 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 60 | മഴക്കാലപൂർവ്വശുചീകരണം വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 61 | കുടിവെള്ള വിതരണം രേഖകൾ ലഭ്യമാക്കിയിട്ടില്ല 8,78,162 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 62 | മാലിന്യമുക്ത നവകേരളം മുൻകൂർ ക്രമീകരിച്ചിട്ടില്ല. 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 63 | ബാങ്ക് റി കൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ഡയറക്ക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് ഇനത്തിൽ കാണിച്ച വൻതുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 64 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല. 500000 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു. | 1-34 |
| 65 | എം സി എഫ് കെട്ടിടത്തിലും പരിസരത്തും സി സി ടി വി സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല.₹1,43,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 66 | എം സി എഫിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ - ₹81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 67 | റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകൾ ലഭ്യമല്ല. ₹51,11,054 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 68 | സ്വിംഗിങ് ട്വിൻ ബിൻ സ്ഥാപിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല.₹5,25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-38 |
| 69 | ബൊക്കാഷി ബക്കറ്റ് വിതരണം - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹6,24,799 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 70 | വയോജന സംഗമം - മുഴുവൻ രേഖകളും ലഭ്യമല്ല ₹92600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 71 | പി.എം.എ.വൈ ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-41 |
| 72 | സ്വയം തൊഴിൽ സംരംഭകത്വ പദ്ധതികൾ -ചെലവ് രേഖകളുടെ അഭാവത്തിൽ ₹937500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |

| | | |
|---|---|---|
| 73 | എസ്.എസ്.കെ വിഹിതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-43 |
| 74 | പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് വിഹിതം കൈമാറൽ തുടർ പ്രവർത്തന വിവരം ലഭ്യമല്ല 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-44 |
| 75 | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - രേഖകൾ ലഭ്യമല്ല ₹12,19,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-45 |
| 76 | 40 വാർഡുകളിലും 500 മീറ്റർ തെരുവ് വിളക്ക് ലൈൻ വലിക്കൽ വിനിയോഗ വിവരം ലഭ്യമല്ല ₹20,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-46 |
| 77 | സ്കൂൾ, അംഗൻവാടി, ഡിസ്പൻസറി എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കൽ - രേഖകൾ ലഭ്യമല്ല - 3195100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-47 |
| 78 | നഗരസഭ മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം വാങ്ങൽ രേഖകൾ ലഭ്യമല്ല ₹3719076 യുടെ ചെലവ് തടസ്സപ്പെുത്തുന്നു | 1-48 |
| 79 | അമൃത് കുടിവെള്ള പദ്ധതിക്ക് നഗരസഭ വിഹിതം ഒടുക്കൽ വിനിയോഗ വിവരം ലഭ്യമല്ല ₹4000000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-49 |
| 80 | എ ബി സി പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ - ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-50 |
| 81 | ഐ കെ എം നുള്ള നഗരസഭ വിഹിതം 2024-25 - രേഖകൾ ലഭ്യമല്ല ₹242110 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-51 |
| 82 | പി എച്ച് സി ആവർത്തന ചെലവുകൾ -രേഖകൾ ലഭ്യമല്ല 1739000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-52 |
| 83 | ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി കെട്ടിടത്തിന് വാടക ഇനത്തിൽ - അപാകങ്ങൾ 176400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-53 |
| 84 | ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി പെരിങ്ങത്തൂർ, പാനൂർ, പെരിങ്ങളം, സ്ഥാപനങ്ങൾക്ക് ഫർണിച്ചർ അനുബന്ധ വസ്തുക്കൾ വാങ്ങൽ -രേഖകൾ ലഭ്യമല്ല ₹164069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-54 |
| 85 | ജി ഐ സ് മാപ്പിംഗ് ഡാറ്റ അപ്ഡേഷൻ എ എം സി ഇനത്തിൽ പൂർത്തീകരണ വിവരം ലഭ്യമല്ല ₹179898 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-55 |
| 86 | SC സ്വയംതൊഴിലിന് ടു വീലർ വിതരണം അപാകങ്ങൾ 476595 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-56 |

| | | |
|---|---|---|
| 87 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമല്ല - 1802089 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-57 |
| 88 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും - രേഖകൾ ലഭ്യമല്ല 52393 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-58 |
| 89 | കാട്ടിമുക്ക് കണ്ണംവെള്ളി എലാങ്കോട് റോഡ് റീടാറിംഗ് - റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പൂർത്തികരിച്ച് അധികം ചെലവായ തുക കരാറുകാരനിൽ നിന്നും ഇടാക്കിയില്ല - ₹2,88,698 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-59 |
| 90 | കരാറുകാരന് പ്രവൃത്തി നൽകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി പിഴയില്ലാതെ നീട്ടി നൽകി | 1-60 |
| 91 | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - ₹ 1,23,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-61 |
| 92 | പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റിയ സാധനങ്ങളുടെ ഉപയോഗവിവരം / രേഖകൾ ലഭ്യമാക്കിയില്ല – ₹24,66,459 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-62 |
| 93 | പഴയ മത്സ്യമാർക്കറ്റ് പൊളിച്ചുമാറ്റൽ - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹ 4,31,880/- തടസ്സപ്പെടുത്തുന്നു. | 1-63 |
| 94 | പ്രവൃത്തി പൂർത്തീകരണ കാലതാമസം നടപടി ക്രമത്തിലെ അപാകങ്ങൾ. | 1-64 |
| 95 | പ്രവൃത്തി ഇൻഷ്വർ ചെയ്യാത്തതിന് പിഴ ഈടാക്കിയിട്ടില്ല. | 1-65 |
| 96 | പ്രവൃത്തിയുടെ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകി -പിഴ ഈടാക്കേണ്ടതാണ്. | 1-66 |
| 97 | പൊതു മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ | 1-67 |
| 98 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-68 |
| 99 | പെൻഷൻ ഫണ്ട് അവലോകനം | 1-69 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പാനൂർ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-11-2025 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 3-12-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് മുനിസിപ്പാലിറ്റി സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
28.03.2026.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

### 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം.

ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം.

| | |
|---|---|
| മുൻസിപ്പാലിറ്റിയിലെ ആകെ വരുമാനം (A) | 393102588 |
| ആകെ ചെലവ് (B) | 326838798 |
| മിച്ചം തുക C= A-B | 66263790 |
| Prior Period Income | (176384) |
| Prior Period Expenditure | (803357) |

| | |
|---|---|
| Net Difference Between Prior Period Income And Expenses ( D ) | 626973 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 66890763 |

യഥാർത്ഥ മിച്ച തുകയായ ₹66890763-ക്ക് പകരം 67243531 രൂപയാണ് ബാലൻസ് ഷീറ്റ് ബി1- ഷെഡ്യൂളിലേക്ക് കാരി ഓവർ ചെയ്തത്

## 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന അക്കൗണ്ടുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

| ബാങ്ക് അക്കൗണ്ട് | ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| ഹെൽത്ത് I ഗ്രാന്റ് - ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ | 38,08,059 | 26,92,611 |
| എം പി ഫണ്ട് | 11,28,667 | 18,81,353 |
| ഐ സി ഡി എസ് | 28,37,956 | ഏത് അക്കൗണ്ട് ആണ് എന്ന് വ്യക്തമല്ല |
| N U LM | 0 | 14,86,307 |
| PMAY | 0 | 1,72,24,875 |
| MLA ഫണ്ട് | 24,23,563 | ഏത് അക്കൗണ്ട് ആണ് എന്ന് വ്യക്തമല്ല |
| മുൻസിപ്പൽ കോർപ്പറേഷൻ ഫണ്ട് | 17,59,100 | ഏത് അക്കൗണ്ട് ആണ് എന്ന് വ്യക്തമല്ല |
| SBM | നീക്കിയിരിപ്പ് കാണിച്ചിട്ടില്ല | 10,64,582,+6,75,848 |

## 1-1-3 വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് തുക, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക, എ സി ആർ പ്രകാരമുള്ള തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടാത്തതിനുള്ള കാരണം വ്യക്തമല്ല

| ഇനം | വാർഷിക ധനകാര്യ പത്രിക | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ | സുലേഖ ചെലവ് പത്രിക |
|---|---|---|---|
| വികസന ഫണ്ട്, ജനറൽ | 39995490-I-6<br>5113668 -B-3<br>Total -45109158 | 42831388 | 4,51,09,158 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 16241452 -I-6<br>500000 -B-3<br>Total – 16741452 | 16823844 | 1,67,41,452 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 9533523 -I-6<br>1863414 -B-3<br>Total 11396937 | 11396937 | 1,10,99,252 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ് അൺടൈഡ് | 17928399<br>20933291<br>( I-6) +<br>200000 (B-3)<br>Total =39061690 | 18050399<br>20959299<br>Total =39009698 | 3,88,61,690 |

## 1-1-4 AUEGS വരവ് ചെലവ് മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല.

AUEGS കാഷ് ബുക്ക് പ്രകാരം AUEGS ഫണ്ടിനത്തിൽ തൻവർഷം ₹1,43,00,000 ലഭ്യമാവുകയും ആയത് മുഴുവനായും ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ആയത് വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഐ–6 ഷെഡ്യൂളിൽ 4530473 രൂപയും ഐ-14-ൽ Poverty Eradication Head ൽ 2634166 രൂപയും P-5-ൽ 2366630 രൂപയുമാണ് ചെലവ് ഉൾപ്പെടുത്തിയത്.

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

I. 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58.2(f) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

Ii. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

III) 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടം 58.2(e) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല

IV) 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 സ്ഥിരനിക്ഷേപം- വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ബി-12 ഷെഡ്യൂളിലെ ഫിക്സഡ് ഡെപ്പോസിറ്റ് തുകയായ 43897643 രൂപയും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ നീക്കിയിരിപ്പ് തുകയായ 42547643 രൂപയും പൊരുത്തപ്പെടുന്നില്ല.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി സാമ്പത്തിക വർഷാദ്യം മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-8 ദുരിതാശ്വാസ നിധി ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിലെ നീക്കിയിരിപ്പും B-17 ഷെഡ്യൂളിലെ ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെയർമാന്റെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ ₹42866 യും B-17 ഷെഡ്യൂളിലും, രസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ക്ലോസിംഗ് ബാലൻസ് പ്രകാരവും ₹44523 യുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല

## 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.

ഫിനാൻസ് കമ്മീഷൻ ടൈഡിന്റെ ലഡ്ജറിൽ ജേണൽ ചെയ്ത് വരവെടുത്ത 314520 രൂപയുടെയും ഫിനാൻസ് കമ്മീഷൻ ബേസിക്കിന്റെ ലഡ്ജറിൽ ഓപ്പണിംഗ് ബാലൻസ് കറക്ഷനിൽ ജേണൽ ചെയ്ത് വരവെടുത്ത 3006507 രൂപയുടെയും ജേണൽ എൻട്രിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല

വാർഷിക കണക്കിൽ പ്രയർ പിരിയഡ് ഐറ്റംസായി ജേണൽ ചെയ്ത് ഉൾപ്പെടുത്തിയ തുകകളുടെയും സസ്പെൻസ് അക്കൗണ്ടിലെ തുകകളുടെയും വിശദാംശം ലഭ്യമല്ല.

## 1-1-10 ബി 8 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ

രേഖകൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി 8 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല

### 1-1-11 അഡ്വാൻസ് തുക ആസ്തിയായി രേഖപ്പെടുത്തി

അഡ്വാൻസ് ടു അദേഴ്സ് ഇനത്തിലെ 55000 രൂപ അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ഫിക്സഡ് അസറ്റിൽ ചേർത്തു

### 1-1-12 ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക ആസ്തിയായി രേഖപ്പെടുത്തിയില്ല

ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക മുഴുവനായും ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം - പ്രൊജക്ട് നം. 478/25 പ്രകാരം മാലിന്യ സംസ്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഹെൽത്ത് വിഭാഗത്തിലേക്ക് വാഹനം വാങ്ങുന്നതിനായി ₹9,16,719 ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ആസ്തിയായി വാഹനത്തിന്റെ മൂല്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-13 ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ വ്യത്യാസമായി ചേർത്തിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള തുകകളുടെ വിശദാംശം റികൺസിലിയേഷൻ പത്രികയിൽ കെസ്റ്റാർട്ടിൽ കാണിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| ബാങ്ക് അക്കൗണ്ട് | ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് | ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് |
|---|---|---|
| കാനറ ബാങ്ക് ഓൺ ഫണ്ട് | 0 | 67,15,199 |
| കെ എൽ ജി ബി | 10000 | 0 |
| കെ ജി ബി PFMS | 1,06,03,951 | 1000 |
| എസ് ബി ഐ എം പി ഫണ്ട് | 269 | 52,32,530 |
| എസ് ബി ഐ ഓൺലൈൻ പേയ്മെന്റ് | 1,43,691 | 0 |
| എസ് ബി ഐ-പെൻഷൻ | 0 | 91,480+1,250 |
| എസ് ബി ഐ-PMAY | 1,08,07,411 | 0 |
| എസ് ബി ഐ- സാലറി | 0 | 49,666 |
| സൗത്ത് ഇന്ത്യൻ ബാങ്ക് കാർഡ് പേയ്മെന്റ് | 0 | 40,27,940 |

മേൽ അക്കൗണ്ടുകളിൽ നിന്നും ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്, ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് കളക്റ്റഡ് എന്നീ ശീർഷകത്തിലെ തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

### 1-1-14 SBI പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ പേയ്മെന്റ് ബാങ്ക് അക്കൗണ്ടിന്റെ റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

| ബാങ്ക് അക്കൗണ്ട് | റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് പാസ് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|
| SBI പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ പേയ്മെന്റ് | 25798 | 1087947 |

## 1-1-15 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഷിക സംക്ഷിപ്തം ചേർത്ത് പരിശോധനക്ക് ലഭ്യമാക്കിയില്ല

1) വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ സംക്ഷിപ്ത വിവരങ്ങളടങ്ങിയ ഡി സി ബി പത്രിക ലഭ്യമല്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. (പ്രൊഫഷൻ ടാക്സ് -എംപ്ലോയീസ്, വാടക ഒഴികെ)

2) ഡെപ്പോസിറ്റ്, ഇനത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പും തൻവർഷം ലഭിച്ചിട്ടുള്ളതും ക്രമീകരിച്ചതുമായ ഡെപ്പോസിറ്റ് സംബന്ധിച്ചുള്ള വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമല്ല.

3) കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായ വിവിധ ഗ്രാന്റിനങ്ങളുടെ (ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ) വിവരം ലഭ്യമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ലഭ്യമല്ല.
മേൽ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ബി-4, ബി-7 ഷെഡ്യൂളുകളിൽ ചേർത്ത തുകകളുടെ, വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-16 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 240000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 240000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-17 വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്,/ബാങ്ക്/ ട്രഷറി പാസ് ബുക്കുകൾ എന്നിവ ലഭ്യമല്ല

താഴെ പറയുന്ന അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക്/ട്രഷറി പാസ് ബുക്കുകൾ എന്നിവ ലഭ്യമല്ല
A) SB I NULM 67384313893,
B) ICICI SBM PFMS പാസ് ബുക്ക്
C) South Indian Bank Card Payment -ബാങ്ക് പാസ് ബുക്ക്
D) സൗത്ത് ഇന്ത്യൻ ബാങ്ക് -TSIB -
E) സബ് ട്രഷറി പാനൂർ -ഡിഫർ സാലറി അക്കൗണ്ട്
F) സബ് ട്രഷറി പാനൂർ ടി എസ് ബി പി എഫ്
G) Chairman Distress Relief Fund പാസ് ബുക്ക്
H) KB - 175512801001027- പാസ് ബുക്ക്
I) KGB - 40602101090499-പാസ് ബുക്ക്
J) ട്രഷറി അലോട്ട്മെന്റ് -1035

## 1-1-18 ബാങ്ക് അക്കൗണ്ടുകളിൽ ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക് എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന ചെക്കുകൾ ഏത് കാലയളവിൽ ഇഷ്യൂ ചെയ്ത ചെക്കുകളാണ് എന്നതിന്റെ വിശദാംശം ലഭ്യമല്ല.

താഴെ കൊടുക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക് എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന ചെക്കുകൾ ഏത് കാലയളവിൽ ഇഷ്യൂ ചെയ്ത ചെക്കുകളാണ് എന്നതിന്റെ വിശദാംശം ലഭ്യമല്ല. മേൽ ചെക്കുകളിൽ മൂന്ന് മാസ കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

| ബാങ്ക് അക്കൗണ്ട് | ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക് |
|---|---|
| കാനറ ബാങ്ക് ഓൺ ഫണ്ട് | 54,51,599 |
| കെ ജി ബി PFMS | 6,87,804 +24,43,758(old) |
| SBI MP ഫണ്ട് | 1,81,331 |
| SBI ഓൺലൈൻ പേയ്മെന്റ് | 16,050 |

| | |
|---|---|
| സൗത്ത് ഇന്ത്യൻ ബാങ്ക് കാർഡ് | 24,25,299 |

കെ ജി ബി PFMS അക്കൗണ്ടിലെ 24,43,758(old) എന്ന തുക സംബന്ധിച്ച വ്യക്തത വരുത്തേണ്ടതാണ്.

## 1-1-19 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

ഡിപ്രിസിയേഷൻ കണക്കാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.
1) ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇൻകം & എക്സ്പൻഡിച്ചറിൽ Sewerage & Drainage എന്ന ആസ്തിക്ക് തൻവർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടില്ല
2) അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ-ബിൽഡിംഗിൽ ബാലൻസ് ഷീറ്റിൽ പോസിറ്റീവ് സംഖ്യ രേഖപ്പെടുത്തിയതിനാൽ ബിൽഡിംഗിന്റെ മൂല്യത്തിൽ തേയ്മാനം കുറക്കുന്നതിന് പകരം ആസ്തിയുടെ മൂല്യത്തിൽ വർദ്ധനവ് രേഖപ്പെടുത്തുകയാണ് ചെയ്തത്.

## 1-1-20 ബാലൻസ് ഷീറ്റിൽ ബി-18 ശീർഷകത്തിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ ബി-18 ശീർഷകത്തിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. മേൽ ശീർഷകത്തിലെ ഫെസ്റ്റിവൽ അഡ്വാൻസ് -8000, ഇംപ്രസ്റ്റ്-400000, അദർ ലോൺസ് & അഡ്വാൻസ് -1645233 മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അഡ്വാൻസ് ക്രമീകരിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-21 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കാലികമാക്കിയിട്ടില്ല

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുക (15260942) യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം പൂർത്തിയായ പ്രവൃത്തികൾ അസറ്റ് ശീർഷകത്തിൽ ചേർക്കുയോ തൻ വർഷത്തെ പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ മേൽ ശീർഷകത്തിൽ ചേർക്കുയോ ചെയ്തിട്ടില്ല.

## 1-1-22 ചെലവഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി

താഴെ പറയുന്ന വിവിധ ഗ്രാന്റുകളിലെ തുക വിവിധ പ്രൊജക്റ്റുകളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ തുക മുഴുവനായും ചെലവഴിക്കാത്ത ബാധ്യതയായി ബി-4 ഷെഡ്യൂളിൽ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തി.

| ഫണ്ടിനം | ചെലവഴിച്ച തുക (₹) |
|---|---|
| കോർപ്പറേഷൻ ഗ്രാന്റ് | 1759100 |
| എം പി ഫണ്ട് | 1128667 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ | *1219000 |

*ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചറിൽ ലഭ്യമായ 3808059 രൂപയിൽ 1219000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ തുക മുഴുവനായും ചെലവഴിക്കാത്ത ബാധ്യതയായി ബി-4 ഷെഡ്യൂളിൽ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തി.

## 1-1-23 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് അക്കൗണ്ട് ചെയ്തതിലെ അപാകങ്ങൾ

ഫിനാൻസ് കമ്മീഷൻ ടൈഡിന്റെ ലഡ്ജറിൽ ജേണൽ ചെയ്ത് വരവെടുത്ത 314520 രൂപയുടെയും ഫിനാൻസ് കമ്മീഷൻ ബേസിക്കിന്റെ ലഡ്ജറിൽ ഓപ്പണിംഗ് ബാലൻസ് കറക്ഷനിൽ ജേണൽ ചെയ്ത് വരവെടുത്ത 30065007 രൂപയുടെയും ജേണൽ എൻട്രിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.
പ്രൊജക്റ്റ് നമ്പർ 431/2025 പാനൂർ ശ്രീനാരായണ മഠം കല്ലുകൊത്തിയ റോഡ് ഇന്റർ ലോക്കിംഗ് പ്രവർത്തിക്ക് 114520 രൂപ ഫിനാൻസ് കമ്മീഷൻ അവാർഡ് തുകയിൽ സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യകമ്മീഷൻ ബേസിക് ട്രഷറി ചെലവ് പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-24 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

പ്രൊജക്റ്റ് നമ്പർ 478/2025 പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് -ടൈഡിൽ നിന്നും 916719 രൂപ ചെലവഴിച്ച് വാഹനം വാങ്ങുകയും നഗര മാലിന്യ

നിർമ്മാർജ്ജനത്തിനായി സ്ഥലം വാങ്ങുന്നതിനായി 3719076 രൂപ വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ആസ്തി ആർജ്ജിക്കുന്നതിനുള്ള ചെലവായി ഉൾപ്പെടുത്താതെ റവന്യൂ ചെലവായി ചേർത്തു

## 1-1-25 ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചറിലെ നീക്കിയിരിപ്പ് തുക തൻവർഷത്തെ വരവായി രേഖപ്പെടുത്തി

ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചറിൽ പലിശ ഉൾപ്പെടെ 2023-24 വർഷം പാസ് ബുക്ക് പ്രകാരം 3808059 രൂപ നീക്കിയിരിപ്പുണ്ടായിരുന്നെങ്കിലും മേൽ തുക AFS ൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല. പകരം 2024-25 വർഷത്തിൽ വരവായി വാർഷികകണക്കിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത് .

## 1-1-26 വാർഷിക കണക്കിൽ സസ്പെൻസ് അക്കൗണ്ടിലും പ്രയർ പിരിയഡ് ഐറ്റംസിലും ചേർത്ത തുകകളുടെ വിശദാംശം ലഭ്യമല്ല

1) വാർഷികകണക്കിൽ സസ്പെൻസ് അക്കൗണ്ടിൽ ചേർത്ത തുകകളുടെ വിശദാംശം ലഭ്യമല്ല.
2) വാർഷിക കണക്കിൽ പ്രയർ പിരിയഡ് ഐറ്റംസായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശം ലഭ്യമല്ല.

## 1-1-27 കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള Movable Assets, Immovable Assets എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-28 പലിശ വരവ് അതത് ശീർഷകത്തിൽ വരവായി ചേർത്തില്ല

ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ ₹437143 പലിശ വരവുണ്ടെങ്കിലും ആയത് വാർഷികകണക്കിൽ അതത് ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വെൽനസ്സ്, ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് യഥാക്രമം 355563, 103552 രൂപ പലിശ വരവുണ്ടെങ്കിലും ആയത് അതത് ഗ്രാന്റിന്റെ വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

## 1-1-29 വാർഷികകണക്കിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല

1) Interest On Loans P-4 ഷെഡ്യൂളിൽ അദർ ഫിനാൻഷ്യൽ എക്സ്പെൻസിൽ കാണിച്ച 17,43,674 രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല
2) ബാലൻസ് ഷീറ്റ് ബി-8 ഷെഡ്യൂളിലെ Other Creditors Control Account ലെ 329280 രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല
3) ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിലെ Grants Receivable -267588 രൂപ, Receivable Others -3125115 രൂപ എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

## 1-1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്ത വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ആസ്തി ശീർഷകത്തിൽ ചേർത്തു.

താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ആസ്തി ശീർഷകത്തിൽ ചേർത്തു. ഉദാ-പ്രൊജക്ട് നമ്പർ 40/25 പ്രകാരം 40 വാർഡുകളിലും 500 മീറ്റർ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി പ്രകാരം കെ എസ് ഇ ബിയിൽ 20 ലക്ഷം രൂപയും, പ്രോജക്ട് : 238/25 – പാലത്തായി കുന്നിൻ താഴെ കുടിവെള്ള പദ്ധതി കുബ്ബിയ്യ കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർഅതോറിറ്റിയിൽ 123000 രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

## 1-2 ബജറ്റ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 14.2.2024-ലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 10.03.2025-ലെ 3(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബഡ്ജറ്റ് പ്രകാരം | പുതുക്കിയ ബഡ്ജറ്റ് പ്രകാരം |
|---|---|---|
| | | |

| | | |
|---|---|---|
| ഭരണസമിതി തീരുമാനം നമ്പർ / തീയതി | 1/1 ( 14-02-2024) | 3(1) 10-03-2025 |
| മുന്നിരിപ്പ് | 5,35,69,931 | 14,83,29,256 |
| വരവ് | 67,34,38,250 | 70,79,90,402 |
| ആകെ | 72,70,08,181 | 85,63,19,658 |
| ചെലവ് | 68,36,66,254 | 65,36,72,707 |
| നീക്കിയിരിപ്പ് | 4,33,41,927 | 20,26,46,951 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14,83,29,256 |
| വരവ് | 22,39,53,430 |
| ആകെ | 37,22,82,686 |
| ചെലവ് | 21,90,80,718 |
| നീക്കിയിരിപ്പ് | 15,32,01,968 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32849464 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് ലഭിച്ചത് (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സ്/ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 51129000 | 51129000 | 4,51,09,158 | 6019842 |
| വികസനഫണ്ട് എസ്.സി.പി | 0 | 3337000 | 3337000 | 3294446 | 42554 |
| മെയിന്റനൻസ് റോഡ് | 0 | 29014000 | 29014000 | 1,67,41,452 | 12272548 |
| മെയിന്റനൻസ് നോൺറോഡ് | 0 | 22179000 | 22179000 | 1,10,99,252 | 11079748 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ- അൺടൈഡ് ബേസിക്ക് - ബാങ്ക് | 30065007 | 17878019+437143 | 48380169 | 20933291 | 27446878 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ- അൺടൈഡ് ബേസിക്ക്-ട്രഷറി | 0 | 114520 | 114520 | 114520 | 0 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്- ബാങ്ക് | 314520 | 26818045 | 27132565 | 17011680 | 10120885 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്- ട്രഷറി | 0 | 1116719 | 1116719 | 1116719 | 0 |
| കോർപ്പറേഷൻ | - | 1759100 | 1759100 | 1759100 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് | | | | | |
| ഗ്രാന്റ് ഫ്രം വെൽഫെയർ ബോഡീസ് | 50000 | 0 | 50000 | 0 | 50000 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 118487898 | 0 | 118487898 | 43791875 | 74696023 |
| ടി എസ് സി | 0 | 22500 | 22500 | 0 | 22500 |
| Donations To Flood Relief | 3847 | 0 | 3847 | 0 | 3847 |
| ഐ സി ഡി എസ് | 0 | 5333122 | 5333122 | 2495166 | 2837956 |
| പി എം എ വൈ | 0 | 4255345 | 4255345 | 4255345 | 0 |
| ഹെൽത്ത് ഗ്രാന്റ്-( I-6) വെൽനസ്സ് ഗ്രാന്റ് | 13412348 | 4559000+355563 | 18326911 | 6831308 | 11495603 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് | 0 | 3808059 + 103552 | 3911611 | 1219000 | 2692611 |
| സ്പെഷൽ ഗ്രാന്റ്സ് | 0 | 4875511 | 4875511 | 487551 | 0 |
| എം എൽ എ ഫണ്ട് | 2423563 | 0 | 2423563 | 0 | 2423563 |
| എം പി ഫണ്ട് | 0 | 1128667 | 1128667 | 1128667 | 0 |
| ലൈബ്രറി ഗ്രാന്റ് | 0 | 12410 | 12410 | 0 | 12410 |
| അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക്ക് പർപ്പസ് | 12469858 | 0 | 12469858 | 0 | 12469858 |
| അദർ റവന്യൂ ഗ്രാന്റ്സ് | 351027 | 0 | 351027 | 0 | 351027 |
| എൻ യു എൽ എം | 0 | 620166 | 620166 | 620166 | 0 |

എ) വാർഷിക ധനകാര്യ പത്രിക, സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ലഡ്ജർ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യാറാക്കിയത്. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഇനങ്ങളിൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ഗ്രാന്റ് ഓർഡർ പ്രകാരമുള്ള അലോട്ട്മെന്റ് വരവും സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) ഇനത്തിൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ഗ്രാന്റ് ഓർഡർ പ്രകാരമുള്ള വരവും സുലേഖ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ, 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക B4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാനാവശ്യമായ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ ഫണ്ടിനങ്ങളുടെയും വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
ബി) റവന്യൂ കലക്ഷൻ ശതമാനം കുറവായതിനാലും ഫണ്ട് വിനിയോഗത്തിൽ ഷോർട്ട് ഫാൾ വന്നതിനാലും പൊതു വിഭാഗം വികസന ഫണ്ടിൽ കുറവു വന്നു.

2023-24 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 1% തുക കുറവു വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ പാനൂർ നഗരസഭയ്ക്ക് 2024-25 സാമ്പത്തിക വർഷം 511290 രൂപ നഷ്ടമായിട്ടുണ്ട്. പ്രസ്തുത തുക കഴിച്ചുള്ള തുകയാണ് അലോട്ട്മെന്റായി രേഖപ്പെടുത്തിയത്.
സി) ഗ്രാന്റ് വിനിയോഗ പത്രിക (Grant Statement) ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 2024-25 | 553 | 331730071 | 146753747 | 284 | 39 | 269 | 245 | 44.30 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെഎണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 2137540 | 2067188 | 96.71 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 4 | 4 | 573000 | 561064 | 97.92 |
| കൃഷി ഓഫീസർ | 13 | 13 | 5432703 | 3308050 | 60.89 |
| സെക്രട്ടറി | 52 | 33 | 47603435 | 27716918 | 58.22 |
| മെഡിക്കൽ ഓഫീസർ സി എച്ച് സി | 13 | 13 | 7712008 | 5335510 | 69.18 |
| ഹെഡ് മാസ്റ്റർ ഗവൺമെന്റ് യു പി സ്കൂൾ | 24 | 23 | 5380612 | 5159025 | 95.88 |
| വെറ്ററിനറി സർജൻ | 9 | 9 | 4940150 | 2931859 | 59.35 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 17 | 14 | 23936953 | 14782123 | 61.75 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 13 | 13 | 12920600 | 10679608 | 82.66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 380 | 150 | 192252157 | 67108491 | 34.91 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 220000 | 148000 | 67.27 |
| ക്ലീൻ സിറ്റി മാനേജർ | 23 | 7 | 28620913 | 6955911 | 24.30 |
| | 553 | 284 | 331730071 | 146753747 | 44.24 |

ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 30457 | 4529429 | 4559886 | 4530473 | 29413 |
| ഗുണഭോക്താക്കൾക്ക് കൂലി ഇനത്തിൽ നേരിട്ട് നല്കിയത്, മെറ്റീരിയൽ കോസ്റ്റ് | - | 14709031 | 14709031 | 14709031 | - |
| ആകെ | 30457 | 19238460 | 19268917 | 19239504 | 29413 |

## 1-7 ക്ഷേമ പദ്ധതികൾ

2024-25 വർഷത്തിൽ നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 88,74,600 | 462 |
| വിധവാ പെൻഷൻ | 5,33,01,300 | 2,776 |
| വാർദ്ധക്യകാല പെൻഷൻ | 9,27,18,800 | 4,829 |
| വികലാംഗ പെൻഷൻ | 1,45,86,600 | 759 |
| വിവാഹ ധനസഹായം | 2,40,000 | 8 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45,02,600 | 234 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-02-2026 തീയതിയിൽ 12.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരമുള്ള തുക 259334 (20/02/2026 ലെ കളക്ഷൻ 11539+19/02/2026 ലെ മുന്നിരിപ്പ് 247795) തുകയുടെ കൃത്യത ബോധ്യപ്പെട്ടു.

കുറിപ്പ്: കെ സ്മാർട്ടിലെ ക്യാഷ് ബുക്ക് ക്ലോസിങ് ബാലൻസുമായി 350622.60 രൂപയുടെ വ്യത്യാസമുണ്ട് കാരണം അറിയിക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(68/20.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. കാഷ് ബുക്ക് നീക്കിയിരിപ്പിലെ വ്യത്യാസം ക്രമപ്പെടുത്തി രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഇതിൽ പ്രധാനമാണ് സ്റ്റാഫ് മീറ്റിംഗ് എന്നാൽ 2024-45 സാമ്പത്തിക വർഷം ഒരുതവണ മാത്രമാണ് മീറ്റിംഗ് ചേർന്നത്. ആയതിൽ ജീവനക്കാരുടെ പങ്കാളിത്തം കുറവാണ്. കെ സ്മാർട്ട് പെന്റിംഗ് ഫയൽ തീർപ്പാക്കൽ, പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കൽ എന്നിവ മാത്രമാണ് തീരുമാനമായി വന്നത്. പ്രതിമാസം ജീവനക്കാരുടെ യോഗം ചേരേണ്ടതും, നികുതി പിരിവിലെ പുരോഗതി, പദ്ധതി നർവ്വഹണം എന്നിവ അവലോകനം ചെയ്യേണ്ടതുമാണ്. ജീവനക്കാരുടെ അറ്റന്റൻസ് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. നഗരസഭയിലെ രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന വിധത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ, രേഖകൾ കൃത്യമായി പരിപാലിക്കാത്തതിനാൽ ഫണ്ട് ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനങ്ങൾ യഥാസമയം ഇന്ധന ക്ഷമത ടെസ്റ്റ് നടത്തുന്നില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് വാങ്ങിയ ഗുഡ്സ് ഓട്ടോ 12-05-2025 ന് ശേഷം ഉപയോഗിച്ചിട്ടില്ല. കെ സ്മാർട്ടിൽ രേഖകൾ ലഭ്യമാണെങ്കിലും ചെലവുകൾക്ക് ആധാരമായ മുഴവൻ വൗച്ചറുകളും അപ്-ലോഡ് ചെയ്യുന്നില്ല. ഇത് കാരണം ചെലവുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് എണ്ണം പരിമിതപ്പെടുത്തേണ്ടതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം സമഗ്ര പ്രോജക്ടിൽ ഉൾപ്പെടുത്തി വിശദമായ ഡാറ്റാ കലക്ഷൻ എടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഡാറ്റകൾ ഒത്തുനോക്കി വ്യത്യാസത്തിന് അനുസരിച്ച് വസ്തു നികുതി, തൊഴിൽ നികുതി, മറ്റ് വരവുകൾ എന്നിവ പരിഷ്കരിക്കുന്നതിന്

സാധിച്ചിട്ടില്ലാത്തതിനാൽ നഗരസഭക്ക് ആയതിന്റെ പ്രയോജനം ഉണ്ടായിട്ടില്ല.

## 1-10 വാർഡ് സഭ

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42 എ (3) പ്രകാരം വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതാണ്. എന്നാൽ നഗരസഭയിൽ തൻവർഷം 06/2024, 12/2024, 03/2025 എന്നീ മാസങ്ങളിലായി മൂന്ന് തവണ മാത്രമാണ് യോഗം ചേർന്നത്. സമയ ക്രമം പാലിച്ച് വാർഡ് സഭ യോഗം ചേരേണ്ടതാണ്. 2023-24 വാർഷിക പദ്ധതി വിനിയോഗ റിപ്പോർട്ട് അംഗീകരിക്കൽ, 2024-25 ലെ വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, മാലിന്യ മുക്ത നവകേരളം, 2025-26 കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം എന്നിവ വിവിധ വാർഡ് സഭകളിൽ അജണ്ടയായി ഉൾപ്പെടുത്തി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

## 1-11 കെട്ടിട നിർമാണ പെർമിറ്റ് - റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ കുറവ്

സ.ഉ(കൈ) നം.97/2024/LSGD, തീയതി 30.07.2024 പ്രകാരം 01.08.2024 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവ് വരുത്തുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ഫയൽ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | Built Up Area (Sqm) | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് (₹) | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് (₹) | കുറവ് (₹) |
|---|---|---|---|---|---|---|
| 2632692-2024<br>22-11-2024 | Sheeja A | Residential | 89.01 | 3115<br>R-M130900-25012880<br>05-01-2026 | 89.01x35x2=<br>6231 | 3116 |

റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വരാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (82/23.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 3116 രൂപ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗം തെറ്റായി നൽകിയതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നു

സ.ഉ(പി)നം.26/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 480/2023 എന്നിവ പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 2 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 8 | 17 |
| 2 | പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 10 | 19 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പാനൂർ മുനിസിപ്പാലിറ്റി 30/09/2023 തീയതിയിൽ 2-ാം ഭരണ സമിതി യോഗ തീരുമാന പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 8,12 എന്നിങ്ങനെയാണ്. കെ സ്മാർട്ട് ലെ 2024-25 വർഷത്തെ ന്യൂ ടാക്സ് അസ്സെസ്സ്മെന്റ് ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടത്തെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ ഈയിനത്തിൽ മുനിസിപ്പാലിറ്റിക്ക് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെ സ്മാർട്ട് ഫയൽ നമ്പർ/ തിയതി | കെട്ടിട ഉടമ സ്ഥന്റെ പേര് | കെട്ടിട വിസ്തീർണം (ച.മീ) | ഒക്യുപ്പൻസി തീയതി | കെട്ടിടത്തിന്റെ ഉപവിഭാഗം (കെ സ്മാർട്ട് സോഫ്റ്റ്‌വെയർ ഫോറം 6 പ്രകാരം) | ഉൾപ്പെടു ത്തേണ്ട കെട്ടിട ത്തിന്റെ ഉപവിഭാഗം | ഈടാ ക്കേണ്ട വസ്തു നികുതി നിരക്ക്(₹) | ഈടാ ക്കിയ വസ്തു നികുതി നിരക്ക്((₹) |
|---|---|---|---|---|---|---|---|
| 995145-2024/ 20-04-2024 | മുഹമ്മദ് ഷെരീഫ് പി പി | 326.98 | 22-02-2024 | മേൽ പട്ടികയിലെ ക്രമ നമ്പർ 1 | മേൽ പട്ടികയിലെ ക്രമ നമ്പർ 2 | 12 | 8 |
| 36800-2025/ 07-01-2025 | അബ്ദുൾ ഷബീർ ഒതയോത് | 309.05 | 30-03-2024 | -ടി- | -ടി- | 12 | 8 |
| 1908342-2024/ 13-08-2024 | സുജായി നാരായണൻ | 324.98 | 20.06.2024 | -ടി- | -ടി- | 12.6* | 8.4* |
| 1886565-2024/ 10-08-2024 | ഇസ്മായിൽ പി എം | 330.04 | 30.03.2024 | -ടി- | -ടി- | 12 | 8 |
| 169269-2024/ 12-7-2024 | മുനീർ ഇസ്മായിൽ പാറക്കണ്ടി | 309.92 | 25.01.2024 | -ടി- | -ടി- | 12 | 8 |

*2024-25 വർഷം 5% നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/16.02.2026) അപാകത പരിഹരിച്ച് നികുതി പുനർ നിർണയിക്കുന്നതാണെന്നും കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിൻറെ 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം വഴി ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി മുനിസിപ്പൽ തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/10.02.2026) കെട്ടിടങ്ങളുടെ വിവര ശേഖരണത്തിന് പദ്ധതി തയ്യാറാക്കി നിർവഹണ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നല്കിയിട്ടുള്ളതാണെന്നും ഫീൽഡ് തല പരിശോധന നടന്ന് വരുന്നെന്നും പൂർത്തിയാവുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മാറ്റം വന്ന 55 കെട്ടിടങ്ങളുടെ 9-ബി ഫോറം അപേക്ഷ സ്ഥാപനത്തിൽ ലഭിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ഊരാളുങ്കൽ ലേബർ

കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.
വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ നികുതി പുനർനിർണയം നടത്താനുള്ള നടപടി ഊർജിതമാക്കേണ്ടതാണ്.

## 1-14 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചതിൽ അപാകത

2011 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന് ആക്സസ് ഉള്ള റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതലാണെങ്കിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ ഉൾപ്പെടുത്തി 20% നികുതി വർദ്ധനവ് ഈയിനത്തിൽ കണക്കാക്കേണ്ടതാണ്. കൂടാതെ കെട്ടിടത്തിന് ആക്സസ് ഉള്ള റോഡിന്റെ വീതി 1.5 മീറ്ററിൽ കുറവാണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 10% നികുതി ഇളവ് നൽകാവുന്നതാണ് എന്നാൽ റോഡിന്റെ വീതി 5 മീറ്ററിൽ കുറവും 1.5 മീറ്ററിൽ കൂടുതലുമാണെങ്കിൽ നികുതി ഇളവ് നൽകേണ്ടതില്ല.

A.വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല

2024-25 വർഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി നേടിയതും നികുതി നിർണ്ണയിച്ചതുമായ താഴെ പറയുന്ന കെട്ടിടങ്ങളുടെ കെ സ്മാർട്ടിൽ ലഭ്യമായ ബിൽഡിംഗ് സൈറ്റ്/കീ പ്ലാൻ പ്രകാരം റോഡിന്റെ വീതി 5 മീറ്ററോ അതിൽ കൂടുതലോ ആണ്. എന്നാൽ നികുതി അസ്സസ്സ്മെന്റ് ചെയ്തപ്പോൾ കെട്ടിടങ്ങളുടെ വഴി സൗകര്യം '5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെ സ്മാർട്ട് ന്യൂ ടാക്സ് അസ്സസ്സ്മെന്റ് ഫോറം 2 ലെ സെൽഫ് അസ്സസ്സ്മെന്റ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പറുകൾ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ഉടമയുടെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | ലഭ്യമായ സൈറ്റ്/ കീ പ്ലാൻ പ്രകാരം റോഡിന്റെ വീതി | കെ-സ്മാർട്ട് ഫോറം-6 പ്രകാരം റോഡിന്റെ തരം |
|---|---|---|---|---|---|---|
| 1/1346 A,B,C | 385.7,377,266,377.430 | വാണിജ്യം | പുതിയവീട്ടിൽ മുസ്തഫ | പാനൂർ തലശ്ശേരി റോഡ് | 8.10 മീറ്റർ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ |
| 15/15 A | 48.33 | വാണിജ്യം | ധനന്തരി ദാസൻ കെ | പുല്ലൂക്കര | 5 മീറ്റർ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ |
| 28/350 A | 263.4 | പാർപ്പിടാവശ്യം | രാജേഷ് നാണു | എൻ എ എം പുതുശ്ശേരി പള്ളി റോഡ് | 5 മീറ്റർ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ |
| 3/292 A | 447.98 | പാർപ്പിടാവശ്യം | വഹീദ ടി എം കെ | എലാങ്കോട് പാനൂർ മെയിൻ റോഡ് | 8 മീറ്റർ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ |
| 21/224 A | 190.29 | പാർപ്പിടാവശ്യം | നസീർ കിടാരന്റവിട | പുളിയമ്പ്രം റോഡ് | 5 മീറ്റർ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ |

B.വഴി സൗകര്യം പരിഗണിക്കാതെ നികുതി ഇളവ് നൽകി

2024-25 വർഷം നികുതി നിർണ്ണയിച്ചതുമായ താഴെ പറയുന്ന കെട്ടിടങ്ങളുടെ കെ സ്മാർട്ടിൽ ലഭ്യമായ ബിൽഡിംഗ് സൈറ്റ്/കീ പ്ലാൻ പ്രകാരം റോഡിന്റെ വീതി 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ കുറവുമാണ് എന്നാൽ നികുതി അസ്സസ്സ്മെന്റ് ചെയ്തപ്പോൾ കെട്ടിടങ്ങളുടെ വഴി സൗകര്യം '1.5 മീറ്ററിൽ കുറവ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു

| കെട്ടിട നമ്പറുകൾ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ഉടമയുടെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | ലഭ്യമായ സൈറ്റ്/ കീ പ്ലാൻ പ്രകാരം റോഡിന്റെ വീതി | കെ-സ്മാർട്ട് ഫോറം-6 പ്രകാരം റോഡിന്റെ തരം |
|---|---|---|---|---|---|---|
| 36/152 A | 230.99 | പാർപ്പിടാവശ്യം | കെ ജാനകി | മൊയ്‌ലോം ശിവ ടെംപിൾ കനാല് റോഡ് | 2.60 മീറ്റർ | 1.5 മീറ്റർ/ അതിൽ താഴെ |
| 9/369 A | 82.17 | പാർപ്പിടാവശ്യം | രമ കെ | ശ്രീ നാരായണ റോഡ് | 3 മീറ്റർ | 1.5 മീറ്റർ/ അതിൽ താഴെ |

മേൽ അപാകം സംബന്ധിച്ച് നൽകിയ (34/16.02.2026,43/17.02.2026) നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് നികുതി നിർണയിച്ചതിലെ അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളെ തെറ്റായ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയം നടത്തി

2011 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം കെട്ടിടം സ്ഥിതിചെയ്യുന്നത് ത്രിതീയ മേഖലയിലാണെങ്കിൽ അടിസ്ഥാന വസ്തു നികുതിയിന്മേൽ 20% ഇളവും ദ്വിതീയമാണെങ്കിൽ 10% ഇളവും നൽകാവുന്നതാണ്. പ്രഥമ മേഖലയ്ക്ക് വർദ്ധനവോ ഇളവോ വരുത്തേണ്ടതില്ല.
തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 20.03.2023 തീയതിയിലെ സാ ഉ (കൈ) നം 77/2023 തസ്വഭവ, ഉത്തരവിന് വിധേയമായി പാനൂർ നഗരസഭയിലെ വിവിധ ഉപയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം 30.09.2023-ലെ 2 നമ്പർ കൗൺസിൽ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് .
മേൽ വിജ്ഞാന പ്രകാരം പാനൂർ മുനിസിപ്പാലിറ്റി പ്രദേശത്തെ മേഖലാടിസ്ഥാനത്തിൽ തരം തിരിവ് വരുത്തിയത് പ്രകാരം 6 മീറ്റർ കൂടുതൽ വീതിയുള്ള റോഡുകളുടെ സമീപ പ്രദേശം പ്രഥമ മേഖലയിലും 6 മീറ്ററിൽ കുറവും 3 മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളുടെ സമീപ പ്രദേശം ദ്വിതീയ മേഖലയിലും 3 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളുടെ സമീപ പ്രദേശം ത്രിതീയ മേഖലയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
A) 2024-25 വർഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി നേടിയതും നികുതി നിർണ്ണയിച്ചതുമായ താഴെ പറയുന്ന കെട്ടിടങ്ങളുടെ കെ സ്മാർട്ടിൽ ലഭ്യമായ ന്യൂ ടാക്സ് അസ്സെസ്സ്മെന്റ് ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾ ഉൾപ്പെടുത്തിയ മേഖല മാറിയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നമ്പറുകൾ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ഉടമയുടെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | റോഡിന്റെ വീതി | ഫോറം-6 പ്രകാരം ഉൾപ്പെടുത്തിയ മേഖല |
|---|---|---|---|---|---|---|
| 34/245 C | 190.65 | പാർപ്പിടാവശ്യം | നൗഫൽ എ | ആണിയാരം ബാവാച്ചി റോഡ് | 5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 15/288 A | 345.4 | പാർപ്പിടാവശ്യം | ഹാരിസ് എം | പെരിങ്ങത്തൂർ പുല്ലൂക്കാര റോഡ് | 5 മീറ്ററിൽ കൂടുതൽ | ത്രിതീയം |

മേൽ അപാകം സംബന്ധിച്ച് നൽകിയ (76/21.02.2026) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. നികുതി

പുനർ നിർണയം നടത്തി നഷ്ട തുക ഈടാക്കേണ്ടതാണ്

B.ഒരേ റോഡിന്റെ പരിസര പ്രദേശങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി

കെ സ്മാർട്ടിലെ 2024-25 വർഷത്തെ അസ്സെസ്സ്മെന്റ് ഫയലുകൾ പരിശോധിച്ചതിൽ ഒരേ റോഡിന്റെ പരിസര പ്രദേശങ്ങൾ വ്യത്യസ്ത മേഖലയിൽപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കെ സ്മാർട്ട് ഫയൽ നമ്പർ/ തിയതി | ഫോറം-6 പ്രകാരം ഉൾപ്പെടുത്തിയ മേഖല | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര്/തരം |
|---|---|---|
| 2828136 29/11/2024 | പ്രഥമം | കീഴ്മാടം കടവത്തൂർ റോഡ് / 5മീറ്ററിൽ കൂടുതൽ |
| 2828136-2024 20/12/2024 | ദ്വിതീയം | |
| 2375953-2024 17/10/2024 | പ്രഥമം | മുക്കില പീടിക റോഡ് / 5മീറ്ററിൽ കൂടുതൽ |
| 1692690-2024 12/07/2024 | ദ്വിതീയം | |
| 869543-2024 04/04/2024 | പ്രഥമം | വാവാച്ചി റോഡ് / 5മീറ്ററിൽ കൂടുതൽ |
| 533985-2025 21/04/2025 | ദ്വിതീയം | |
| 2793805-2024 16/10/2024 | പ്രഥമം | പൂക്കോം റോഡ് / 5മീറ്ററിൽ കൂടുതൽ |
| 1639981-2024 31/07/2024 | ദ്വിതീയം | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (76/21.02.2026) മറുപടി ലഭിച്ചിട്ടില്ല. ഫീൽഡ് പരിശോധന നടത്തി ആയതിന് വ്യക്തത വരുത്തി അറിയിക്കേണ്ടതാണ്.

## 1-16 മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ മൊബൈൽ ടവറുകൾ സ്ഥാപിക്കപെട്ടത് - നടപടി സ്വീകരിക്കേണ്ടതാണ്.

2023ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങൾ പ്രകാരം (G.O.(P)No. 9/2023/LSGD., Dt.17.01.2023), ചട്ടത്തിലെ അനുബന്ധം A-5ൽ സൂചിപ്പിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കാതെ മുനിസിപ്പൽ പരിധിയിൽ ടെലഫോൺ ടവറുകൾ സ്ഥാപിക്കാൻ പാടില്ല. കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം മുനിസിപ്പൽ പരിധിയിൽ 20 ടെലഫോൺ ടവറുകളാണുള്ളത് എന്നാൽ ദൃഷ്ടി ജി ഐ എസ് മാപ്പിംഗ് സൈറ്റ് ലെ പാനൂർ മുനിസിപ്പാലിറ്റിയുടെ ഡാറ്റ പരിശോധിച്ചതിൽ കെ സ്മാർട്ടിൽ ഉൾപ്പെടാത്ത താഴെ പറയുന്ന മൊബൈൽ ടവറുകൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ദൃഷ്ടി വെബ് സൈറ്റ് ലെ പ്രോപ്പർട്ടി ഐ ഡി | വാർഡ് | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 2324324 | 18 | SECRETARY OF PERINGATHUR AREA MUSLIM LEGUE COMMITTEE |
| 2330467 | 1 | ABDUL RASHEED |
| 2334689 | 30 | രേഖപ്പെടുത്തിയിട്ടില്ല |
| 2318371 | 27 | രേഖപ്പെടുത്തിയിട്ടില്ല |
| 2326200 | 30 | JIO |
| 2332862 | 22 | IBRAHIM |
| 2334579 | 35 | രേഖപ്പെടുത്തിയിട്ടില്ല |
| 2342751 | 22 | രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| 7645875 | 1 | SAJOSH (SUB DIVISION ENGINEER) |
| 7644787 | 1 | ABDUL RASHEED |

നഗരസഭയുടെ അനുമതിയോടെയാണോ, പ്രസ്തുത മൊബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നത് എന്ന കാര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 91/23-02-2026) മറുപടി ലഭ്യമാക്കിയിട്ടില്ല വിശദമായ ഫീൽഡ് തല പരിശോധന നടത്തി ചട്ടപ്രകാരമുള്ള രേഖകൾ സമർപ്പിക്കാതെയും നികുതി നിർണയിക്കാതെയും ടെലഫോൺ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിനെതിരെ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സർക്കാരിന്റെ സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭവ. തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ തൊഴിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട് എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം പാദ തൊഴിൽ നികുതി പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാർ | ആകെ അർദ്ധ വാർഷിക വരുമാനം(₹) | അടച്ച തുക (₹) | അടവാക്കേണ്ടിയിരുന്ന തുക(₹) | കുറവ് (₹) |
|---|---|---|---|---|---|
| ഫ്രഷ് മാർട്ട് പാനൂർ | ജിൻഷ | 48000 | 600 | 750 | 150 |
| | പ്രസീന | 48000 | 600 | 750 | 150 |
| | ഷീബ | 48000 | 600 | 750 | 150 |
| | മനീഷ | 48000 | 600 | 750 | 150 |
| | സുധ | 48000 | 600 | 750 | 150 |
| സ്വർണ്ണഞ്ജലി | ജ്യോതി | 45000 | 450 | 750 | 300 |
| | സലാഹുദ്ധീൻ | 60000 | 600 | 750 | 150 |
| ബ്ലോക്ക് റിസോർസ് സെന്റർ എസ് എസ് കെ | പ്രമോദ് കുമാർ | 69253 | 600 | 750 | 150 |
| | പ്രജിഷ വാഴയിൽ | 69000 | 600 | 750 | 150 |
| | ഇന്ദിര | 59550 | 450 | 750 | 300 |
| പി എച്ച് സി പെരിങ്ങളം | ഷീബ പി | 56362 | 450 | 750 | 300 |
| സിഗ്മ മോട്ടോർസ് | ഷീബ കെ | 61398 | 600 | 750 | 150 |
| | സനിഷ ശാന്തി | 62000 | 600 | 750 | 150 |
| സബ് പോസ്റ്റ് ഓഫീസ് പാനൂർ | ആൻസി | 64507 | 600 | 750 | 150 |
| പാനൂർ സർവീസ് സഹകരണ ബാങ്ക് | വിനോദൻ പി | 57000 | 450 | 750 | 300 |
| | പവിത്രൻ പി | 54000 | 450 | 750 | 300 |
| | സച്ചിൻ ഒ | 57000 | 450 | 750 | 300 |
| എം ഇ സി എഫ് കോളേജ് ഓഫ് ടീച്ചർ | ബേബി ഷിജിന | 46000 | 450 | 750 | 300 |
| | റഹീസ | 46000 | 450 | 750 | 300 |
| | അമാന | 61000 | 450 | 750 | 300 |

| | | | | | |
|---|---|---|---|---|---|
| എഡ്യൂക്കേഷൻ | നിഷാദ് | 38500 | 300 | 600 | 300 |
| | റജില | 28500 | 180 | 450 | 270 |
| എലാങ്കോട് ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | പ്രിൻസി ടി പി | 60663 | 600 | 750 | 150 |
| | | | | ആകെ | 5070 |

കൂടാതെ അഹല്യ ഫിൻ ഫോറെക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഇരു പാദങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഈടാക്കിയത്

| ജീവനക്കാർ | അർദ്ധ വാർഷിക വരുമാനം | അടച്ച തുക (₹) | അടവാക്കേണ്ടിയിരുന്ന തുക (₹) | കുറവ് (₹) |
|---|---|---|---|---|
| ജൂബിൻ കെ | 150000 | 1000 | 1250 | 250 |
| രമ്യ എം കെ | 150000 | 1000 | 1250 | 250 |
| നിഖിൽ | 150000 | 1000 | 1250 | 250 |
| | | | ആകെ | 750 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/16.02.26) കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്

## 1-18 തൊഴിൽ നികുതി രജിസ്റ്റർ ചട്ട പ്രകാരം തയ്യാറാക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറി, 8-ാംചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചിട്ടുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്.

സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.ഡിമാൻഡ് ചെയ്യപ്പെട്ട സ്ഥാപനങ്ങളെ വാർഡ് തിരിച്ചിട്ടുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല

2.സ്ഥാപനങ്ങൾ ഫോറം 4-ൽ സമർപ്പിച്ച ജീവനക്കാരുടെ പേര്,അർദ്ധ വാർഷിക വരുമാനം, നിർണയിച്ച തൊഴിൽ നികുതി എന്നിവ ഡിമാൻഡ് രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല

3. തൊഴിൽ നികുതി അടവ് തുക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേരിൽ വരവ് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/16.02.26) രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതാണെന്ന് മറുപടി ലഭിച്ചു. ചട്ടം പാലിച്ച് രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-19 ഡിമാൻഡ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിലോ മുനിസിപ്പാലിറ്റി പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാൻഡ് നോട്ടീസ് നൽകിയ താഴെ നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ജെ എസ് എൽ കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | I II |
| 2 | പാനൂർ വനിതാ സർവീസ് കോ | I , II |

| | | |
|---|---|---|
| | ഓപ്പറേറ്റീവ് സൊസൈറ്റി | |
| 3 | അപ്പോളോ അസ്സോസിയേറ്റ്സ് | I II |
| 4 | സ്വർണ മഹൽ ജ്വല്ലറി | I II |
| 5 | നജാത്തുൽ ഇസ്ലാം യു പി സ്കൂൾ | II |
| 6 | എം ആർ എ ബേക്കറി പാനൂർ | I, II |
| 7 | പബ്ലിക് സർവീസ് വെൽഫെയർ സൊസൈറ്റി പാനൂർ | I, II |
| 8 | ബജാജ് സർവീസ് സെന്റർ പാനൂർ | I, II |
| 9 | ഒലിവു റെസ്റ്റോറന്റ് | I, II |
| 10 | ദാദാസ് റെസ്റ്റോറന്റ് | I, II |
| 11 | ഹാജറ എക്സ് റേ | I, II |
| 12 | എൽ ഐ സി പ്രീമിയം പോയിന്റ് | I, II |
| 13 | എം ആർ ബേക്കറി ആന്റ് ഫാസ്റ്റ് ഫുഡ് പുത്തൂർ റോഡ് | I, II |
| 14 | അപർണ ഗോൾഡ് ആന്റ് ഡയമണ്ട് | I, II |
| 15 | പാനൂർ ടൗൺ വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 16 | പാനൂർ ടൗൺ പീപ്പിൾ വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 17 | പുത്തൂർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ലേബർ കോൺട്രാക്ടസ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I , II |
| 18 | അക്ബർ ട്രാവെൽസ് | I |
| 19 | ശ്രീ ഗുരുവായൂരപ്പൻ ചിറ്റ് ഫണ്ടസ് | I,II |
| 20 | ഫൈൻ ഗോൾഡ് | II |
| 21 | മലബാർ ഹോം സെന്റർ പാനൂർ | I , II |
| 22 | ആർട്സ് കോളേജ് | II |
| 23 | സഫാരി സൂപ്പർ മാർക്കറ്റ് | I, II |
| 24 | എം ആർ എ ബേക്കറി പെരിങ്ങത്തൂർ | I, II |
| 25 | പോസ്റ്റ് ഓഫീസ് അനിയാരം | I, II |
| 26 | പെരിങ്ങളം ചാലിയ എൽ പി സ്കൂൾ | I, II |
| 27 | എം ഇ എസ് പബ്ലിക് സ്കൂൾ കരിയാട് | I, II |
| 28 | കരിയാട് വനിതാ സഹകരണ സംഘം | II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/13.02.2026) പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പിഴ ഉൾപ്പടെ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-20 ലൈസൻസ് ചുമത്തുന്നതിലെ അപാകത

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല.

എ)നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്ത വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| പാനൂർ ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | | |
| 1 | കെ രവീന്ദ്രൻ | 40/744 |
| 2 | എ കെ അബ്ദുള്ള | 40/735 |
| 3 | കെ അനിൽ കുമാർ | 40/733 |
| 4 | കെ രവീന്ദ്രൻ | 40/742 |
| 5 | കെ വി സൂപ്പി മാസ്റ്റർ | 40/750 P |
| 6 | എം രാജൻ | 40/750 N |
| 7 | സന്ദീപ് | 40/750 K |
| 8 | സജീവ് കുമാർ | 40/750 J |
| 9 | അബ്ദുൽ റഹിമാൻ | 40/750B |
| 10 | സുഷമ | 40/750 D |
| 11 | നിഷാന്ത് | 40/732 |
| 12 | ജയന്തൻ | 40/750 C |
| പെരിങ്ങത്തൂർ ഷോപ്പിംഗ് കോംപ്ലക്സ് | | |
| 13 | കുമാരൻ കണ്ടിയിൽ | 18/707 |

(ബി,).മുനിസിപ്പാലിറ്റിയിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിലെ ലൈസൻസ് രജിസ്റ്റർ ,കെ സ്മാർട്ട് ലെ ലൈസൻസ് പെൻഡിങ് റിപ്പോർട്ട് എന്നിവ പരിശോധിച്ചത് പ്രകാരം നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെ സ്മാർട്ട് പ്രകാരം ഡിമാൻഡ് ചെയ്ത ലൈസൻസ് ഫീ (₹) |
|---|---|---|---|
| 1 | 1/719 | സഹിൽ പി വി | 500 |
| 2 | 1/123, 124 | തൻവീർ എം കെ | 500 |
| 3 | 1/695 | ഹാരിസ് ചീളിൽ | 500 |
| 4 | 1/701 | സാബു സുനിൽ ബാലൻ | 500 |
| 5 | 1/287, 288 | മനോജ് കുമാർ | 500 |
| 6 | 1/135 | ദിലീപ്കുമാർ ടി എം | 500 |
| 7 | 1/1035 | മധുസൂദനൻ പി | 500 |
| 8 | 1/465 | ജിതേഷ് .എം .വി | 500 |
| 9 | 1/451 | അനീസ് | 500 |
| 10 | 1/739 | സത്യ ബാബു എം | 500 |
| 11 | 1/962 | ടി അംബുജാക്ഷി | 500 |
| 13 | 3/365/A | അബ്ദുൽസലാം മൂസ്സ | 500 |
| 14 | 4/271 | റീന ടി കെ | 500 |

| | | | |
|---|---|---|---|
| 15 | 6/370 | വിജിൽ കെ കെ | 500 |
| 16 | 10/245/A | ശ്രീജിത്ത് ഓ | 500 |
| 17 | 10/166 | ജിഗീഷ് കെ പി | 500 |
| 18 | 11/369 | പുഷ്പ പി | 500 |
| 19 | 11/153 | സതീശൻ പി | 500 |
| 20 | 11/154 | ദിവ്യ എ | 500 |
| 21 | 12/328/A | ഹരീന്ദ്രൻ എം | 500 |
| 22 | 12/16 | സാരംഗ് പി കെ | 500 |
| 23 | 13/120/E, 120/F | ശരത് കെ | 500 |
| 24 | 13/145/A | ശരത് കെ | 500 |
| 25 | 14/04 | പുഷ്പലത പി പി | 1000 |
| 26 | 15/492 | കുഞ്ഞിപക്കി ഹാജി കെ വി | 500 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (64/19.02.2026) സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് പരിധിയിൽ കൊണ്ട് വരാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മുഴവൻ വാർഡുകളിലെയും വിവരങ്ങൾ പരിശോധിച്ച് ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും റെജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ കെ സ്മാർട്ട് ൽ ലഭ്യമായ എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് രജിസ്റ്റർ, ഹോസ്പിറ്റൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഡാറ്റ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്വകാര്യ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 1/1186,1187,1188 | പുഷ്പ ടി പി | നിയോ ഡയഗ്നോസ്റ്റിക് ലാബ് |
| 2 | 1/1188 B | പുരുഷോത്തമൻ | ഡെന്റൽ കെയർ ക്ലിനിക് |
| 3 | 1/121 E | സന്ദീപ് ശിവാനന്ദൻ | ഇ എൻ ടി ക്ലിനിക് |
| 4 | 1/196, 197 | മുഹമ്മദ് നിഷാം പി കെ | ടെന്റിക് ഡെന്റൽ കെയർ |
| 5 | 1/466 | ടി മോഹനൻ | ഫീനിക്സ് ഹോമിയോ ക്ലിനിക് |
| 6 | 1/668 | ഉണ്ണികൃഷ്ണൻ ടി കെ | ഗിരിജ ഹോമിയോ ക്ലിനിക്ക് |
| 7 | 18/76,77,78 | മൻസൂർ പി കെ | ഡി കെയർ ഡെന്റൽ ക്ലിനിക് |
| 8 | 18/96,97,98 | സിദ്ധീഖ് എ കെ | ആശ്രയ പൊളി ക്ലിനിക് |
| 9 | 18/368 | സക്കറിയ എൻ പി | യുനാനി ക്ലിനിക് |
| 10 | 18/848 | ജസ്മൽ | ഫെയർ മൾട്ടി സ്പെഷാലിറ്റി |

| | | | |
|---|---|---|---|
| | | | ഡെന്റൽ ക്ലിനിക് |
| 13 | 28/198 E | രനിലേഷ് | ഡെന്റൽ ക്ലിനിക് |
| 15 | 31/169 D | അശ്വിനി പി | ഫിസിയോ തെറാപ്പി |
| 17 | 40/1039 | ഹന്നത്ത് | ഡെന്റൽ സോൺ |
| 18 | 40/616 | സയീദ് മുഹ്സിൻ | ഗ്ലോബൽ യുനാനി ക്ലിനിക് |
| 19 | 40/676,677 | നിഷാദ് | മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് |
| 20 | 40/889 | ശ്രീരാഗ് | സേഫ് ഡെന്റൽ ക്ലിനിക് |
| 21 | 40/530 | കെ ഷഹീദ് | അലോപ്പതി ക്ലിനിക് |
| 22 | 40/1063 | ഹസ്സൻ | ചൈൽഡ് കെയർ ക്ലിനിക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 63/19.02.2026,) നോട്ടീസ് നൽകി രജിസ്ട്രേഷൻ എടുപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയിട്ടുള്ള കട മുറികളിൽ നിന്നും 2024-25 വർഷം മുഴുവൻ വാടകയും ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു

| കൈവശക്കാരൻ | കെട്ടിട നമ്പർ | പ്രതിമാസ വാടക (₹) | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|
| സജീവ് കുമാർ | 40/750 J | 1200 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ |
| ഇസ്മായിൽ | 40 /750 E | 1216 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ |
| കുമാരൻ കണ്ടിയിൽ | 18/707 | 7341 | 2024 സെപ്റ്റംബർ മുതൽ 2025 മാർച്ച് വരെ |
| കെ പി അശോകൻ | 18/697 | 8785 | 2024 നവംബർ മുതൽ 2025 മാർച്ച് വരെ |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/17.02.2026) നോട്ടീസ് നൽകിയിട്ടുണ്ടെന്നും വാടക അടവാക്കാത്ത പക്ഷം റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പിഴ ഉൾപ്പെടെ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 വൈകി അടവാക്കിയ വാടകയ്ക്ക് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി

പാനൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കട മുറികൾ വാടകയ്ക്ക് നൽകുന്നതിനായി തയ്യാറാക്കിയ ബൈലോ പ്രകാരം കൈവശക്കാരൻ ഓരോ മാസത്തെ വാടക അതത് മാസം 10-ാം തിയ്യതിക്കകം അടവാക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 2% പിഴ ഈടാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിലെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വൈകി അടവാക്കിയ വാടകയ്ക്ക് പിഴ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ വാടകക്കാരന്റെ | മാസ വാടക | വാടക കുടിശ്ശിക | വാടക അടച്ച തീയതി / രസീതി നമ്പർ | ഈടാക്കേണ്ട തുക (₹) | ഈടാക്കിയ പിഴ | കുറവ് വന്ന |
|---|---|---|---|---|---|---|---|

| | പേര് | (₹) | വരുത്തിയ മാസങ്ങൾ | | | (₹) | തുക (₹) |
|---|---|---|---|---|---|---|---|
| 1 | 40/744 രവീന്ദ്രൻ | 4435 | 2024 ഡിസംബർ മുതൽ മാർച്ച് വരെ | 16/05/2025 R-M130900-25002818 | Dec 2024- 12%4435+jan 10%(4435)+feb 8%(4435)+6%(4435)=1597 | 532 | 1065 |
| 2 | 40/735 കെ അബ്ദുള്ള | 4105 | 2024 ജൂലൈ മുതൽ നവംബർ വരെ | 18/12/2024 R-M130900-24011809 | 1642 | 591 | 1051 |
| 3 | 40/742 രവീന്ദ്രൻ | 3940 | 2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ | 16/05/25 R-M130900-25002816 | 1418 | 473 | 945 |
| 4 | 40/748 കെ നിമേഷ് | 2136 | 2024 ജൂൺ മുതൽ സെപ്റ്റംബർ വരെ | 28/09/2024 R-M130900-24008175 | 427 | 171 | 256 |
| | | | 2024 നവംബർ മുതൽ 2025 മാർച്ച് വരെ | 16/05/25 R-M130900-25000116 | 1068 | 256 | 812 |
| 5 | 40/750 O സുരേഷ് കുമാർ | 1057 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ | 28/06/2025 R-M130900-25005135 | 2410 | 317 | 2093 |
| 6 | 40/750 കെ സന്ദീപ് | 1086 | 2024 ഏപ്രിൽ മുതൽ 2025 ഫെബ്രുവരി വരെ | 22/02/2025 R-M130900-24016991 | 1434 | 239 | 1195 |
| 7 | 40/750 സി ജയന്തൻ | 1150 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ | 25/04/2025 R-M130900-25001149 | 2070 | 276 | 1794 |
| 8 | 40/749 ഗോപാലൻ മാസ്റ്റർ | 1150 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ | 07/07/2025 R-M130900-25005549 | 2898 | 368 | 2530 |

കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/17.02.2026) പിഴ കണക്കാക്കിയതിൽ വന്ന പിഴവ് ബോധ്യപ്പെട്ടിട്ടുണ്ടെന്നും കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 വിവിധ ഇനങ്ങളിലെ ലേലം തുക ഈടാക്കിയില്ല

പെരിങ്ങത്തൂർ മത്സ്യ മാർക്കറ്റ്

പാനൂർ നഗരസഭാ പരിധിയിലെ പെരിങ്ങത്തൂർ മത്സ്യ മാർക്കറ്റ് നടത്തിപ്പിനായി 20/02/2024 ന് നടന്ന ലേലം ശ്രീ അശോകൻ കിളിച്ചപറമ്പത്ത് 2,95,000 (18% GST കൂടാതെ) രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്. ലേല രജിസ്റ്റർ പ്രകാരം

തുക മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

| തുക (₹) | | രസീത് നമ്പർ തിയതി |
|---|---|---|
| 116054 | AUCTION AMOUNT 98350 | R-M130900-23002014 |
| | CGST 8852 | |
| | SGST 8852 | |
| 116054 | AUCTION AMOUNT 98350 | R-M130900-24008107 27/09/2024 |
| | CGST 8852 | |
| | SGST 8852 | |
| ആകെ | | 2,32,108 |

<u>പാനൂർ,പെരിങ്ങത്തൂർ</u> <u>കംഫർട്ട്</u> <u>സ്റ്റേഷൻ</u> <u>ലേലം</u>

പാനൂർ നഗരസഭാ പരിധിയിലെ പാനൂർ,പെരിങ്ങത്തൂർ കൺഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി 02/03/2024 ന് നടന്ന ലേലം ശ്രീ റഫീഖ് കെ വി 103500 രൂപക്ക് ലേലം കൊണ്ടിട്ടുണ്ട്. ലേല രജിസ്റ്റർ പ്രകാരം തുക മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തുക (₹) | രസീത് നമ്പർ തിയതി |
|---|---|
| 34500 | R-M130900-23003222 02/03/2024 |
| 34500 | R-M130900-24004462 03/07/2024 |
| ആകെ | 69,000 |

മത്സ്യ മാർക്കറ്റ് നടത്തിപ്പിനായുള്ള ലേല തുക അടവാക്കിയതിൽ 1,15,992 (ജി എസ് ടി ഉൾപ്പടെ) രൂപയുടെ കുറവും പാനൂർ, പെരിങ്ങത്തൂർ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ലേല തുകയിൽ 34500 രൂപയുടെ കുറവും വന്നിട്ടുണ്ട്. കൂടാതെ ലേല നിബന്ധന പ്രകാരം ലേലക്കാരുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഉണ്ടാക്കണമെന്ന് വ്യവസ്ഥയുണ്ട് ആയത് ഫയലിൽ ലഭ്യമല്ല മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 77/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിഴ ഉൾപ്പടെ ഈടാക്കി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-25 ടാർ ബാരൽ വിറ്റുകിട്ടുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിക്കുന്നു

സർക്കുലർ നം 59872/എഫ്.എം/07.ത.സ്വ.ഭ.വ തീയതി 30.10.2007 പ്രകാരം ടാർ ബാരൽ വിറ്റുകിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി.ഒ(പി) നം.177/06 ധന 12.04.2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടാർ ഉപയോഗിച്ച് നടത്തുന്ന റോഡ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമൻ നിരക്കാണ് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നത് , ആയതിനാൽ പ്രവൃത്തിയുടെ ബിൽ കരാറുകാരന് അനുവദിക്കുമ്പോൾ ടാർ വീപ്പയുടെ വിലയും 18% ജി.എസ്.ടിയും കുറവ് വരുത്തിയാണ് കരാറുകാരന് തുക അനുവദിക്കുന്നത്. ഇത്തരത്തിൽ ഈടാക്കുന്ന തുകയിൽ ജി.എസ്.ടി, ടാർ വീപ്പയുടെ വില എന്നിവ നഗരസഭയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ഒടുക്കുന്നത് ( അക്കൗണ്ട് നം 799013000000228). ഉദാ. ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | വകയിരുത്തിയ ഫണ്ട് | തുക ഈടാക്കിയ ബിൽ നം/ തീയതി | ഈടാക്കിയ തുക |
|---|---|---|---|
| പ്രോജക്ട്നം. 327/25- തിരിച്ചടിമുക്ക് പി.എം.യു.പി സ്കൂൾ - നരോത്ത്കണ്ടി റോഡ് വാർഡ് 19 | മെയിന്റനൻസ് ഫണ്ട്-റോഡ് | BRN-24220747004600378784 Dtd. 04.07.2024 | ₹3808 +686 |

| | | | |
|---|---|---|---|
| പ്രോജക്ട്നം. 132/25- ചാത്തോത്ത് - കനവത്ത് റോഡ് നിർമ്മാണം | ധനകാര്യ കമ്മീഷൻ അവാർഡ് | ബിൽ നം . 523/11.03.2025 | ₹1904 + 343 |
| പ്രോജക്ട്നം. 403/25 – വയൽപ്പള്ളി വാഴയിൽ റോഡ് നവീകരണം | മെയിന്റനൻസ് ഫണ്ട് -റോഡ് | BRN-24220747004601409515 Dtd. 01.03.2025 | ₹4760 + 857 |
| പ്രോജക്ട് നം. 371/25 – കെയർ റോഡ് തൈയത്താൻ പാറേമ്മൽ മുക്ക് റോഡ് നവീകരണം | മെയിന്റനൻസ് ഫണ്ട് -റോഡ് | BRN-24220747004600512459 Dtd. 07.08.2024 | ₹1666 + 300 |
| പ്രോജക്ട് നം. 380/25 – പാനൂർ ബസ് സ്റ്റാൻഡ് - പി.കെ ജംഗ്ഷൻ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഫണ്ട് -റോഡ് | BRN-24220747004600587031 Dtd. 27.08.2024 | ₹2856 + 514 |
| പ്രോജക്ട് നം. 467/25 – പരമ്പത്ത് മുക്ക് - കിഴക്കെ മുക്ക് റീടാറിംഗ് | മെയിന്റനൻസ് ഫണ്ട് -റോഡ് | BRN-24220747004600515799 Dtd. 07.08.2024 | ₹4522 + 814 |

ജി.എസ്.ടി സർക്കാറിലേക്ക് ഒടുക്കിതിന്റെ വിവരവും, സർക്കാർ ഉത്തരവ് പ്രകാരം ഒഴിഞ്ഞ ബാരലിന്റെ തുക തിരിച്ചടച്ച് വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/16.02.2026 ന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില അതത് ഫണ്ടിൽ ഒടുക്കിയതിന്റെയും ബാരലിന്റെ ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 സ്ഥിര നിക്ഷേപം - പലിശ കുറഞ്ഞ നിരക്കിൽ ലഭിച്ചു

നഗരസഭ സ്ഥിരനിക്ഷേപമിനത്തിൽ 50,00,000 രൂപ പാനൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. (എഫ് ഡി നമ്പർ 0102111710166/13-02-2024). എഫ് ഡി രശീത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാകുന്ന തീയതിയായി സ്ഥിര നിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് 08-02-2025 ലാണ്. രജിസ്റ്റർ പ്രകാരം ലഭിക്കേണ്ട പലിശ നിരക്ക് 9 % രൂപയാണ്. സ്ഥിര നിക്ഷേപം 23-05-2025 ൽ പിൻവലിച്ച് കനറബാങ്ക് പാനൂർ ശാഖ അക്കൗണ്ട് നമ്പർ 110161772234 ൽ നിക്ഷേപിച്ചിട്ടുണ്ട്. ഇത് പ്രകാരം പലിശയുൾപ്പടെ ലഭിച്ച ആകെ തുക 55,47,055 രൂപയാണ്. സ്ഥിര നിക്ഷേപത്തിന് 9% പലിശ കണക്കാക്കിയാൽ താഴെ പറയും പ്രകാരം പലിശ ലഭിക്കേണ്ടതാണ്.

| | | |
|---|---|---|
| 13-02-2024 To 12-02-2025 | 50,00,000x9%/ Year | 450000 |
| 13-02-2025 To 23-05-2025 | 50,00,000x9%/ 100days/365 | 123288 |
| ആകെ | | 5,73,288 |
| 13-02-2024 മുതൽ 23-05-2025 വരെ ലഭിച്ച പലിശ | | 5,47,055 |
| വ്യത്യാസം | | 26,233 |

പലിശ നിരക്കിൽ 26,233 രൂപയുടെ കുറവ് വന്നതിന് കാരണം അറിയിക്കുന്നിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/13-02-2026) മറുപടി ലഭിച്ചിട്ടില്ല. പലിശ കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണ്.

## 1-27 പെൻഷൻ തുക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

File No. 863108-2024

തലശ്ശേരി നഗരസഭയിൽ നിന്നും ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ 30-04-2024 ന് വിരമിച്ച ശ്രീ ബാബു വി പി എന്നവർക്ക് പാനൂർ നഗരസഭയിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നത്. 01-05-2024 മുതൽ 27779/-രൂപ അടിസ്ഥാന പെൻഷനാണ് അനുവദിക്കേണ്ടത്. (30/07/2024 ലെ തദേശ സ്വയം ഭരണ വകുപ്പ് നഗര കാര്യ ഡയറക്ടറുടെ എൽ എസ് ജി ഡി/പി ഡി /19592/2024 /പെൻ എ 5 നമ്പർ ഉത്തരവ്) എന്നാൽ 27799 രൂപ അടിസ്ഥാന പെൻഷനും അതിന്റെ ക്ഷാമാശ്വാസവുമാണ് നാളിതുവരെ അനുവദിച്ച് വരുന്നത്. ഇത് കാരണം പ്രതിമാസം 20 രൂപയും അതാത് കാലത്തെ ക്ഷാമാശ്വാസവും അധികമായി അനുവദിച്ചിട്ടുണ്ട്. തദേശ സ്വയം ഭരണ വകുപ്പ് നഗര കാര്യ ഡയറക്ടറുടെ ഉത്തരവിലും അധികം പെൻഷൻ അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/10-02-2026) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക – അധികം അനുവദിച്ചു

File No. 863108-2024

ചെക്ക് നമ്പർ തീയതി തുക- 185809/08-04-2025 ₹79957

പാനൂർ നഗരസഭയിൽ നിന്ന് വിരമിച്ച ശ്രീ സതീശൻ പി കെ എന്നവർക്ക് ജി ഒ (പി) 15/2025/ധന തീയതി 12.02.2025 നമ്പർ ഉത്തരവ് പ്രകാരം പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശികയുടെ (07/2019 മുതൽ 03/2021 വരെ) അവസാന ഗഡു 34514/- രൂപ അനുവദിച്ചിട്ടുണ്ട്. ആകെ കണക്കാക്കിയ പെൻഷൻ പരിഷ്കരണ കുടിശ്ശിക 138056 രൂപയാണ്. അതിന്റെ ആദ്യ മൂന്ന് ഗഡുക്കൾ 103542 രൂപ ചെക്ക് നമ്പർ തീയതി 021643/17-08-2021 പ്രകാരം അനുവദിച്ചിട്ടുണ്ട്. അവസാന ഗഡുവാണ് മേൽ വൗച്ചർ പ്രകാരം അനുവദിച്ചത്. ജി ഒ (പി) 25/2021/ധന, തീയതി 08.02.2021 നമ്പർ ഉത്തരവ് പ്രകാരം ക്ഷാമാശ്വാസം 01/2019 മുതൽ 03/2021 വരെ 35760 രൂപ കണക്കാക്കുകയും ആയതിന്റെ രണ്ട് ഗഡുക്കൾ 17,880 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ( ചെക്ക് നമ്പർ തിയതി 5577755/10-05-2021) ഇത് പ്രകാരം ജീവനക്കാരന് പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിന്റെ ഡ്യൂ ഡ്രോൺ കണക്കാക്കിയതിൽ താഴെ പറയുന്ന അപകാങ്ങളുണ്ട്.

| കാലയളവ് | ഡ്യൂ ആയി കണക്കാക്കേണ്ട ക്ഷാമാശ്വാസം | ഡ്രോൺ ആയി കണക്കാക്കിയ ക്ഷാമാശ്വാസം | വ്യത്യാസം |
|---|---|---|---|
| 01-07-2019 മുതൽ 31-12-2019 വരെ | 12423x28%= 3478 | 12423x20%= 2485 | 993x6=5958 |
| 01-01-2020 മുതൽ | 12423x32%= 3975 | 12423x20%= 2485 | 1490x6=8940 |

| | | | |
|---|---|---|---|
| 30-06-2020 വരെ | | | |
| 01-07-2020 മുതൽ 31-03-2021 വരെ | 12423x36%= 4472 | 12423x20%= 2485 | 1987x9=17883 |
| ആകെ | | | 32781 |

പെൻഷനർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക അനുവദിച്ചതിൽ ജി ഒ (പി) 25/2021/ധന, തീയതി 08.02.2021 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക പരിഗണിക്കാത്തത് കാരണം 32781 രൂപ അധികം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ക്ഷാമബത്ത കുടിശ്ശിക 2 ഗഡുക്കൾ മാത്രം അനുവദിച്ചതിനാൽ 16391 രൂപ അധികം നൽകിയിട്ടുണ്ട്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/10-02-2026) അധികം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിലെ അപാകങ്ങൾ - 29,612 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ 194531/15-02-2025 ₹414243

ഫയൽ നമ്പർ 1494785/2024

നഗരസഭ പരിധിയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി അനുവദിക്കുന്നസമയത്ത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായ 418428 രൂപയിൽ നഗരസഭയുടെ 1% കമ്മിഷൻ കഴിച്ച് 414243 രൂപ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. തുക ഒടുക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1-ശ്രീ മൈസൻ (Mysen) (കെട്ടിട നമ്പർ 26/373A) എന്ന കെട്ടിട ഉടമയുടെ ക്ഷേമനിധി വിഹിതമിനത്തിൽ 29,612 രൂപ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കിയതായി രേഖപ്പെടുത്തിയ രശീത് നമ്പർ R-M130900-24006127 തീയതി 24-08-2024 ആണ്. എന്നാൽ ശ്രീ നവാസ് കെ എന്നിവരുടെ ബിൽഡിംഗ് കൺസ്ട്രക്ഷൻ ഫീസ് ഇനത്തിലുള്ള തുകയാണ് പ്രസ്തുത രശീത് പ്രകാരം വരവിലെടുത്തത്. ശ്രീ മൈസൻ (Mysen) എന്ന കെട്ടിട ഉടമയിൽ (കെട്ടിട നമ്പർ 26/373A) നിന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയതിന്റെ രശീത് നമ്പർ തീയതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2- ഒക്കുപ്പൻസി അനുവദിക്കുന്നസമയത്ത് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ തൻവർഷം എത്ര തുക ഈടാക്കിയിട്ടുണ്ടെന്നും പ്രസ്തുത തുകയിൽ എത്ര തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയിട്ടുണ്ടെന്നും, തുകകൾ ഏത് ശീർഷകത്തിലാണ് വരവ് ചേർത്തത് എന്നും വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/18-02-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 29,612 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 മഴക്കാലപൂർവ്വശുചീകരണം വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ 1218156-2024

ചെക്ക് നമ്പർ/തീയതി തുക –030263/30-05-2024 ₹4,00,000

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് 10000 രൂപ വീതം (40*10000= 400000 )നഗര സഭ വിഹിതം കൈമാറിയിട്ടുണ്ട് തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10-02-2026) മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കുടിവെള്ള വിതരണം രേഖകൾ ലഭ്യമാക്കിയിട്ടില്ല 8,78,162 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഫയൽ നമ്പർ 1222308-2024

ചെക്ക് നമ്പർ/തീയതി/തുക -030287/04-07-2024/ ₹2,95,599

ചെക്ക് നമ്പർ/തീയതി/തുക -MB1455023/02-08-2024/ ₹5,82,563

ആകെ ₹8,78,162

നഗരസഭ പരിധിയിൽ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം 12-04-2024 മുതൽ 30-04-2024 വരെ വിതരണം ചെയ്തയിനത്തിൽ കരാറുകാരനായ ശ്രീ പ്രകാശൻ എന്നായാൾക്ക് കിലോ മീറ്ററിന് 58 രൂപ നിരക്കിൽ 5148.02 കിലോ മീറ്ററിന് 298585 രൂപ കണക്കാക്കി. ആദായ നികുതി ഇനത്തിൽ (1 ശതമാനം) 2986 രൂപ കിഴിച്ച് ബാക്കി 2,95,599 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 01-05-2024 തീയതി മുതൽ 31-05-2024 തീയതി വരെ (58x10075.44 കിമി) 5,84,375.52 രൂപയിൽ ആദായനികുതിയിനത്തിൽ 1% തുക (5844 രൂപ) കുറവ് ചെയ്ത് 578531 രൂപ കരാറുകാരനും, കൂടാതെ, കുടിവെള്ള വിതരണം നടത്തുന്നതിന് കൊട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള വിൻഡോ പരസ്യം കേരള കൗമുദി പത്രത്തിൽ നൽകിയ വകയിൽ സ്ഥാപനത്തിന് 4032 രൂപയും ഉൾപ്പടെ ആകെ 8,78,122 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക വിനിയോഗവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1- കുടിവെള്ള വിതരണം സംബന്ധിച്ച ടെണ്ടർ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2- 12-04-2024 മുതൽ 30-04-2024 വരെ കുടിവെള്ള വിതരണം ചെയ്ത വാഹനങ്ങളുടെ ജി പി എസ് ലോഗ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ജി ഒ (ആർ ടി ) 405/2024/ത.സ്വ.ഭ.വ തീയതി 19-02-2024 കാണുക)

3- 12-04-2024 മുതൽ 31-05-2024 വരെ കുടിവെള്ള വിതരണം ചെയ്ത വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (47/18-02-2026) ന് മറുപടി ലഭിച്ചിട്ടില്ല. അപാകങ്ങൾ കാരണം 8,78,162 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 മാലിന്യമുക്ത നവകേരളം മുൻകൂർ ക്രമീകരിച്ചിട്ടില്ല. 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ തീയതി തുക 194538/17-02-2025 ₹50000

ഫയൽ നമ്പർ - 313315-2025

മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായ പരിപാടികളുടെ നടത്തിപ്പിന് ആവശ്യമായ തുക ചെലവഴിക്കുന്നതിന് ശ്രീ. രജിത്ത് കുമാർ ഹെൽത്ത് ഇൻസ്പെക്ടർക്ക് 50000 രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (80/23-02-2026) മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ബാങ്ക് റി കൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് ഇനത്തിൽ കാണിച്ച വൻതുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റി കൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്ന ശീർകത്തിൽ കാണിച്ചിട്ടുള്ള തുകകളുടെ വിശദാംശം റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| ബാങ്ക് അക്കൗണ്ട് | ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് | ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് |
|---|---|---|
| കാനറ ബാങ്ക് ഓൺ ഫണ്ട് | 0 | 67,15,199 |
| കെ എൽ ജി ബി | 10000 | 0 |
| കെ ജി ബി PFMS | 1,06,03,951 | 1000 |
| എസ് ബി ഐ എം പി ഫണ്ട് | 269 | 52,32,530 |
| എസ് ബി ഐ ഓൺലൈൻ പേയ്മെന്റ് | 1,43,691 | 0 |
| എസ് ബി ഐ-പെൻഷൻ | 0 | 91,480+1,250 |
| എസ് ബി ഐ-PMAY | 1,08,07,411 | 0 |
| എസ് ബി ഐ- സാലറി | 0 | 49,666 |
| സൗത്ത് ഇന്ത്യൻ ബാങ്ക് കാർഡ് പേയ്മെന്റ് | 0 | 40,27,940 |

| | | |
|---|---|---|
| ആകെ | 21565322 | 16119065 |

മേൽ അക്കൗണ്ടുകളിൽ നിന്നും ഡയറക്ടലി ഡെബിറ്റഡ് ബൈബാങ്ക്, ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് കളക്ടഡ് എന്നീ ശീർഷകത്തിലെ തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക് ഇവ തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനായി 1,06,03,951 രൂപ ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് (ഓൾഡ്) എന്ന് കാണിച്ച് ബാങ്ക് ബുക്ക് ബാലൻസിൽ നിന്നും മേൽ തുക കുറവ് ചെയ്താണ് പാസ് ബുക്ക് ബാലൻസിൽ എത്തിച്ചേരുന്നത്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ മേൽ അക്കൗണ്ടിൽ നിന്നും 1,06,03,951 രൂപ എങ്ങിനെ കുറവ് വന്നു എന്ന് വിശദമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ എസ് ബി ഐ PMAY ഫണ്ടിൽ നിന്നും 1,08,07,411 ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന് കാണിച്ച് കുറവ് ചെയ്തിട്ടുണ്ട്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ ഇപ്രകാരം ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന് കാണിച്ച് റികൺസിലിയേഷൻ പത്രികയിൽ കുറവ് ചെയ്ത തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ഇനത്തിൽ മേൽകാണിച്ച വിവിധ അക്കൗണ്ടുകളിലായി ആകെ 21565322 ബാങ്ക് കുറവ് ചെയ്തിട്ടുണ്ട്. മേൽ തുകകൾ ഏത് കാലയളവിൽ ഏതിനത്തിൽ കുറവ് ചെയ്തതാണ് എന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്ന ഇനത്തിൽ മേൽകാണിച്ച വിവിധ അക്കൗണ്ടുകളിലായി 1,6119065 രൂപ സ്ഥാപനത്തിന്റെ പാസ് ബുക്കിൽ ക്രഡിറ്റാവാത്തതായി കാണിച്ചിട്ടുണ്ട്. മേൽ ചെക്കുകൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ച വിശദാംശം കെ സ്മാർട്ടിൽ ലഭ്യമാവുന്നില്ല. സ്ഥാപനത്തിന് ലഭ്യമായ ചെക്ക് ക്രഡിറ്റാവാത്തതാണെങ്കിൽ സ്ഥാപനത്തിന് മേൽ ഇനത്തിൽ വൻതുക നഷ്ടം വരുന്നുണ്ട്. ആയതിനാൽ മേൽകാണിച്ച് വിവിധ അക്കൗണ്ടുകളിലെ 1,6119065 രൂപയുടെ ചെക്കുകൾ ഏതൊക്കെയാണ് എന്നത് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സ്ഥാപനം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-34 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല. 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

File No. 1831434-2024

MB1455031/10-09-2024₹500000

24-08-2024 ലെ നഗരസഭ കൗൺസിലിന്റെ തീരുമാന നമ്പർ 5 പ്രകാരം വയനാട് മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) പാനൂർ നഗരസഭയുടെ വിഹിതമായി 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (81/23-02-2026) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൈപ്പറ്റ് രശീതിന്റെ അഭാവത്തിൽ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 എം സി എഫ് കെട്ടിടത്തിലും പരിസരത്തും സി സി ടി വി സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല.₹1,43,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നമ്പർ, പേര് | 623/25, എം സി എഫ് കെട്ടിടത്തിലും പരിസരത്തും സി സി ടി വി സ്ഥാപിക്കൽ |
| അടങ്കൽ | ₹1,50,000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് |
| ചെലവ് | ₹1,43,400 (ബിൽ നം. 680/28.03.2025) |

എം സി എഫ് കെട്ടിടത്തിലും പരിസരത്തും സി സി ടി വി സ്ഥാപിക്കുന്നതിന് തയ്യാറാക്കിയതാണ് പ്രോജക്ട്. സയന്റിഫിക് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സി സി ടി വി (8 Camera) ടെൻഡർ മുഖാന്തിരം വാങ്ങിയിട്ടുള്ളത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) സി സി ടി വി വാങ്ങുന്നതിനായുള്ള പ്രൊക്വയർമെന്റ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കിയില്ല.

2) വാല്യേഷൻ നടത്തി സി സി ടി വി ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (55/19.02.2026) നൽകിയതിന് മറുപടിയായി, ഇസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ₹1,43,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 എം സി എഫിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ - ₹81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നമ്പർ, പേര് | 564/25, എം സി എഫിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹250000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് |
| ചെലവ് | ₹81,570 (ബിൽ നം. 589/21.03.2025) |

എം സി എഫിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി തയ്യാറാക്കിയതാണ് പ്രോജക്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി എം സി എഫിലേക്ക് 1 Steel Sorting Table (200x100x75 Cm), 20 Plastic Stool, 1 Steel Table(48”X24”X30”), 2 Steel Cabinet With 4 Fixed Shelves (78”X36”X19”), 25 Fiber Chair Armed, 1 Steel Chair Armed എന്നിവ ₹81,750 ക്ക് Kerala Artisans Development Coporation (ഇൻവോയിസ് നം. NRO/24-25/521 തീ.11.03.2025)ൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. സ.ഉ (സാധാ)നം.57/2023/എസ്.പി.ഡി തീയതി 02.06.2023 പ്രകാരം, ടി ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള തടി, സ്റ്റീൽ, ഹോസ്പിറ്റൽ, സ്മാർട്ട് ക്ലാസ്സ് റൂം ഫർണ്ണിച്ചറുകൾ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ എം സി എഫിലേക്ക് വാങ്ങിയിട്ടുള്ള Steel Chair Armed ഒഴികെയുള്ള മേൽ ഫർണിച്ചറുകൾ ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള KADCO ഉല്പന്നങ്ങൾ ഒഴികെയുള്ളവ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ ഇനങ്ങൾ വാങ്ങിയപ്പോൾ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2) വാങ്ങിയിട്ടുള്ള ഫർണിച്ചറുകൾ എം സി എഫി ൽ കൈപ്പറ്റിയതിന്റെ രേഖകൾ, എം സി എഫ് ലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) ഫർണിച്ചറുകൾ വാങ്ങുന്നതിനായുള്ള പ്രൊക്വയർമെന്റ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പ് എന്നിവ ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (54/19.02.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ ഉള്ളതിനാൽ ₹81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകൾ ലഭ്യമല്ല. ₹51,11,054 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നമ്പർ / പേര് | 567/25, റിംഗ് കമ്പോസ്റ്റ് വിതരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹54,96,527 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹46,66,594 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹30,17,999 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>ആകെ : ₹1,31,81,120 |
| ചെലവ്, ബിൽ നമ്പർ | ₹51,11,054 ധനകാര്യ കമ്മീഷൻ അവാർഡ്<br>(₹34,08,127 (528/13.03.2025)<br>₹15,18,765(618/23.03.2025)<br>₹1,84,162(670/27.03.2025)) |

റിംഗ് കമ്പോസ്റ്റ് വിതരണം പ്രോജക്ടിന്റെ ഭാഗമായി SHUDHI WASTE CONVERSION & BIO COMPOSTER BIN UNIT വടകര എന്ന സ്ഥാപനത്തിൽ നിന്ന് ആകെ 2248 റിംഗ് കമ്പോസ്റ്റ് (ഒന്നിന് ₹2030+ 12% GST നിരക്കിൽ) വാങ്ങിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ലഭിച്ചിട്ടുള്ള റിംഗ് കമ്പോസ്റ്റ് മുഴുവൻ സ്റ്റോക്കിലെടുത്തതിന്റെയും, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയ്യതി 28.5.2022 -ലെ ഖണ്ഡിക 6.8(എ) 1-ൽ ഗാർഹിക തല റിംഗ് കമ്പോസ്റ്റ് വിതരണത്തിന് ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (65/20.02.2026) നൽകിയതിന്റെ മറുപടിയോടൊപ്പം 556 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ SBM 1 ൽ ഉൾപ്പെട്ട വാർഷിക പദ്ധതിയിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്യുമ്പോൾ ഗുണഭോക്തൃ വിഹിതം വാങ്ങിക്കേണ്ടതില്ല എന്നുള്ള ശുചിത്വ മിഷൻ ഉത്തരവ് പ്രകാരമാണ് മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2024-25 വർഷത്തെ പദ്ധതിയിൽ ടി ഉത്തരവ് ബാധകമാണെന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗാർഹിക തല റിംഗ് കമ്പോസ്റ്റ് വിതരണത്തിന് ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ, 2024-25 വർഷത്തേക്ക് ഗുണഭോക്തൃവിഹിതം ഒഴിവാക്കി സബ്സിഡി നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കുകയോ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹5111054 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 സ്വിംഗിങ് ട്വിൻ ബിൻ സ്ഥാപിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല.₹5,25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നമ്പർ, പേര് | 56/25, സ്വിംഗിങ് ട്വിൻ ബിൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹5,65,000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് |
| ചെലവ് | ₹5,25,000 (ബിൽ നം. 659/25.03.2025) |

പാനൂർ നഗരസഭയിൽ പ്രധാന ഭാഗങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാനും, ശേഖരണം എളുപ്പം ആക്കാനും നഗരശുചിത്വം ഉറപ്പുവരുത്താനുമാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.
1) പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 15 Stainless Steel Swinging Twin Bin ₹5,25,000 യ്ക്ക് (ഒന്നിന് ₹29661+ 18% GST നിരക്കിൽ)The Metal Industries Ltd, Shoranur (ഇൻവോയിസ് നം. MIL/TR00151/24-25 തീ.24.03.2025)ൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. 08.11.2010 തീയതിയിലെ സ.ഉ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മതിപ്പുവില ₹1,00,000 കൂടുതൽ ആയ ചരക്ക്/സേവന വാങ്ങലുകൾ ഓപ്പൺ ടെണ്ടർ വിളിച്ചാണ് ചെയ്യേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. Swinging Twin Bin വാങ്ങിയപ്പോൾ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
2) ടെണ്ടർ നടപടികൾ ഇല്ലാതെ Stainless Steel Swinging Twin Bin തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2024-25 വർഷത്തേക്ക് വിതരണം ചെയ്യാൻ The Metal Industries Ltd, Shoranur ന് സർക്കാർ അനുമതി നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.
3) വാങ്ങൽ നടത്തിയതിന്റെ പ്രൊക്വയർമെന്റ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കിയില്ല.
4) 14 Twin Bin സ്ഥാപിച്ച നഗരസഭയിലെ സ്ഥലങ്ങളുടെ പേര് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ബാക്കിയുള്ള 1 Twin Bin സ്ഥാപിച്ചത് എവിടെയെന്ന് വ്യക്തമാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 66/20.02.2026) നൽകിയതിന് മറുപടിയായി, The Metal Industries Ltd, Shoranur കേരള സർക്കാർ പൊതുമേഖല സ്ഥാപനമായതിനാലാണ് നേരിട്ട് വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ നടപടികൾ ഇല്ലാതെ Stainless Steel Swinging Twin Bin തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2024-25 വർഷത്തേക്ക് വിതരണം ചെയ്യാൻ The Metal Industries Ltd, Shoranur ന് സർക്കാർ അനുമതി നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും, മറ്റ് രേഖകൾ ഹാജരാക്കാത്തതിനാലും ₹5,25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ബൊക്കാഷി ബക്കറ്റ് വിതരണം - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹6,24,799 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| പ്രോജക്ട് നമ്പർ, പേര് | 566/25, ബൊക്കാഷി ബക്കറ്റ് വിതരണം<br>(സ്പിൽ ഓവർ) |
| അടങ്കൽ | ₹7,16,940 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്<br>₹79,660 മറ്റുള്ളവ<br>ആകെ – ₹7,96,600 |
| ചെലവ് | ₹5,62,319 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്<br>(ബിൽ നം. 671/27.03.2025)<br>₹62,480 മറ്റുള്ളവ<br>(വൗച്ചർ നം. P-M130900-24000596, 29.03.2025)<br>ആകെ – ₹6,24,799 |

'ബൊക്കാഷി ബക്കറ്റ് വിതരണം' പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 2024-25 വർഷം 220 ബൊക്കാഷി ബക്കറ്റ് ₹6,24,799 യ്ക്ക് (ഒന്നിന് ₹2840 നിരക്കിൽ) Global Pharmaceuticals Ltd ൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) വാങ്ങൽ നടത്തുന്നതിനായുള്ള ടെണ്ടർ നോട്ടീസ്, ലഭ്യമായിട്ടുള്ള ടെൻഡറുകൾ എന്നിവ ലഭ്യമാക്കിയില്ല.

2) ലഭ്യമായിട്ടുള്ള ബൊക്കാഷി ബക്കറ്റ് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് സഹിതം ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (89/23.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹6,24,799 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 വയോജന സംഗമം - മുഴുവൻ രേഖകളും ലഭ്യമല്ല ₹92600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ, 2024-25 സാമ്പത്തിക വർഷത്തിൽ പാനൂർ നഗരസഭ വികസന ഫണ്ടിൽ (ജനറൽ) നിന്നും 1,00,000 രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ "വയോജന സംഗമം" എന്ന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുരുതരമായ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിക്കായി 92,600/- രൂപ (BRN: 24220747002801621460, തീയതി: 21-03-25) ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ബിൽ നമ്പർ / തീയതി |
|---|---|---|---|
| 46/25 | വയോജന സംഗമം | 100000, വികസന ഫണ്ട് ജനറൽ | 92600, BRN: 24220747002801621460/21-03-25 |

പാനൂർ നഗരസഭ ആഭിമുഖ്യത്തിൽ വയോജന സംഗമം പദ്ധതിക്ക് വേണ്ടി ചെലവായ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തുക (₹) | ചെലവ് ഇനം | ഇൻവോയ്സ് നം/ തീയതി (ഫയലിൽ ലഭ്യമായ Abstract പ്രകാരം) | ആർക്ക് നൽകി |
|---|---|---|---|
| 13900 | ലൈറ്റ് ആൻഡ് സൗണ്ട് | 64/26-02-25 | മുഹമ്മദ് സിനാൻ HDX ഇവെന്റ്സ് പാനൂർ |
| 49600 | റിഫ്രഷ്മെന്റ് ചെലവ് | 91/12-03-25 | ഷൈനിമോൾ |
| 26400 | ഗിഫ്റ്റ് ഐറ്റം | T915/25-02-25 | ഫാഷൻസ് ഡിസ്ട്രിബ്യൂട്ടർ തലശ്ശേരി |
| 2700 | ബാനർ | 366/25-02-25 | ഷിബിൻ ടി കെ |

പദ്ധതിയുടെ നടത്തിപ്പിലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗുണഭോക്തൃ വിതരണത്തിലെ അപാകതകൾ: വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഫാഷൻസ് ഡിസ്ട്രിബ്യൂട്ടർ, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. T915 (തീയതി: 25-02-25) പ്രകാരം 220 രൂപ നിരക്കിൽ 120 എണ്ണം 'വണ്ടർ വാപ്പറൈസർ സ്റ്റീം ഇൻഹേലർ' വാങ്ങിയതായി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ:

- വാങ്ങിയതായി പറയുന്ന ഈ സാധനങ്ങൾ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായോ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയതായോ ഉള്ള വിവരങ്ങൾ ലഭ്യമല്ല.
- ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം വ്യക്തമാക്കുന്ന വിതരണ രജിസ്റ്ററോ (Distribution Register), കൈപ്പറ്റിയവരുടെ ഒപ്പോ ഫയലിൽ ലഭ്യമല്ല.

2. പദ്ധതി നടത്തിപ്പിലെ സുതാര്യതക്കുറവ്: പദ്ധതി പ്രകാരം വയോജന സംഗമം എന്ന്, എവിടെ വെച്ച് നടന്നുവെന്നോ അതിൽ എത്രപേർ പങ്കെടുത്തുവെന്നോ വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ ഫയലിൽ ലഭ്യമല്ല. താഴെ പറയുന്ന രേഖകളുടെ അഭാവം പദ്ധതിയുടെ ആധികാരികതയെ ചോദ്യം ചെയ്യുന്നുണ്ട്:

- പങ്കെടുത്തവരുടെ ഒപ്പോടു കൂടിയ ഹാജർ പട്ടിക.
- പരിപാടിയുടെ വിശദമായ ഷെഡ്യൂൾ, നോട്ടീസ്, ഫോട്ടോകൾ.
- നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട്.

3. സർക്കാർ ഉത്തരവുകളുടെ ലംഘനം: വികസന ഫണ്ട് (Development Fund) ഉപയോഗിച്ച് വയോജനങ്ങൾക്ക് ഗിഫ്റ്റ് ഐറ്റങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലുള്ള മാർഗ്ഗരേഖകൾ (സർക്കാർ മാർഗ്ഗരേഖ (സ.ഉ. (കൈ) നം. 86/2022/LSGD, തീയതി 19/04/2022 (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) കാണുക) പ്രകാരം ഇത്തരം ചെലവുകൾ അനുവദനീയമല്ല.

4. സാമ്പത്തിക പൊരുത്തക്കേടുകൾ: പദ്ധതിയുടെ ആകെ ചിലവായ 92,600 രൂപയിൽ വൻതുകയായ ₹66,200/- രൂപയ്ക്കും (റിഫ്രഷ്മെന്റ് ₹49,600, ലൈറ്റ് ആൻഡ് സൗണ്ട് ₹13,900, ബാനർ ₹2,700) ആധാരമായ യാതൊരുവിധ അസ്സൽ വൗച്ചറുകളോ, രസീതുകളോ ഫയലിൽ ലഭ്യമല്ല. കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വൗച്ചറുകൾ ഇല്ലാത്ത പേയ്മെന്റുകൾ തികച്ചും ക്രമവിരുദ്ധമാണ്. റിഫ്രഷ്മെന്റ് ഇനത്തിൽ ഷൈനിമോൾ എന്ന വ്യക്തിക്ക് 49,600/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം. 91, തീയതി: 12-03-25). പരിപാടിയിൽ പങ്കെടുത്തവരുടെ എണ്ണം വ്യക്തമല്ലാത്ത സാഹചര്യത്തിൽ ഇത്രയും വലിയ തുക ചെലവഴിച്ചത് യുക്തിസഹമല്ല.

5. 'HDX ഇവന്റ്സ് പാനൂർ' ഇൻവോയിസ് സമർപ്പണം : ലൈറ്റ് ആൻഡ് സൗണ്ട് ഇനത്തിൽ 13,900/- രൂപയുടെ ചെലവിനായി ഹാജരാക്കിയിട്ടുള്ള 'HDX ഇവന്റ്സ് പാനൂർ' എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് (നം. 64, തീയതി: 26-02-25) തികച്ചും വ്യാജമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പ്രസ്തുത ഇൻവോയിസ് "അങ്കണവാടി കലോത്സവത്തിന്" സൗണ്ട് സിസ്റ്റം, കർട്ടൻ, കസേര, സ്റ്റേജ് ലൈറ്റ് എന്നിവ വിതരണം ചെയ്തതിനായി സമർപ്പിച്ച അതേ ഇൻവോയിസിന്റെ പകർപ്പാണ്. ഒരേ ഇൻവോയിസ് ഉപയോഗിച്ച് രണ്ട് വ്യത്യസ്ത പദ്ധതികളിൽ നിന്നും തുക മാറാൻ ശ്രമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ 92/24.02.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ 92,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പി.എം.എ.വൈ ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.എം.എ.വൈ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ഡിവിഷൻ / വാർഡ് | മുൻകൂർ കൈപ്പറ്റിയ തുക (₹) | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | അരവിന്ദൻ പി പി | 20 | 360000 | 18/03/2025 |
| 2 | ഭാസ്കരൻ പി | 7 | 360000 | 04/12/2024 |
| 3 | ലക്ഷ്മി എം | 29 | 25000 | 24/01/2019 |
| 4 | ബാബു സി കെ | 12 | 25000 | 09/02/2018 |
| 5 | വിജയൻ പി കെ | 11 | 200000 | 27/11/2023 |
| 6 | ഷെരീഫ് കെ | 23 | 360000 | 18/03/2025 |
| 7 | അശോകൻ ടി പി | 18 | 25000 | 08/03/2019 |
| 8 | ഷൈജ എ | 12 | 25000 | 29/06/2019 |
| 9 | കമല എ | 16 | 200000 | 26/10/2023 |
| 10 | ശശിന്ദ്രൻ ഇ | 5 | 200000 | 07/11/2023 |
| 11 | വിജയൻ പി പി | 11 | 280000 | 23/03/2023 |
| 12 | അശോകൻ തരിപ്പൊറന്നത | 33 | 40000 | 12/02/2024 |
| 13 | എം കെ ശ്രീലൻ | 10 | 200000 | 30/01/2025 |
| 14 | മോഹനൻ പി പി | 17 | 360000 | 29/05/2024 |
| 15 | രതീഷ് കുമാർ എം പി | 14 | 200000 | 18/02/2025 |
| 16 | ജയപ്രകാശ് കെ | 11 | 200000 | 07/03/2025 |
| 17 | സുമേഷ് | 14 | 200000 | 07/03/2025 |
| 18 | കൃഷ്ണൻ ആർ കെ | 11 | 200000 | 27/03/2025 |

ആദ്യഗഡു കൈപ്പറ്റി മൂന്ന്/നാല് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവരുടെ ഭവനനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-42 സ്വയം തൊഴിൽ സംരംഭകത്വ പദ്ധതികൾ -ചെലവ് രേഖകളുടെ അഭാവത്തിൽ ₹937500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പാനൂർ നഗരസഭ 2024-25 വർഷത്തിൽ താഴെ പറയുന്ന സ്വയം തൊഴിൽ സംരംഭകത്വ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തുക ചെലവ് ചെയ്തിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

1) 330/25: S/O വനിത സംരംഭം വ്യക്തിഗതം (അടങ്കൽ: 7,87,500, ചെലവ്: 7,87,500, വികസന ഫണ്ട് ജനറൽ). ബിൽ നമ്പർ 87/07.08.2024

2) 319/25: S/O വനിത സംരംഭം ഗ്രൂപ്പുകൾക്ക് (അടങ്കൽ: 1,50,000, ചെലവ്: 1,50,000, വികസന ഫണ്ട് ജനറൽ). ബിൽ നമ്പർ 11/09.05.2024

മേൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖ സ.ഉ. (കൈ) നം. 86/2022/LSGD, തീയതി 19/04/2022 (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ

തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്:

- ഗുണഭോക്തൃ തിരഞ്ഞെടുപ്പ്: ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത നടപടിക്രമങ്ങൾ, ഗ്രാമസഭാ/വാർഡ്സഭാ തീരുമാനങ്ങൾ, മുൻഗണനാ പട്ടിക എന്നിവ ഹാജരാക്കേണ്ടതാണ്.
- ബാങ്ക് വായ്പാ ബന്ധം: വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കിയതിന്റെ രേഖകൾ. മാർഗ്ഗരേഖ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുമായുള്ള സംയോജനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
- പരിശീലനം: സംരംഭകർക്ക് നൽകിയ സാങ്കേതിക/നൈപുണ്യ വികസന പരിശീലനങ്ങളുടെ വിശദാംശങ്ങൾ.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ: കാർഷിക/അനുബന്ധ മേഖലകളിലെ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും മുൻഗണന നൽകിയിട്ടുണ്ടോ എന്നറിയാൻ ഡി.പി.ആർ (DPR) ഹാജരാക്കേണ്ടതാണ്.
- കുടുംബശ്രീ സംയോജനം: വനിതാ സംരംഭങ്ങൾ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ചിട്ടുണ്ടോ എന്നതിന്റെ രേഖകൾ.
- മോണിറ്ററിംഗ് രേഖകൾ: വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്തതിന്റെ മിനിട്സും റിപ്പോർട്ടുകളും.

മേൽപ്പറഞ്ഞ പ്രോജക്റ്റുകളുടെ ഫയലുകൾ, ട്രഷറി ബില്ലുകൾ, ക്യാഷ് ബുക്ക്, വൗച്ചറുകൾ, ഗുണഭോക്തൃ ലിസ്റ്റ്, വായ്പാ അനുമതി പത്രങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 88/23-02-2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ ചെലവ് രേഖകളുടെ അഭാവത്തിൽ ₹937500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 എസ്.എസ്.കെ വിഹിതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ, പേര് | 60/25, എസ്.എസ്.കെ വിഹിതം നൽകൽ |
| അടങ്കൽ | ₹20,00,000-വികസന ഫണ്ട് ജനറൽ |
| ചെലവ്, ബിൽ നമ്പർ/തീയതി | ₹20,00,000-വികസന ഫണ്ട് ജനറൽ<br>BRN: 24220747003900699151/24/09/2024 |

പാനൂർ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതി വിഹിതം നൽകിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ അധികാര വികേന്ദ്രീകരണ നയപ്രകാരം, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ 40% 'സംസ്ഥാന വിഹിതം' (State Share) കണ്ടെത്തേണ്ടത് അതത് തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പാനൂർ നഗരസഭയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ അക്കാദമിക്-ഭൗതിക നിലവാരം ഉയർത്തുക എന്നത്, അധികാര വികേന്ദ്രീകരണത്തിലൂടെ നഗരസഭയ്ക്ക് ലഭിച്ച നിയമപരമായ ഉത്തരവാദിത്തമാണ്. പരിശോധനയിൽ ലഭ്യമായ രേഖകൾ പ്രകാരം നഗരസഭയുടെ ബാധ്യത [സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ LSGI വിഹിതം നൽകുന്നതിൽ] താഴെ പറയുന്ന വിധമാണ്.

| ക്രമ നമ്പർ | ഇനം | തുക (₹) |
|---|---|---|
| 1 | മുൻ വർഷങ്ങളിലെ കുടിശ്ശിക (Arrears B/F) | 1,01,78,287 |
| 2 | 2024-25 വർഷത്തെ വിഹിതം | 33,56,325 |
| 3 | ആകെ നൽകേണ്ട ബാധ്യത (Total Liability) | 1,35,34,612 |
| 4 | 2024-25 ൽ പദ്ധതി നമ്പർ 60/25 പ്രകാരം അടച്ച തുക | 20,00,000 |
| 5 | ബാക്കി നിൽക്കുന്ന കുടിശ്ശിക (Net Outstanding) | 1,15,346,12 |

ആകെ ബാധ്യതയുടെ 75.22% തുകയും (₹1.01 കോടി ) മുൻകാല കുടിശ്ശികയാണ്. 2024-25 വർഷം, നഗരസഭ ₹20,00,000 വിഹിതം നൽകിയിട്ടുണ്ട്

2. ഭാഗികമായി നൽകിയ 20 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (UC) മാത്രം അടിസ്ഥാനമാക്കി പദ്ധതി പുരോഗതി വിലയിരുത്തുന്നത് ഉചിതമല്ല. 1.05 കോടി രൂപയുടെ ഫണ്ട് കമ്മി, പദ്ധതിയുടെ ഗുണനിലവാരത്തെയും ലക്ഷ്യങ്ങളെയും എപ്രകാരം ബാധിച്ചു എന്നുള്ളത് വ്യക്തമല്ല.

3. സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ സ്റ്റാറ്റ്യൂട്ടറി വിഹിതം മുഴുവനായും ഒടുക്കു വരുത്താത്ത നഗരസഭ, ഷെഡ്യൂൾ B12 (Investments): B/S കോഡ് നമ്പർ 4208001 പ്രകാരം 43897643 രൂപ (4.38 കോടി രൂപ) ഫിക്സഡ് ഡിപ്പോസിറ്റായി (Fixed Deposit) നഗരസഭയുടെ പേരിൽ യഥാർത്ഥത്തിൽ കൈവശം വെച്ചിരുന്നു എന്ന് നഗരസഭയുടെ 2024-25 ബാലൻസ് ഷീറ്റിൽ വ്യക്തമാണ്. ഷെഡ്യൂൾ B17 (Cash & Bank) പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 15.32 കോടി രൂപ (153201968 രൂപ) നീക്കിയിരിപ്പും നഗരസഭക്ക് ഉണ്ടായിരുന്നു.

4. AFS-ലെ ഷെഡ്യൂൾ B8 (Other Liabilities) പരിശോധിച്ചപ്പോൾ, പെൻഷൻ ബാധ്യതകൾ മുതൽ കരാറുകാർക്ക് നൽകാനുള്ള തുകകൾ വരെ 46 ഇനങ്ങളിലായി 1.34 കോടി രൂപയുടെ ബാധ്യതകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 1.05 കോടി രൂപയുടെ എസ്.എസ്.കെ ബാധ്യത ഈ പട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല.
5. ഷെഡ്യൂൾ B14-ൽ "Receivables From Government (Redemption Amount)" എന്ന പേരിൽ 6.09 കോടി രൂപ (60995534 രൂപ) രേഖപ്പെടുത്തിയിട്ടുണ്ട്.
ഇത് നഗരസഭയ്ക്ക് ചെലവഴിക്കാൻ കഴിയാതെ ട്രഷറി തിരിച്ചെടുത്ത (Resumed Funds) തനതു ഫണ്ട് തുകയാണ്. കൂടാതെ, 2023-24 ൽ മാത്രം 1.36 കോടി രൂപ (വികസന ഫണ്ട് ജനറൽ ഇനത്തിൽ) വിനിയോഗിക്കാതെ ലാപ്സായി പോവുകയും ചെയ്തിട്ടുണ്ട്.

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ എസ്.എസ്.കെ വിഹിതം വകയിരുത്തുന്നതിലെ വീഴ്ചകളും, ബാലൻസ് ഷീറ്റിലെ അപാകതകളും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/11-02-2026) (ഖണ്ഡിക 1 മുതൽ 6 വരെ) പരാമർശത്തിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-44 പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് വിഹിതം കൈമാറൽ തുടർ പ്രവർത്തന വിവരം ലഭ്യമല്ല 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 680/25, പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് വിഹിതം |
| അടങ്കൽ | ₹10,00,000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹10,00,000 ബിൽ നമ്പർ : 494/7-3-2025 |

പ്രിൻസിപ്പൽ ഡയറക്ടർ (അർബൻ)-ന്റെ 14.03.2024 തീയതിയിലെ LSGD/PD/5562/2024-DPLD4 മാർഗ്ഗനിർദ്ദേശ പ്രകാരം പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി ഒരു സെന്ററിന് 10 ലക്ഷം രൂപ വെച്ച് ബന്ധപ്പെട്ട അർബൻ പി.എച്ച്. സി.യുടെ എച്ച്.എം.സി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ടതുണ്ട് എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം 10 ലക്ഷം രൂപ അർബൻ പി എച്ച് സിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട പോളിക്ലിനിക്കുകൾ സ്ഥാപിച്ചതിന്റെ വിവരം, മേൽ ക്ലിനിക്കുകളിൽ ഏതൊക്കെ വിഭാഗത്തിലെ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 48/19-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - രേഖകൾ ലഭ്യമല്ല ₹12,19,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / | 682/25, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും |

| | |
|---|---|
| പേര് | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹12,19,000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹12,19,000 ബിൽ നമ്പർ : 573/19-3-2025 |

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയിൽ അർബൻ പി എച്ച്.സി ക്ക് അനുവദിക്കേണ്ട ലാബ് ഫണ്ട് ഇനത്തിൽ 1219000 /-രൂപ മേൽ ബിൽ പ്രകാരം അർബൻ പി എച്ച് സിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലാബ് ഉപകരണങ്ങൾ വാങ്ങിയതും ലാബ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയതും സംബന്ധിച്ച വിശദാംശങ്ങൾ കെ സ്മാർട്ടിൽ ലഭ്യമല്ല. ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക അനുവദിക്കുന്നതിനാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ തുക അർബൻ പി എച്ച് സിക്ക് കൈമാറിയതിന് ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ, പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങൾ, ടെസ്റ്റുകൾ നടത്താൻ വേണ്ടി ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിച്ച രേഖകൾ എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/19-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹12,19,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-46 40 വാർഡുകളിലും 500 മീറ്റർ തെരുവ് വിളക്ക് ലൈൻ വലിക്കൽ വിനിയോഗ വിവരം ലഭ്യമല്ല ₹20,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 477/25, 40 വാർഡുകളിലും 500 മീറ്റർ തെരുവ് വിളക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | ₹20,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹228691 ബിൽ നമ്പർ : 446/18-2-2025<br>₹1771309 ബിൽ നമ്പർ : 597/21-3-2025<br>ആകെ ₹20,00,000 |

40 വാർഡുകളിലും 500 മീറ്റർ തെരുവ് വിളക്ക് ലൈൻ വലിക്കൽ എന്ന പദ്ധതിയിൽ പാനൂർ മുൻസിപ്പാലിറ്റിയിലെ 27,29,32 വാർഡുകളിൽ ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി ചൊക്ലിയിൽ നിന്ന് ലഭ്യമാക്കിയ 228691 രൂപയുടെ എസ്ററിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹228691 കെ എസ് ഇ ബി ചൊക്ലിയുടെ അക്കൗണ്ടിലേക്കും വാർഡ് 12 മുതൽ 37 വരെ വാർഡുകളിൽ 12.333 കി.മീ ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി പെരിങ്ങത്തൂരിൽ നിന്നും 3150614 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ₹1771309 കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കെഎസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ തലശ്ശേരിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ, ₹20,00,000 യുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 52/19-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 20 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 സ്കൂൾ, അംഗൻവാടി, ഡിസ്പൻസറി എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കൽ - രേഖകൾ ലഭ്യമല്ല - 3195100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 483/25(SO), സ്കൂൾ അംഗൻവാടി, ഡിസ്പൻസറി എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിന് |
| അടങ്കൽ | ₹50,00,000 ,കോർപ്പറേഷൻ ഗ്രാന്റ് |
| ചെലവ് | ₹1436000, വൗച്ചർ നമ്പർ P-M130900-24000121/28-8-2024<br>₹1759100 വൗച്ചർ നമ്പർ : P-M130900-24000395/30-1-2025<br>ആകെ ₹31,95,100 |

സ്കൂൾ, അംഗൻവാടി, ഡിസ്പൻസറി എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിന് പ്രൊജക്ട് നമ്പർ 380/22 പ്രകാരം ടെണ്ടർ ക്ഷണിച്ച് ലഭ്യമായ അഞ്ച് ടെണ്ടറുകൾ സ്പെസിഫിക്കേഷൻ, വാറണ്ടി എന്നിവ തൃപ്തികരമല്ലാത്തതിനാൽ ടെണ്ടർ നിരസിച്ച് 4-1-2023-ന് ഇ ടെണ്ടർ ക്ഷണിച്ച് ലഭ്യമായ 9 ടെണ്ടറുകളിൽ ആർക്കും മാനുഫാക്ചറിംഗ് ലൈസൻസ് ഇല്ല എന്നതിനാൽ ടെണ്ടർ നിരസിച്ച് റി ഇ ടെണ്ടർ ചെയ്യുകയും ലഭ്യമായ 11 ടെണ്ടറുകളിൽ L4 സ്ഥാനത്തുള്ള AXIOM AQUA SOLUTIONS, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 29-3-2023 തീയതിയിലെ 9ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. AXIOM AQUA SOLUTIONS എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 31,39000 രൂപയാണ് എന്ന് പദ്ധതിയുടെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് 2200000 ക്വാട്ട് ചെയ്ത AL Aman Business LLP എന്ന് സ്ഥാപനത്തെ ഫോൺ മുഖേനയോ ഇ മെയിൽ മുഖേനയോ കോൺടാക്ട് ചെയ്യാൻ സാധിച്ചില്ല എന്നും രണ്ട് മൂന്ന് സ്ഥാനത്തുള്ള വാട്ടർ വേൾഡ് -2990000, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് -30,80000 എന്നിവരുടെ ടെണ്ടർ വാട്ടർ പ്യൂരിഫയറിന് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉയരം ഇല്ലാത്തതിനാലാണ് തള്ളുന്നത് എന്നും ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) മേൽ പ്രൊജക്ട് പ്രകാരം വാങ്ങിച്ച വാട്ടർ പ്യൂരിഫയറിന് സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിന്റെ രേഖകൾ, ഇടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, എന്നിവ ഫയലിൽ ലഭ്യമല്ല

2) 21-22 പ്രൊജക്ട് 380/22 പ്രകാരം 12500രൂപക്ക് 120 വാട്ടർ പ്യൂരിഫയർ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടത്. 22-23 ൽ ഇടെണ്ടർ ക്ഷണിച്ചത് പ്രകാരം എത്ര എണ്ണം സ്ഥാപിക്കാനാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിരക്ക് ക്വാട്ട് ചെയ്തത് എന്ന് വ്യക്തമല്ല

3) Axiom Aqua Solutions എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സ് ലഭ്യമല്ല

4)Axiom Aqua Solutions ന് 72 സ്ഥാപനങ്ങളിൽ 89 UV-Alkaline Based Water Purifier With Stainless Steel Body സ്ഥാപിക്കാൻ 15-12-2023 ന് വർക്ക് ഓർഡർ നൽകി തുടർന്ന് 23 പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 40 വാട്ടർ പ്യൂരിഫയർ പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതിനാൽ മേൽ സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം 14,36,000രൂപ 2% IT-24339, CGST-12170. SGST-12170 എന്നിവ ബില്ലിൽ നിന്നും ഈടാക്കി അനുവദിച്ചിട്ടുണ്ട്. തുടർന്ന് വിവിധ അംഗൻവാടികൾ, ഡിസ്പൻസറികൾ സ്കൂളുകൾ ഉൾപ്പെടെ 49 സ്ഥാപനങ്ങളിൽ 49 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം 1759100രൂപയും (IT-29816, CGST-14908, SGST-14908 എന്നിവ കഴിച്ച്) നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 58 സ്ഥാപനങ്ങളിലായി 76 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ സർട്ടിഫിക്കറ്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ബാക്കിയുള്ള വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല

5) വാട്ടർ പ്യൂരിഫയറിന് ടെണ്ടർ നോട്ടിഫിക്കേഷനിൽ സ്പെസിഫൈ ചെയ്ത അഞ്ച് വർഷ വാറണ്ടി ലഭ്യമാണ് എന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല

6) നൽകിയ വാട്ടർ പ്യൂരിഫയറുകൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകളും സ്ഥാപന മേധാവിയിൽ നിന്നുള്ള കൈപ്പറ്റ് വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല

7) 31,39000 രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് മേൽ ബില്ലുകളിലായി ആകെ 3195100 രൂപ ആകെ നൽകിയിട്ടുണ്ട്. തുക അധികം നൽകിയതിന്റെ കാരണം വ്യക്തമല്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 52/19-2-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 3195100രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-48 നഗരസഭ മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം വാങ്ങൽ രേഖകൾ ലഭ്യമല്ല ₹3719076 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 479/25(SO), നഗരസഭ മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം വാങ്ങൽ |
| അടങ്കൽ | ₹5297812, വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹3719076, ബിൽ നമ്പർ : 282/6-12-2024 |
| ഫയൽ നമ്പർ | 2655813-2025 |

നഗരസഭ മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയിൽ റി സർവ്വേ നമ്പർ 81/145 ൽ പെട്ട 18.51 ആർ സ്ഥലം മുൻസിപ്പാലിറ്റി ശ്രീമതി ഫൗസിയ, ശ്രീ റഫീഖ് എന്നവരിൽ നിന്നും, റി സ നമ്പർ 81/104 ൽ പെട്ട 15.27 ആർ സ്ഥലം ശ്രീമതി ഹസീന എന്നിവരിൽ നിന്നും വാങ്ങിയിട്ടുണ്ട്. തലശ്ശേരി താലൂക്ക് തഹസിൽദാരുടെ 18-6-2024

ലെ TOTLY/1091/2023-E1 നമ്പർ ഭൂമി വില നിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം തലശ്ശേരി താലൂക്ക്, പെരിങ്ങളം അംശം അണിയാരം ദേശം റി സ നമ്പർ 81/1,(81/145,81/104) ൽ പ്പെട്ട 33.78 ആർ സ്ഥലത്തിന് ഒരു ആറിന് 1,13,421 രൂപ വില നിർണ്ണയിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമായ സൈറ്റ് പ്ലാൻ അടിസ്ഥാനത്തിൽ, മേൽസൂചിത ഭൂമിയുടെ അളവ് - (81/145) -17.96 ആർ (44.378 -സെൻറ് )-ആണ് എന്നും ആയതിന് വാലേഷൻ പ്രകാരം കണക്കാക്കിയ 20,37,042 രൂപയും (ശ്രീ:റഫീക്ക് -ന് 10,18,521 രൂപയും ശ്രീമതി :ഫൌസിയ -യ്ക്ക് 10,18,521 രൂപയും) (81/104) - 14.83 ആർ (36.644 സെന്റ്) ഭൂമിക്ക് വാലേഷൻ പ്രകാരം കണക്കാക്കിയ 16,82,034 രൂപ ശ്രീമതി: ഹസീന എന്നവർക്കും ചേർത്ത് ആകെ 37,19,076 രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) 2000-ലെ കേരള മുൻസിപ്പാലിറ്റി വസ്തു ആർജ്ജിക്കലും കൈയൊഴിയലും ചട്ടങ്ങൾ 3 ബി പ്രകാരം ഏത് ആവശ്യത്തിന് വേണ്ടിയാണോ വസ്തു ആർജ്ജിക്കുന്നത്-നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുൻസിപ്പൽ എഞ്ചിനീയർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ മേൽ പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല

2) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ 8.1 പ്രകാരം വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ പ്രസ്തുത ഭൂമി ഏത് ആവശ്യത്തിനാണോ വാങ്ങുന്നത് ആയതിന് മതിയായ ഭൂമി മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന അനുയോജ്യത സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ആവശ്യം നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ, ഫണ്ട് സ്രോതസ്സുകൾ മുതലായ വിശദാംശങ്ങൾ ഉൾപ്പെടുത്തണം എന്നും മേൽ വിവരങ്ങൾ പ്രൊജക്ടിലും ഉൾക്കൊള്ളിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനുയോജ്യത സർട്ടിഫിക്കറ്റ് തദ്ദേസ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കൺവീനർ ആയ കമ്മിറ്റി പരിശോധിച്ച് ജില്ലാതലത്തിൽ തീരുമാനമെടുത്ത് സർട്ടിഫിക്കറ്റ് നല്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അനുയോജ്യത സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയതോ സർട്ടിഫിക്കറ്റ് ലഭ്യമായതോ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) പ്രസ്തുത സ്ഥലം സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത ആധാരം, കൈമാറ്റത്തിന് ശേഷം നികുതി ഒടുക്കിയതിന്റെ രശീതി എന്നിവ ഫയലിൽ ലഭ്യമല്ല.

4) മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി പാനൂർ നഗരസഭ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നിയമോപദേശത്തിലെ പിഴവുകൾ ചുവടെ ചേർക്കുന്നു.

A) മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി പാനൂർ നഗരസഭ ഭൂമി ഏറ്റെടുക്കുന്നത് - ഒന്നാമത്തെ വസ്തുവുമായി (Item No. 1) ബന്ധപ്പെട്ട നിയമോപദേശത്തിലെ ഗുരുതരമായ പിഴവുകളും രേഖകളിലെ അപാകതകളും സംബന്ധിച്ച്.

സൂചന: 24-08-2024 തീയതിയിൽ അഡ്വ. മുഹമ്മദ് ജുനൈസ് സമർപ്പിച്ച നിയമോപദേശം.

പാനൂർ നഗരസഭയുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി പെരിങ്ങളം അംശം, അണിയാരം ദേശത്ത് ഉൾപ്പെട്ട 18.51 ആർ ഭൂമി (റീ.സർവ്വേ നമ്പർ 81/145) വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ നിയമോപദേശവും ബാദ്ധ്യതാ സർട്ടിഫിക്കറ്റും (EC) പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:

1. വസ്തുവിന് യാതൊരുവിധ ബാദ്ധ്യതകളും ഇല്ലെന്നും, ഉടമകളായ ഇല്ലത്ത് ഫൗസിയ, പൂവ്വക്കണ്ടി റഫീഖ് എന്നിവർക്ക് വിൽക്കാവുന്ന വ്യക്തമായ അവകാശം (Clear Marketable Title) ഉണ്ടെന്നും നിയമോപദേശത്തിൽ പറയുന്നു. എന്നാൽ ഇതേ റിപ്പോർട്ടിൽ തന്നെ തലശ്ശേരി കുടുംബ കോടതിയിൽ നിന്നുള്ള സ്റ്റേ ഓർഡർ (Stay Order No. F7/2021 From Family Court, Thalassery) ഹാജരാക്കാൻ കക്ഷികളോട് നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. കുടുംബ കോടതിയുടെ ഈ വ്യവഹാരം ബാദ്ധ്യതാ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിട്ടുണ്ട്. കോടതി സ്റ്റേ നിലവിലുള്ള ഒരു ഭൂമിക്ക് മേൽ വിൽപനാവകാശം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നത് നിയമപരമായി നിലനിൽക്കാത്തതാണ്.

2. 1999-ലെ ആധാരത്തിൽ (നമ്പർ 1969/99) സർവ്വേ നമ്പർ 81/1 എന്നും, എന്നാൽ അടിസ്ഥാന നികുതി രസീതിൽ 81/145 എന്നുമാണ് കാണുന്നത്. ഈ മാറ്റം വ്യക്തമാക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം/സ്കെച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്.

3. ഉടമസ്ഥാവകാശം പൂർണ്ണമായി ബോധ്യപ്പെടുന്നതിലേക്കായി, നിയമോപദേശത്തിൽ ആവശ്യപ്പെട്ടിട്ടുള്ള താഴെ പറയുന്ന മുൻ ആധാരങ്ങളുടെ അസ്സൽ/പകർപ്പുകൾ നഗരസഭ കൈപ്പറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്:

A) 1973 ലെ അസൈൻമെന്റ് ഡീഡ് (നമ്പർ 1439/73)

B) തലശ്ശേരി ലാൻഡ് ട്രിബ്യൂണലിൽ നിന്നുള്ള പർച്ചേസ് സർട്ടിഫിക്കറ്റ് (നമ്പർ 5843/1976)

C) 1985 ലെ സെറ്റിൽമെന്റ് ഡീഡ് (നമ്പർ 1210/1985)

കുടുംബ കോടതിയുടെ സ്റ്റേ ഉത്തരവ് (F7/2021), നിലനിൽക്കുന്നതിനാൽ ഒന്നാമത്തെ വസ്തു (Item No. 1) ഏറ്റെടുക്കാൻ നിലവിൽ നിയമപരമായി സാധ്യമല്ല. ഈ വ്യവഹാരങ്ങൾ പൂർണ്ണമായി തീർപ്പാക്കി ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ നിന്നും ഒഴിവാക്കിയതിന് ശേഷവും (Stay Vacated/Case Cleared), രേഖകളുടെ പൂർണ്ണത ഉറപ്പുവരുത്തിയതിന് ശേഷവും മാത്രമേ ഈ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.

B) രണ്ടാമത്തെ വസ്തുവുമായി (Item No. 2) ബന്ധപ്പെട്ട രേഖകളിലെ വ്യക്തതക്കുറവ് സംബന്ധിച്ച്.

പാനൂർ നഗരസഭയുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി പെരിങ്ങളം അംശം, അണിയാരം ദേശത്ത് ഉൾപ്പെട്ട 15.27 ആർ ഭൂമി (Item No. 2) വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ സൂചനാ നിയമോപദേശം പരിശോധിച്ചതിൽ നിന്നും പ്രസ്തുത വസ്തുവിന് നിലവിൽ ബാദ്ധ്യതകളൊന്നുമില്ലെന്ന് (Clear Marketable Title) കാണുന്നു. എങ്കിലും, ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപായി താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്.

1. 1985-ലെ സെറ്റിൽമെന്റ് ആധാരത്തിൽ (നമ്പർ 1309/85) വസ്തു ഉടമയുടെ പേര് 'ഇല്ലത്ത് ഹസീന' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും , എന്നാൽ കരം അടച്ച രസീതിൽ 'മഠത്തിൽ ഹസീന' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും നിയമോപദേശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനാൽ ഈ രണ്ട് പേരുകളും ഒരാളുടേത് തന്നെയാണെന്ന് തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള 'വൺ ആൻഡ് ദി സെയിം സർട്ടിഫിക്കറ്റ്' (One And The Same Certificate) ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. മുൻ ആധാരത്തിൽ വസ്തുവിന്റെ റീ.സർവ്വേ നമ്പർ 81/1 എന്നും, എന്നാൽ നിലവിലെ അടിസ്ഥാന നികുതി രസീതിൽ 81/104 എന്നുമാണ് കാണുന്നത്. റീ-സർവ്വേ/സബ്-ഡിവിഷൻ മൂലമുള്ള ഈ മാറ്റം വ്യക്തമാക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം/സ്കെച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. ഉടമസ്ഥാവകാശം പൂർണ്ണമായി ബോധ്യപ്പെടുന്നതിലേക്കായി, നിയമോപദേശത്തിൽ ആവശ്യപ്പെട്ടിട്ടുള്ള താഴെ പറയുന്ന മുൻ ആധാരങ്ങളുടെയും അനുബന്ധ രേഖകളുടെയും അസ്സൽ/പകർപ്പുകൾ നഗരസഭ കൈപ്പറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്:

A) 1973 ലെ അസൈൻമെന്റ് ഡീഡ് (നമ്പർ 1439/73)

B) പർച്ചേസ് സർട്ടിഫിക്കറ്റ്

C) കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകിയ പാട്ടാധാരം (നമ്പർ 1502/2005)

D) പ്രസ്തുത പാട്ടം റദ്ദാക്കിയ ആധാരം (നമ്പർ 998/2022)

പൊതുഖജനാവിൽ നിന്നും തുക ചെലവഴിച്ച് ഭൂമി ഏറ്റെടുക്കുമ്പോൾ ഭാവിയിൽ നിയമപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ രേഖകൾ അടിയന്തരമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
5) നഗരസഭ മാലിന്യ നിർമ്മാർജ്ജനത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 57/19-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കിയതിന് ശേഷം പുതുക്കിയ ലീഗൽ ഒപ്പിനിയൻ, പുതുക്കിയ കുടിക്കട സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹3719076 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 അമൃത് കുടിവെള്ള പദ്ധതിക്ക് നഗരസഭ വിഹിതം ഒടുക്കൽ വിനിയോഗ വിവരം ലഭ്യമല്ല ₹4000000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 515/25, അമൃത് കുടിവെള്ള പദ്ധതി - നഗരസഭ വിഹിതം ഒടുക്കൽ |
| അടങ്കൽ | ₹4000000 വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹ 4000000, ബിൽ നമ്പർ : 514/11-3-2025 |

അമൃത് കുടിവെള്ള പദ്ധതിക്ക് നഗര സഭ വിഹിതം ഒടുക്കൽ എന്ന പദ്ധതിയിൽ അമൃത് 2.0 പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന പദ്ധതികളുടെ നഗരസഭ വിഹിതം അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ ഇന്ത്യൻ ബാങ്ക് തൈക്കാട് ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| കുടിവെള്ള പദ്ധതി | അടങ്കൽ തുക (₹) |
|---|---|
| മീത്തലെ പറമ്പ് കുടിവെള്ള പദ്ധതി | 4580000 |

| | |
|---|---|
| പൊക്കന്നകുന്നമ്മൽ കുടിവെള്ള പദ്ധതി | 8870000 |
| പെരുവോത്ത് കുടിവെള്ള പദ്ധതി | 7880000 |
| കൊയപ്പോൻ കുളം നവീകരണം | 4100000 |
| പെരിങ്ങത്തൂർ ചിൽഡ്രൻസ് പാർക്ക് | 6250000 |
| ആകെ | 31680000 |

ആകെ അടങ്കൽ തുകയായ 31680000 രൂപയുടെ 12.5% നഗരസഭ വിഹിതം ഇനത്തിൽ 3960000 രൂപ അടവാക്കാനാണ് നോട്ട് ഫയലിൽ നിർദ്ദേശിച്ചിട്ടുള്ളത് എന്നാൽ മേൽ ബിൽ പ്രകാരം 4000000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ട്രഷറി ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അധികമായി 40000 രൂപ അടവാക്കിയതിന്റെ കാരണം വ്യക്തമല്ല. മേൽ തുക അമൃത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ, തുക കൈമാറിയതിന്റെ ട്രഷറി ബിൽ, മേൽ പദ്ധതികളുടെ പുരോഗതി വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പെരിങ്ങത്തൂർ ചിൽഡ്രൻസ് പാർക്ക് എന്ന പദ്ധതിക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭ്യമായിട്ടില്ല എന്ന് ഫയലിൽ കാണിച്ചിട്ടുണ്ട്. മേൽ പദ്ധതിക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് മുൻസിപ്പാലിറ്റിയിൽ നാളിതുവരെ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിവരം, അവയുടെ നിലവിലെ സ്ഥിതി വിവരം, പൂർത്തീകരിച്ചവയുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 58/19-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 40 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-50 എ ബി സി പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ - ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 95/25 ,എ ബി സി പദ്ധതിക്ക് നഗരസഭ വിഹിതം |
| അടങ്കൽ | ₹200000- വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹200000 ,ബിൽ നമ്പർ : 565/18-3-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രൊജക്ട് പ്രകാരം 2,00,000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിന് തുക നൽകിയതിന്റെ ട്രഷറി ബിൽ, വിനിയോഗ സാക്ഷ്യപത്രം, മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (69/20-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹ 200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 ഐ കെ എം നുള്ള നഗരസഭ വിഹിതം 2024-25 - രേഖകൾ ലഭ്യമല്ല ₹242110 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 51/25, ഐ കെ എം നുള്ള നഗരസഭ വിഹിതം 2024-25 |
| അടങ്കൽ | ₹242110 - വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹242110 ബിൽ നമ്പർ : 338/27-12-2024 |

ഐ.കെ.എം വിഹിതം നൽകുന്നതിനുള്ള മേൽ പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ₹242110 ഐ.കെ.എം.-ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ ട്രഷറി ബിൽ, ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 70/20-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹242110 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 പി എച്ച് സി ആവർത്തന ചെലവുകൾ -രേഖകൾ ലഭ്യമല്ല 1739000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 562/25 കരിയാട് അർബൻ പി എച്ച്സി യുടെ ആവർത്തന ചെലവുകൾക്ക് | 560/25,പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും പി എച്ച് സികളുടെയും കുടുംബാരോഗ്യകേന്ദ്രങ്ങളുടെയും ആവർത്തനചെലവുകൾക്ക് | 678/25,അർബൻ വെൽനസ്സ് സെന്ററുകളുടെ ആവർത്തനചെലവുകൾക്ക് |
| അടങ്കൽ | ₹2,89,000 - ഹെൽത്ത് ഗ്രാന്റ് | ₹8,67,000 -ഹെൽത്ത് ഗ്രാന്റ് | ₹25,50,000 -ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹2,89,000 ബിൽ നമ്പർ : 339/27.12.2024 | ₹4,50,000 ബിൽ നമ്പർ : 337/27.12.2024 | ₹10,00,000 ബിൽ നമ്പർ : 494/07.03.2025 |
| ഫയൽ നമ്പർ | 1713050-2024 | 233269-2025 | 596235-2025 |

കരിയാട് അർബൻ പി എച്ച് സിയുടെ ആവർത്തന ചെലവുകൾക്കായി 289000 രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അക്കൗണ്ടിലേക്ക് പ്രൊജക്ട് നമ്പർ 562/25 പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
പ്രൊജക്ട് നമ്പർ 560/25 പ്രകാരം ₹450000 സി എച്ച് സി പാനൂർ, പി എച്ച് സി പെരിങ്ങളം, പി എച്ച് സി മേക്കുന്ന് എന്നിവയുടെ അക്കൗണ്ടുകളിലേക്ക് 150000 രൂപ വീതം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്
പ്രൊജക്ട് നമ്പർ 678/25 പ്രകാരം അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം ₹10,00,000 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
തദ്ദേശസ്വയംഭരണവകുപ്പ് അർബൻ ഡയറക്ടറുടെ 14.3.2024 ലെ LSGD/PD/5562/2024-DPLD4 നമ്പർ കത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് മേൽ പ്രൊജക്ട് പ്രകാരം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മറ്റികളുടെ അക്കൗണ്ടിലേക്ക് ആവർത്തനചെലവുകൾക്കായി മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല .രേഖകൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 71/20-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1739000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി കെട്ടിടത്തിന് വാടക ഇനത്തിൽ - അപാകങ്ങൾ 176400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 561/25, ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി കെട്ടിടത്തിന് വാടക ഇനത്തിൽ |
| അടങ്കൽ | ₹264600 - ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹132300 ബിൽ നമ്പർ : 317/19-12-2024<br>₹22050 ബിൽ നമ്പർ : 394/23-1-2025<br>₹22050 ബിൽ നമ്പർ : 466/1-3-2025<br>ആകെ ₹176400 |
| ഫയൽ നമ്പർ | 1624728-2024 |

ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി കെട്ടിടത്തിന് വാടക ഇനത്തിൽ 22050 രൂപ വീതം 8 മാസത്തെ വാടക ഇനത്തിൽ ₹176400 മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. മേൽ കാണിച്ച ബില്ലുകൾ പ്രകാരം 2024 ജൂൺ മുതൽ

നവംബർ വരെയുള്ള മാസങ്ങളിലെ വാടക 132300, 2024 ഡിസംബർ മാസത്തെ വാടക 22050, 2025 ഫിബ്രവരി മാസത്തെ വാടക 22050 രൂപയുമാണ് നൽകിയത് മേൽ പദ്ധതിയുടെ കെസ്റ്റാർട്ട് ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ചെക്കുകൾ പ്രകാരവും വാടക ഇനത്തിൽ 2024-25 വർഷം തുക നൽകിയിട്ടുണ്ട്

1) ചെക്ക് നമ്പർ 030292/9-7-2024 ₹22050 (2024 മാർച്ച് മാസത്തെ വാടക)

2) ചെക്ക് നമ്പർ 030899/8-10-2024 ₹44100 (2024 ഏപ്രിൽ, മേയ് മാസത്തെ വാടക)

3) പേയ്മെന്റ് ഓർഡർ നമ്പർ CO22514438639/12-2-2025 ₹22050 (2025 ജനവരി മാസത്തെ വാടക) ആയതിൽ ക്രമനമ്പർ 1, 2 എന്നിവയിലെ തുകകൾ തനത് ഫണ്ടിൽ നിന്നും പ്രൊജക്ടിന് അപ്രൂവൽ ലഭിക്കുമ്പോൾ പിന്നീട് റിക്ലൂപ്പ് ചെയ്യാം എന്ന വ്യവസ്ഥയിൽ നൽകിയതാണ്. ക്രമ നമ്പർ 3 ലെ തുക ഹെൽത്ത് ഗ്രാന്റിൽ നിന്ന് നൽകിയതാണെങ്കിലും ആയത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

തനത് ഫണ്ടിൽ നിന്നും നൽകിയ 66150 രൂപ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇൻകം ടാക്സ് ഇനത്തിൽ 10% തുക ഇനത്തിൽ 5 മാസത്തെ വാടകയിൽ നിന്നും ഈടാക്കേണ്ട 11025 രൂപ കഴിച്ച് ബാക്കി 11025 രൂപ മാർച്ച് മാസത്തെ വാടക ഇനത്തിൽ പേയ്മെന്റ് CO32596128443 തീയതി 29-3-2025 പ്രകാരം നൽകിയതും സുലേഖ ചെലവ് പത്രിക, ഹെൽത്ത് ഗ്രാന്റ് എ സി ആർ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

കെട്ടിടത്തിന് വാടക നിശ്ചയിച്ച രേഖകൾ ലഭ്യമല്ല

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 72/21-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 174600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി പെരിങ്ങത്തൂർ, പാനൂർ, പെരിങ്ങളം, സ്ഥാപനങ്ങൾക്ക് ഫർണിച്ചർ അനുബന്ധ വസ്തുക്കൾ വാങ്ങൽ -രേഖകൾ ലഭ്യമല്ല ₹164069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 559/25, ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി പെരിങ്ങത്തൂർ, പാനൂർ, പെരിങ്ങളം, സ്ഥാപനങ്ങൾക്ക് ഫർണിച്ചർ – ആശുപത്രി അനുബന്ധ വസ്തുക്കൾ വാങ്ങൽ |
| അടങ്കൽ | ₹300000- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹164069 ബിൽ നമ്പർ : 451/21-2-2025 |
| ഫയൽ നമ്പർ | 180791-2025 |

ഹെൽത്ത് & വെൽനസ്സ് സെന്റർ കിടഞ്ഞി പെരിങ്ങത്തൂർ, പാനൂർ, പെരിങ്ങളം എന്നീ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ അനുബന്ധ വസ്തുക്കൾ വാങ്ങൽ എന്ന പദ്ധതിയിൽ മേൽ ഹെൽത്ത് & വെൽനസ്സ് സെന്ററിലേക്ക് ആവശ്യമായ ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങുന്നതിനാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടത്. ആയതനുസരിച്ച് കാഡ്കോവിന്റെ പ്രൊഡക്ടുകളുടെ ഗുണനിലവാരം പരിശോധിച്ച് കാഡ്കോവിൽ നിന്നും വാങ്ങുന്നതിനായി പ്രൊക്വയർമെന്റ് കമ്മിറ്റി ശിപാർശ ചെയ്തതായി പ്രൊജക്ടിന്റെ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് 30-12-2024 ന്റെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ച് 28-1-2025 ന് സപ്ലൈ ഓർഡർ നൽകുകയും തുടർന്ന് കാഡ്കോവിന്റെ ഇൻവോയ്സ് നമ്പർ NRO/24-25/371 Dt 5-2-2025 പ്രകാരം 19 സാധനങ്ങൾ സപ്ളൈ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) കാഡ്കോവിന്റെ മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ 19 സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കാഡ്കോവിനെ അംഗീകൃത ഏജൻസിയായി നിശ്ചയിച്ച് ബന്ധപ്പെട്ട ഉൽപന്നങ്ങളുടെ വിലനിശ്ചയിച്ച സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

2) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ബന്ധപ്പെട്ട വെൽനസ്സ് സെന്ററുകൾക്ക് നൽകിയതിന്റെയും, അവ സ്ഥാപനങ്ങളുടെ സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകൾ ലഭ്യമായിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (72/21-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹164069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-55 ജി ഐ സ് മാപ്പിംഗ് ഡാറ്റ അപ്ഡേഷൻ എ എം സി ഇനത്തിൽ പൂർത്തീകരണ വിവരം ലഭ്യമല്ല ₹179898 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 62/25, ജി ഐ എസ് മാപ്പിംഗ് ഡാറ്റ അപ്ഡേഷൻ എ എം സി ഇനത്തിൽ |
| അടങ്കൽ | ₹ 600000- വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹179898 ബിൽ നമ്പർ :356/1-1-2025 |

ജി ഐ എസ് മാപ്പിംഗ് ഡാറ്റ അപ്ഡേഷൻ എ എം സി ഇനത്തിൽ സഉ (സാധാ) നമ്പർ 2556/2018 ത സ്വഭവ 4-10-2018 അനുസരിച്ച് ജി ഐ എസ് മാപ്പിംഗ് അപ്ഡേഷൻ നടത്തുന്നതിന് അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ പ്രവൃത്തി നടത്തുന്നതിനായി നിയോഗിച്ചിട്ടുണ്ട്. ആയത് പ്രകാരം വാർഡുകളിലെ മുഴുവൻ കെട്ടിടങ്ങൾ, പൊതു ആസ്തികൾ, റോഡുകൾ ഇവയുടെ വിവരങ്ങൾ ജി ഐ എസ് മാപ്പിംഗ് സംവിധാനം വഴി ശേഖരിക്കൽ, (സർവ്വേ വിവരങ്ങൾ ഉൾപ്പെടെ കാലികമാക്കൽ), നിലവിൽ ശേഖരിച്ച ഡാറ്റ വിവരങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കൽ ജി ഐ എസ് സംവിധാനം നിലനിർത്തുന്നതിന് കിലയിൽ സപ്പോർട്ട് ഒരുക്കൽ എന്നിവയ്ക്കായി ബഹുവർഷ പദ്ധതിയായിട്ടാണ് പദ്ധതി രൂപീകരിച്ചത്. ആയതിനായി 22-11-2024 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആകെ കരാർ തുക 899490 രൂപയാണ്. ആയതിൽ 508050 + GST 91449 രൂപ 2024-25 വർഷത്തെ പദ്ധതിയിൽ നൽകാനും ബാക്കി 254230 രൂപ +GST 45761 രൂപ 2025-26 വർഷം നൽകാനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കരാറിലെ അനക്സർ എ പ്രകാരം Data Updation For The New Building 60 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാനും തുടർന്ന് ഒരുവർഷ കാലയളവിൽ Client Support For Maintaning GIS System നൽകാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കരാർ അനക്സർ ബി യിലെ Commercial Proposal For 2024-25 പ്രകാരം Data Updation For The New Bulilding In The Existing Building Assessment Register From The Year 2020-220000+18%GST=259600, Client Support For Maintaining The GIS System-288050 +18%GST=339899 രൂപയും ചേർത്താണ് 599499 രൂപ 2024-25 വർഷം നൽകേണ്ടത്. എന്നാൽ കരാർ വെച്ചതിന് ശേഷം കരാർ തുകയുടെ 20% തുക 179898 രൂപ മാത്രമാണ് 2024-25 വർഷം നൽകിയത്. Data Updation For The New Bulilding In The Existing Building Assessment Register From The Year 2020, Client Support For Maintaining The GIS System ഇനത്തിൽ അഡ്വാൻസ് തുക കഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചാൽ നൽകേണ്ട ബാക്കി തുക നൽകിയിട്ടില്ല. 2025-26 വർഷത്തേക്ക് Data Updation And AMC For Second Year -254230+18%GST=299991 നൽകേണ്ട തുക ഉൾപ്പെടെയാണ് കരാർ തുക. എന്നാൽ അഡ്വാൻസ് തുക നൽകിയതിന് ശേഷം കരാർ പ്രകാരം നടത്തേണ്ട ഡാറ്റ അപ്ഡേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടന്നതിന്റെ വിവരം ലഭ്യമല്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല കരാർ പ്രകാരമുള്ള പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018 പ്രകാരം ഐ.കെ.എം ഡെവലപ്പ് ചെയ്ത സോഫ്റ്റ് വെയറുകളുമായി ജി ഐ എസ് മാപ്പിംഗ് സംയോജിപ്പിച്ച് വിവിധ മേഖലകളിൽ ആയതിന്റെ ഗുണം പ്രയോജനപ്പെടുത്തിയതിന്റെ വിവരം, പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഏത് രീതിയിലാണ് ഉപകരിക്കുന്നതെന്നുള്ളതുമായി ബന്ധപ്പെട്ട് IKM പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്, കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ പദ്ധതിയുടെ പരിധിക്കുള്ളിൽ വരുത്തിയിട്ടുള്ളതിന്റെ വിവരം . ജി ഐ എസ് മാപ്പിംഗ് IKM സൂപ്പർ വൈസ് ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 72/21-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹179898 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-56 SC സ്വയംതൊഴിലിന് ടു വീലർ വിതരണം അപാകങ്ങൾ 476595 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 322/25, SC സ്വയംതൊഴിലിന് ടു വീലർ വിതരണം (SO) | 190/25 , ,SC സ്വയംതൊഴിലിന് ടു വീലർ വിതരണം |
| അടങ്കൽ | ₹250000 - വികസന ഫണ്ട് - SCP | ₹250000 - വികസന ഫണ്ട് - SCP |
| ചെലവ് | ബിൽ നമ്പർ :33/9-5-2024 | ₹246010 |

| | | |
|---|---|---|
| | ₹230585 | ബിൽ നമ്പർ : 403/31-1-2025 |

SC സ്വയംതൊഴിലിന് ടു വീലർ വിതരണം സ്പിൽ ഓവർ, തൻവർഷ പദ്ധതികളിലായി അഞ്ച് വനിതകൾക്ക് വീതം രണ്ട് പദ്ധതികളിലായി 10 സ്കൂട്ടർ വാങ്ങിയതിന് ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് പ്രകാരം സ്പിൽ ഓവർ പദ്ധതിയിൽ 46117രൂപ വീതവും തൻവർഷ പദ്ധതിയിൽ 49202 രൂപ വീതവും സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതിയിൽ ഹരിതദാസ്, രേഷ്മ എം, ലജിത എൻ ടി കെ, മോണിഷ, ജീന എന്നവർക്കും തൻവർഷ പദ്ധതിയിൽ ശ്രീഷ്മ കെ വി, സിൻഷ മോൾ, പ്രജിഷ കെ പി, റീഷ കെ കെ, ലിഷ്മ കെ പി എന്നീ ഗുണഭോക്താക്കൾക്കുമാണ് സബ്സിഡി അനുവദിച്ചത്. വണ്ടി വാങ്ങിയ ഗുണഭോക്താക്കളുടെ പേരിലുള്ള ടാക്സ് ഇൻവോയ്സ്, സ്വയം തൊഴിലിന്റെ വിശദാംശം വ്യക്തമാക്കുന്ന പ്രൊജക്ട് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ പേരിൽ വണ്ടി രജിസ്റ്റർചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. മേൽ പദ്ധതികളുടെ മുൻസിപ്പാലിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്വയം തൊഴിൽ സംരംഭം പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.ഗുണഭോക്താവായ ഹരിത ദാസ്എന്നവരുടെ ടുവീലർ ലൈസൻസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല, രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 79/21-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 476595 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-57 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമല്ല - 1802089 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
|---|---|---|---|
| പ്രൊജക്ട് നമ്പർ / പേര് | 329/25(SO), കെ സ്മാർട്ട് സംവിധാനം ഒരുക്കൽ - കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ | 491/25, എസ് സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 324/25(SO), എസ് സി വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | ₹710000 - വികസന ഫണ്ട്-ജനറൽ | ₹462000 - വികസന ഫണ്ട് എസ് സിപി<br>₹18000 – തനത് ഫണ്ട്<br>ആകെ – ₹480000 | ₹ 870000 - വികസന ഫണ്ട് എസ് സി പി |
| ചെലവ് | ₹201413, ബിൽ നമ്പർ : 601/22-3-2025<br>₹67137 ബിൽ നമ്പർ : 3/9-5-2024<br>₹267000 ബിൽ നമ്പർ : 2/9-5-2024<br>₹169500 ബിൽ നമ്പർ : 4/9-5-2024<br>₹4950 ബിൽ നമ്പർ : 5/9-5-2024<br>ആകെ ₹710000 | ₹322089,ബിൽ നമ്പർ : 598/21-3-2025 | ₹ 770000<br>₹ 300000 ബിൽ നമ്പർ : 30/9-5-2024<br>₹ 370000 ബിൽ നമ്പർ : 31/9-5-2024<br>₹ 100000 ബിൽ നമ്പർ : 32/9-5-2024<br>ആകെ – ₹770000 |

സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പ്രൊജക്ടുകളുടെ ഫയലുകൾ, ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (75/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1802089 (710000+322089+770000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-58 പദ്ധതി രൂപീകരണവും മോണിറ്ററിംഗും - രേഖകൾ ലഭ്യമല്ല 52393 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 485/25(SO), പദ്ധതി രൂപീകരണവും മോണിറ്ററിംഗും |
| അടങ്കൽ | ₹162035- വികസന ഫണ്ട് -ജനറൽ<br>₹50000- തനത് ഫണ്ട്<br>ആകെ – ₹212035 |
| ചെലവ് | ₹2688 വികസന ഫണ്ട് -ജനറൽ ബിൽ നമ്പർ : 140/19.08.2024<br>₹49705- തനത് ഫണ്ട്<br>ബിൽ നമ്പർ : 148/24.08.2024<br>ആകെ – ₹52393 |

പദ്ധതി രൂപീകരണവും മോണിറ്ററിംഗും എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 2688 രൂപയും തനത് ഫണ്ടിൽ നിന്നും 49705 രൂപയും (സുലേഖ ചെലവ് പത്രിക പ്രകാരം) ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ട്രഷറി ബിൽ, ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ നോട്ട് ഫയലിൽ കേരള കൗമുദിയിൽ 13-3-2024 ന് പത്ര പരസ്യം നൽകിയതിന്റെ കേരളകൗമുദിയുടെ ടാക്സ് ഇൻവോയ്സ് BLKNR00080810/13-3-2024 ലെ തുകയായ 2688 നൽകേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ടാക്സ് ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തുക കൈമാറിയതിന്റെ ട്രഷറി ബിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (78/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 52393 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-59 കാട്ടിമുക്ക് കണ്ണംവെള്ളി എലാങ്കോട് റോഡ് റീടാറിംഗ് - റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പൂർത്തികരിച്ച് അധികം ചെലവായ തുക കരാറുകാരനിൽ നിന്നും ഇടാക്കിയില്ല - ₹2,88,698 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിച്ച പ്രവൃത്തി 10.06.2020 ലെ ടെണ്ടർ പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. അജയകുമാർ സി.ടി ( എസ് എസ് കൺസ്ട്രക്ഷൻ) ക്ക് നൽകുകയുണ്ടായി. 18.03.2020 ലെ 15/ AE/ LSGD PMC 20-21 പ്രകാരം കരാർ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാർ പ്രകാരം 31.12.2020 ആയിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്തതിനാൽ 09.03.2021, 13.04.2022, 28.12.2022 എന്നീ തീയതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് അയച്ചെങ്കിലും പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 26.03.2023 ലെ E1. CMLRRP/49/20-21 നമ്പർ കത്ത് പ്രകാരം കരാർ റദ്ദ് ചെയ്ത വിവരവും ULCC കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പ്രവൃത്തി നൽകിയ വിവരവും കരാറുകാരൻ ശ്രീ. അജയകുമാർ സി.ടിയെ നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി.

പ്രവൃത്തി ULCC ഏറ്റെടുക്കുകയും 26.05.2023 ലെ 14/AE/ LID & EW പ്രകാരം കരാർ വെക്കുകയും 23.06.2023 ന് പ്രവൃത്തി പൂർത്തിയാക്കുകയും ഫൈനൽ ബിൽ തയ്യാറാക്കുകയും (എം ബുക്ക് നം. 23/22-23) ചെയ്തിട്ടുണ്ട്. ബിൽ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവത്തി മൂല്യം | 20,64,811.00 |
| ജി.എസ്.ടി 18% | 3,71,666.00 |
| ആകെ | 24,36,477.00 |
| കുറവ് വരുത്തിയ തുക (-) | |
| സി.ജി.എസ്.ടി | 20,648.00 |
| എസ്.ജി.എസ്.ടി | 20,648.00 |
| ആദായ നികുതി | 41,297.00 |
| ക്ഷേമനിധി വിഹിതം | 20,648.00 |
| ബാരൽ വില | 16,660.00 |

| | |
|---|---|
| ജി.എസ്.ടി | 2,999.00 |
| ആകെ | 1,22,900.00 |
| കരാറുകാരന് നൽകേണ്ട തുക | 23,13,577.00 |

തുക ഇതുവരെ അനുവദിച്ചിട്ടില്ല.

<u>പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകം ചുവടെ കൊടുക്കുന്നു</u>

ചെയ്നേജ് 0/450 മുതൽ 1/644 വരെയുള്ള റോഡ് റീടാറിംഗ്, കൽവേർട്ട് നിർമ്മാണം എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത്. ഇതിൽ കൽവേർട്ട് നിർമ്മാണം കരാറുകാരൻ ശ്രീ. അജയകുമാർ.സി.ടി 29.03.2023 ന് പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനായി 13.11.2024 ലെ 2ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി (പ്രോജക്ട് നം 632/25- കാട്ടിമുക്ക് കണ്ണംവെള്ളി എലാങ്കോട് റോഡ് കലുങ്ക് പ്രവത്തിക്ക് തുക അനുവദിക്കൽ) തുക അനുവദിച്ചിട്ടുണ്ട് (എം.ബുക്ക് ലം. 61/21-22). നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവത്തി മൂല്യം | 2,44,659.00 |
| ജി.എസ്.ടി 18% | 44,039.00 |
| ആകെ | 2,88,698.00 |
| കുറവ് വരുത്തിയ തുക (-) | |
| സി.ജി.എസ്.ടി | 2447.00 |
| എസ്.ജി.എസ്.ടി | 2447.00 |
| ആദായ നികുതി | 2447.00 |
| ക്ഷേമനിധി വിഹിതം | 2423.00 |
| കലക്ഷൻ ഫീ | 24.00 |
| ആകെ | 9788.00 |
| കരാറുകാരന് നൽകിയ തുക | 2,78,910.00 |

ചെക്ക് നം 145544 Dtd 21.01.2025 പ്രകാരം കരാറുകാരന് കലുങ്ക് പണിതതിന്റെ തുക നൽകിയിട്ടുണ്ട്. എന്നാൽ റിസ്ക് & കോസ്റ്റ് പ്രകാരം ULCC പൂർത്തിയാക്കിയ റോഡ് റീടാറിംഗ് പ്രവൃത്തിക്ക് അധികം ചെലവായ തുക കണക്കാക്കുയോ കരാറുകാരനായ ശ്രീ. അജയകുമാർ സി.ടിയിൽ നിന്ന് ഈടാക്കുകയോ ചെയ്തിട്ടില്ല. കലുങ്ക് പ്രവൃത്തി സമയപരിധിക്കകം പൂർത്തിയാക്കാത്തതിന് പിഴയും ഈടാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 93/24.02.2026 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹2,88,698 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. റിസ്ക് & കോസ്റ്റിൽ അധികം ചെലവായ തുകയും പിഴയിനത്തിൽ ഈടാക്കേണ്ട തുകയും ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-60 കരാറുകാരന് പ്രവൃത്തി നൽകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി പിഴയില്ലാതെ നീട്ടി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

1) പ്രോജക്ട് നം.373/25 – മാവിലാട്ട് മുക്ക് - മാവിലോത്ത് താഴെ റോഡ് ടാറിംഗ് വാർഡ് - 3

| | |
|---|---|
| കരാറുകാരൻ | ശ്രീ മുഹമ്മദ് സലീം ഇ |
| അടങ്കൽ | 4,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹3,89,894/- ( ബിൽ നം 475/04.03.2025) |
| കരാർ തുക | ₹3,55,855/- |
| കരാർ നം/ തീയതി | 04/AE/LID & E W /PMC /2022-23 Dtd. 08.04.2022 |
| സൈറ്റ് കൈമാറിയ തീയതി | 08.04.2022 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| പ്രവൃത്തി പൂർത്തീരിക്കേണ്ട തീയതി | 07.07.2022 |
| പൂർത്തീകരിച്ച തീയതി | 09.12.2024 |
| കാലതാമസം | 2 വർഷം 5 മാസം |
| എം.ബുക്ക് നമ്പർ | 01/22-23 |
| ഈടാക്കേണ്ട പിഴ | ₹10,676/- |

മേൽ പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിനാൽ 20.02.2023 തീയതിയിലെ E1/282/22 നമ്പർ കത്ത് പ്രകാരം കാരണം കാണിക്കാൻ കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകയും 30.03.2023 ന് മറുപടി ലഭ്യമാക്കുകയുമുണ്ടായി. മറുപടിയിൽ 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ കാലം തെറ്റി പെയ്ത മഴ കാരണമാണ് 2022 പ്രവൃത്തി ചെയ്യാതിരുന്നത് എന്നും 25.01.2023 ന് എഗ്രിമെന്റ് പുതുക്കുന്നതിന് അപേക്ഷ തന്നിരുന്ന എന്നും പ്രസ്തുത അപേക്ഷ അങ്ങയുടെ ഓഫീസിൽ നിന്നും കാണാതായതിന് ഞാൻ കുറ്റക്കാരനല്ല എന്നും ആയതിനാൽ ഫൈൻ ഒഴിവാക്കി എഗ്രിമെന്റ് പുതുക്കി നൽകുവാനുമാണ് അപേക്ഷിച്ചത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ നിയമപരമായ നടപടി സ്വീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 18.05.2023 ലെ കൗൺസിൽ തീരുമാനം 1/2 പ്രകാരം ഡെപ്പോസിയുടെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കരാറുകാരനെതിരെ നിയമപരമായ നടപടി സ്വികരിക്കുന്നതിനും അസിസ്റ്റന്റ് എഞ്ചീനീയറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 08.08.2023 ലെ E1/298/22 നമ്പർ ഉത്തരവ് പ്രകാരം കരാർ റദ്ദ് ചെയ്തുകൊണ്ടും താങ്കളുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെകൊണ്ട് പ്രവൃത്തി നടത്തിക്കുന്നതിനും കരാറുടമ്പടിയോട് ഒന്നിച്ച് കരാറുകാരൻ ഹാജരാക്കിയ സെക്യൂരിറ്റി തുക നഗരസഭ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനും പാനൂർ നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളിലേക്ക് ഇനി മേലിൽ സമർപ്പിക്കുന്ന ബിഡ്ഡുകൾ പരിഗണിക്കേണ്ടതില്ല എന്നും ഉത്തരവായിട്ടുണ്ട്. ഇതിന് 26.02.2024 ന് നൽകിയ മറുപടിയിൽ മേൽ ഉത്തരവ് നൽകിയതിന് ശേഷം നടന്ന 2023-24 ലെ ടെണ്ടറിൽ പങ്കെടുക്കുകയും കുണ്ടുങ്കര വയൽ - ചാലേരിത്തോട് ഫുട്പ്പാത്ത് നിർമ്മാണം എന്ന പ്രവൃത്തി ലഭിക്കുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ മാവിലാട്ട് മുക്ക് - മാവിലോത്ത് താഴെ റോഡ് ടാറിംഗ് പിഴ ഒഴിവാക്കി പ്രവൃത്തിയുടെ കാലാവധി 31.03.2024 വരെ ദീർഘിപ്പിച്ച് നൽകുകയും 18.05.2023 ലെ 1/2 കൗൺസിൽ തീരുമാനം റദ്ദാക്കി തരണമെന്നും അപേക്ഷിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ കാലാവധി 18.03.2024 ലെ കൗൺസിൽ തീരുമാനം 19/1 പിഴയില്ലാതെ 31.03.2024 വരെ ദീർഘിപ്പിക്കാൻ തീരുമാനിക്കുയാണുണ്ടായത്. എന്നാൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കാതെയാണ് പണി പുനരാരംഭിച്ചിട്ടുള്ളത് (25.11.2024 എം ബുക്ക് നം 1./22-23 പേജ് 2). പ്രവൃത്തി 31.03.2024 ന് പൂർത്തിയാക്കാത്തതിനെ തുടർന്ന് സമയം ദീർഘിപ്പിച്ച് നൽകുന്നതിന് 30.12.2024 ന് കരാറുകാരൻ വീണ്ടു അപേക്ഷ നൽകുകയും ആയത് പരിഗണിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി 24.01.2025 ലെ തീരുമാന പ്രകാരം കാലാവധി 31.01.2025 വരെ ദീർഘിപ്പിച്ച് നൽയിയിട്ടുണ്ടെന്നും പ്രവൃത്തി 2024 ഡിസംബർ മാസം പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ എഗ്രിമെന്റ് പുതുക്കി നൽകി പിഴ കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ പേമെന്റ് നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും കരാറുകാരൻ 04.02.2025-ന് അപേക്ഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ കാലാവധി 31.03.2025 വരെ പിഴ കൂടാതെ 22-02-2025 ലെ 18/1 പ്രകാരം കൗൺസിൽ തീരുമാനിക്കുകയും സപ്ലിംമെന്ററി എഗ്രിമെന്റ് പ്രവൃത്തി പൂർത്തിയായതിന് ശേഷം 25.02.2025 ന് വെക്കുകയും കരാറുകാരന് പിഴകൂടാതെ നൽകുകയുമാണുണ്ടായത്.

നിയമപരമായ രീതിയിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ സമയപരിധി ദീർഘിപ്പിച്ച് നൽകിയിട്ടും കൃത്യമായി സപ്ലിമെന്റി എഗ്രിമെന്റ് വെക്കുകയോ ചെയ്യാതെ പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിക്കുകയും പിഴ കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 08.08.2023ലെ ഉത്തരവ് നിലനിൽക്കെ പുതിയ പ്രവൃത്തികൾ ഏല്പിക്കുകയും പിഴയില്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തത് നിയമങ്ങളുടെ ലംഘനമായി കാണുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 85/23.02.2026) മറുപടി നൽകിയിട്ടില്ല. ആയതിനാൽ നിയമപരമായ പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-61 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - ₹ 1,23,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : 238/24-25 – പാലത്തായി കുന്നിൻ താഴെ കുടിവെള്ള പദ്ധതി ഖുതുബിയ്യ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| | |
|---|---|
| അടങ്കൽ : | ₹4,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് : | ₹1,23,000/- (ബിൽ നം.621/ 23.03.2025) |

പാനൂർ നഗരസഭ വാർഡ് 7 ൽ കുന്നിന് താഴെ ഭാഗത്ത് സ്ഥിതി ചെയ്യുന്ന പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ( കത്ത് നം. ഡി .3-ജനറൽ 2025 തീയതി 19.03.2025) ഡെപ്പോസിറ്റ് വർക്കിനായി ബിൽ നമ്പർ 621/23.03.2025 പ്രകാരം ₹1,23,000/- കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരാർ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വറി നം. 30/16.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 1,23,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-62 പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റിയ സാധനങ്ങളുടെ ഉപയോഗവിവരം / രേഖകൾ ലഭ്യമാക്കിയില്ല – ₹24,66,459 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

1.പ്രോജക്ട് : 397/24-25 – കരിയാട് ഫിഷ് മാർക്കറ്റ് ടോയ് ലെറ്റ് നിർമ്മാണം

| | |
|---|---|
| അടങ്കൽ : | ₹20,62,600 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് : | ₹8,72,660/- ( ബിൽ നം.522/11.03.2025 )<br>₹6,87,804/- (ബിൽ നം.652/25.03.2025) |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item – 1.013 - Dimolising R.C.C Work Manually/By Mechanical Means Including Stacking Of Steel Bars And Disposal Of Unserviceable Materials With In 50 Mtrs Lead As Per Direction Of Engineer – In – Charge.

Item -1.014 - Dismantiing Dressed Stone Work Ashlar Face Stone Work, Marble Work Or Precast Concete Work Manually/By Mechanical Means Including Stacking Of Serviceable Meterial Within 50 Meteres Lead As Per Direction Of Engineer-In-Charge : In Cement Mortar

എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് . എന്നാൽ ഉപയോഗപ്രദമായ സ്റ്റീൽ, കല്ല് എന്നിവയുടെ അളവ് രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/16.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

2.പ്രോജക്ട് : 290/25 – പാനൂർ ആയുർവേദ ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി

| | |
|---|---|
| അടങ്കൽ : ₹8,50,000/- | ₹4,00,000 ( മെയിന്റനൻസ് ഫണ്ട് - റോഡിതരം)<br>₹4,50,000 ( തനത് ഫണ്ട്) |
| | |

| | |
|---|---|
| ചെലവ് : ₹7,21,444/- | ₹4,00,000/- ( 24220747004600199555 Dtd 09.05.2024)<br>₹3,21,444/-(ചെക്ക് നം. 1455027/04.09.2024) |
| കരാർ നം.തീയതി | 87/AE/LID &EW/PMC – 2022-23 Dtd. 21.03.2023 |
| കരാറുകാരൻ | ശ്രീ.ബിജു ടി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item – 1-001 Dismantiing Steel Work Work Manually/By Mechanical Means In Built Up Sections Without Dismembering And Stacking Within In 50 Mts. Lead As Per Direction Of Engineer – In – Charge. - MS Grills Front & Back Side - 24.525 Kg ആണ് എന്നാൽ പ്രവൃത്തി പൂർത്തിയായപ്പോൾ 30.656 Kg ക്ക് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ പെളിച്ചുമാറ്റിയ MS Grills എന്തുചെയ്തു എന്ന വിവരം ഫയലിൽ ലഭ്യമല്ല. വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.90/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല;

3.പ്രോജക്ട് : 291/25 – മാവുള്ളതിൽ അംഗൻവാടി അറ്റകുറ്റപ്പണി വാർഡ് 21

| | |
|---|---|
| അടങ്കൽ : | ₹3,00,000 ( മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് : | ₹1,84,551/- ( 24220747004600196182 Dtd 09.05.2024 |
| കരാർ നം.തീയതി | 116/AE/LID &EW/PMC – 2022-23 Dtd.31.03.2023 |
| കരാറുകാരൻ | ശ്രീ. പ്രേമൻ ടി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item – 1-001 Demolishing R C C Work Manually/By Mechanical Means Including Stacking Of Steel Bars And Disposal Of Unserviceable Materials Within In 50 Mts. Lead As Per Direction Of Engineer – In – Charge. - Concete Kitchen Slab & Slab Cutting - 0.266 Cum. ഈ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ പെളിച്ചുമാറ്റിയ സ്റ്റീൽ എന്തു ചെയ്തു എന്ന വിവരം ഫയലിൽ ലഭ്യമല്ല. വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 90/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ₹ 24,66,459/- (15,60,464 + 7,21,444 + 1,84,551) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-63 പഴയ മത്സ്യമാർക്കറ്റ് പൊളിച്ചുമാറ്റൽ - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹ 4,31,880/- തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : 530/24-25 – പാനൂർ നഗരസഭയിലെ പഴയ മത്സ്യമാർക്കറ്റ് കെട്ടിടം പൊളിച്ചുമാറ്റൽ

| | |
|---|---|
| അടങ്കൽ | ₹8,00,000 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹4,31,880/- ( ബിൽ നം.467/01.03.2025 ) |
| കരാർ നം.തീയതി | 8/AE/LID &EW/PMC – 2024-25 Dtd. 13.09.2024 |
| കരാറുകാരൻ | ശ്രീ.രമേഷ് ബാബു.കെ |

കെട്ടിടം പൊളിച്ചുമാറ്റുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW(LSGD) Division,Kannur അംഗീകരിച്ച സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Demolition Work | 7,51,581.24 |
| GST 18% | 1,35,284.62 |
| Total (A) | 8,86,865.86 |
| Assesed Value Of Serviceable Materials Available After Demolition | 3,82,760.18 |
| GST On Scrap Value 18% | 68,896.83 |
| Total (B) | 4,51,657.01 |
| | |

| | |
|---|---|
| Net Value (B) – (A) | - 4,35,208.85 |
| Rounded To | - 4,35,209 |

കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള പ്രോജക്ട് പ്രകാരം പ്രവൃത്തി ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. എന്നാൽ ക്വട്ടേഷൻ പ്രകാരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ക്വട്ടേഷനിൽ രണ്ട് പേർ പങ്കെടുക്കുകയും ശ്രീ.രമേഷ് ബാബു ₹3,66,000 + ജി.എസ്.ടിയും ശ്രീ.മുഹമ്മദ് സലീം. ഇ ₹3,95,000 ആണ് ക്വാട്ട് ചെയ്തിരുന്നത്. ഇതിൽ ശ്രീ. രമേഷ് ബാബുവിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ക്വട്ടേഷൻ വിളിച്ചതിന് 18% ജി.എസ്.ടി അടക്കമുള്ള തുകയായ ₹4,35,209 ആണ് എസ്ററിമേറ്റ് പി.എ.സി കാണിച്ചിരിക്കുന്നത് (18.09.2024 ലെ കൗൺസിൽ തീരുമാനം നം . 1). എന്നാൽ ഈ തുകയിൽ ₹3,95,000 ക്വാട്ട് ചെയ്ത ക്വട്ടേഷൻ പരിഗണിക്കാതെ ₹3,66,000 + ജി.എസ്.ടിയും നൽകിയ ക്വട്ടേഷനാണ് പരിഗണിച്ചിട്ടുള്ളത്.

2. കെട്ടിടം പൊളിച്ചുമാറ്റുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്രവൃത്തിക്ക് ക്ഷണിച്ച ക്വട്ടേഷൻ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള Net Value ആയ - ₹4,35,209 തുക കണക്കാക്കിയാണ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടുള്ളത്. കെട്ടിടം പൊളിച്ചു നീക്കിയപ്പോൾ ലഭിച്ച ഉപയോഗ പ്രദമായ സാധനങ്ങൾ കരാറുകാരൻ തന്നെ എടുത്തതിനാൽ ആയതിന്റെ ജി.എസ്.ടി ഇനത്തിലുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കിയതിന്റെ വിവരമോ കരാറുകാരൻ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

5. പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തീയായ തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 53/19.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 4,31,880 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-64 പ്രവൃത്തി പൂർത്തീകരണ കാലതാമസം നടപടി ക്രമത്തിലെ അപാകങ്ങൾ.

ജി.ഒ (പി)13/2012/ പി.ഡബ്ല്യൂ.ഡി തീയതി 01.02.2012 പ്രകാരമുള്ള പി.ഡബ്ല്യൂ.ഡി മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത കാലാവധിക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, കരാർ തുകയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ പരമാവധി ആറുമാസം, ഏതാണോ കുറവ് അത് ആദ്യ തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വരുന്ന പക്ഷം 2% നിരക്കിൽ പിഴ ഈടാക്കണം. എന്നാൽ ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയകാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം സമയം പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയതായി കാണുന്നു .

1) പ്രോജക്ട് നം.336/25 – ഗുരുക്കൾ പീടിക പാറേമ്മൽ മുക്ക് റോഡ് - വാർഡ് 35

| | |
|---|---|
| അടങ്കൽ | 6,00,000 ( സംരക്ഷണ ഫണ്ട് - റോഡ്) |
| ചെലവ് | ₹5,94,635/-<br>BRN. No. 24220747004601681162 Dtd 24.03.2025 |
| കരാറുകാരൻ | ശ്രീ. ഷിജിൻ. എൻ .കെ |
| കരാർ തുക | ₹5,04,035/- |
| കരാർ നം/ തീയതി | 114/AE/LID & EW/PMC/2023-24 Dtd. 16.03.2024 |
| സൈറ്റ് കൈമാറിയ തീയതി | 26.03.2024 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പ്രവൃത്തി പൂർത്തീരിക്കേണ്ട തീയതി | 15.09.2024 |
| പൂർത്തീകരിച്ച തീയതി | 26.02.2025 |

| | |
|---|---|
| കാലതാമസം | 5 മാസം 12 ദിവസം |

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് തീയതിയില്ലാത്ത കത്താണ് കരാറുകാരൻ നൽകിയിട്ടുള്ളത്. സമയപരിധി ജനുവരി 31 വരെ ദീർഘിപ്പിക്കുന്നതിനുള്ള കാരണം കാണിക്കാതെയാണ് അപേക്ഷ നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ നൽകിയ അപേക്ഷ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകുമ്പോൾ തയ്യാറാക്കിയ അജണ്ട പ്രകാരം കനത്തമഴയെ തടർന്ന് പ്രവൃത്തിക്ക് തടസ്സം നേരിട്ടതിനാലാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്ന് കരാറുകാരൻ അറിയിട്ടിച്ചുണ്ട് എന്നും പ്രവൃത്തിയുടെ കാലാവധി പിഴ കൂടാതെ 30.12.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷിച്ചിട്ടുണ്ട് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 23.12.2024 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 2 പ്രകാരം 31.01.2025 വരെ പൂർത്തീകരണ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്തത്. 22.02.2025 ലെ 5/1 തീരുമാന പ്രകാരം മുൻസിപ്പൽ കൗൺസിൽ കാലാവധി 31.01.2025 വരെ പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രത്യേക കാരണം കാണിക്കാതെ നൽകിയ അപേക്ഷ പരിഗണിച്ചാണ് പിഴയില്ലാതെ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകിയത്.

2) പ്രോജക്റ്റ് നം. 337/25 – മീത്തൽ അംഗൻവാടി വിവധ മെയിന്റനൻസ് വർക്ക്

| | |
|---|---|
| അടങ്കൽ | ₹2,00,000( സംരക്ഷണ ഫണ്ട് - റോഡിതരം) |
| ചെലവ് | ₹1,98,747/-<br>BRN. No. 24220747004601385933 Dtd 27.02.2025 |
| കരാറുകാരൻ | ശ്രീ. രഞ്ജിത്ത് കുമാർ.കെ.എം |
| കരാർ തുക | ₹1,78,399.62 |
| കരാർ നം/ തീയതി | 16/AE/LID & E W/PMC/2022-23 Dtd. 28.01.2023 |
| സൈറ്റ് കൈമാറിയ തീയതി | 30.01.2023 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പ്രവൃത്തി പൂർത്തീരിക്കേണ്ട തീയതി | 27.07.2023 |
| പൂർത്തീകരിച്ച തീയതി | 05.12.2024 |
| കാലതാമസം | 1വർഷം 4 മാസം 10 ദിവസം |

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. പ്രവൃത്തി പൂർത്തീകരണ സമയത്തിനുള്ളിൽ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല. 07.11.2023-ന് നൽകിയ അപേക്ഷ എഞ്ചിനീയറുടെ ശുപാർശയില്ലാതെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്.

2. കാലവർഷം, സാധനങ്ങളുടെ ലഭ്യതക്കുറവ് എന്നിവ കാരണം 31.03.2024 വരെ സമയം ദീർഘിപ്പിച്ച് നൽകുന്നതിനാണ് അപേക്ഷ നൽകിയത്. 27.11.2023ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16/1 തീരുമാന പ്രകാരം 31.01.2024 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കേണ്ട എന്ന് തീരുമാനിച്ചിട്ടില്ല.

3. മുൻസിപ്പൽ കൗൺസിലിന്റെ 22.02.2025 ലെ 15/1 തീരുമാന പ്രകാരം പിഴയില്ലാതെ കാലാവധി 31.03.2025 വരെ ദീർഘിച്ചിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 05.12.2024 ന് പൂർത്തിയായ പ്രവൃത്തിക്ക് 25.02.2025 ന് കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടുണ്ട് (28.07.2023 മുതൽ 31.03.2025 വരെ). സമയം 31.03.2025 വരെ ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നൽകിയ അപേക്ഷ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.84/23.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ പ്രത്യേക കാരണങ്ങൾ കാണിക്കാത്ത അപേക്ഷ നൽകിയതും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പിഴ ഈടാക്കേണ്ട എന്ന് തീരുമാനിച്ചിട്ടില്ലാത്തതും ആയ സാഹചര്യത്തിൽ പിഴ ഈടാക്കാതെ നിയമപരമായതിലും അധികം സമയം അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും നിയമപരമായ പിഴ ഈടാക്കേണ്ടതാണ്.

## 1-65 പ്രവൃത്തി ഇൻഷ്വർ ചെയ്യാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

ടെണ്ടർ സ്വീകരിച്ച് കൊണ്ട് കരാറുകാരന് നൽകിയ കത്ത് ഖണ്ഡിക 6 പ്രകാരം പ്രവൃത്തിക്ക് കരാർ മൂല്യത്തിന്റെ 0.5% (കുറഞ്ഞത് ₹2,00,000/- പരമാവധി ₹5,00,000) തുകയ്ക്കുള്ള ഇൻഷ്വർ ചെയ്ത് രേഖകൾ പ്രവൃത്തി തുടങ്ങി 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% തുക പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കുകയോ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

1) പ്രോജക്ട് നം. 519/25 –കുനം കരിയാട്ട് മൂക്ക് - പനക്കൽ റോഡ് വാർഡ് 19

| | |
|---|---|
| അടങ്കൽ | ₹6,00,000( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹4,40,421/-(ബിൽ നം. 622/ 23.03.2025) |
| കരാറുകാരൻ | ശ്രീ. സത്യാനന്ദൻ കെ കെ |
| കരാർ തുക | ₹4,14,326/- |
| കരാർ നം/ തീയതി | 26/AE/LID & E W /PMC /2024-25 Dtd. 23.12.2024 |
| ഈടാക്കേണ്ട പിഴ | ₹829/- |

2) പ്രോജക്ട് നം. 129/25- കാട്ടുപുനത്തിൽ മൂക്ക് തട്ടാന്റെ പറമ്പത്ത് റോഡ് നിർമ്മാണം വാർഡ് 19

| | |
|---|---|
| അടങ്കൽ | ₹7,00,000( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹6,27,183/-(ബിൽ നം. 581/ 20.03.2025) |
| കരാറുകാരൻ | ശ്രീ. സത്യാനന്ദൻ കെ കെ |
| കരാർ തുക | ₹5,31,511/- |
| കരാർ നം/ തീയതി | 28/AE/LID & E W /PMC /2024-25 Dtd. 23.12.2024 |
| ഈടാക്കേണ്ട പിഴ | ₹1063/- |

മേൽ അപാകത്തിനുള്ള മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.67/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കേണ്ടതാണ്.

## 1-66 പ്രവൃത്തിയുടെ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകി -പിഴ ഈടാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം.363/25 – കുഞ്ഞിതൈയുള്ളതിൽ പാറക്കണ്ടി റോഡ് - റീടാറിംഗ് രണ്ടാംഘട്ടം വാർഡ് 14

| | |
|---|---|
| അടങ്കൽ | 5,00,000 ( സംരക്ഷണ ഫണ്ട് - റോഡ്) |
| ചെലവ് | ₹5,00,000/-<br>BRN. No. 24220747004600512188 Dtd 07.08.2024 |
| കരാറുകാരൻ | എസ്.എൻ കൺസ്ട്രക്ഷൻ ( ശ്രീ. അജയകുമാർ സി.വി) |
| കരാർ തുക | ₹4,45,949/- |
| പ്രവൃത്തി മൂല്യം | ₹4,45,898/- |
| കരാർ നം/ തീയതി | 56/AE/LID & E W /PMC /2021-22 Dtd. 21.11.2021 |
| സൈറ്റ് കൈമാറിയ തീയതി | 22.11.2021 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പ്രവൃത്തി പൂർത്തീരിക്കേണ്ട തീയതി | 20.05.2022 |
| പൂർത്തീകരിച്ച തീയതി | 31.03.2024 |
| കാലതാമസം | |
| ഈടാക്കേണ്ടിയിരുന്ന പിഴ | ₹13,379/- |

മേൽ പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിനാൽ 28.12.2022 തീയതിയിലെ G1/2285/21 നമ്പർ കത്ത് പ്രകാരം കാരണം കാണിക്കാൻ കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകയും 11.01.2023 ന് മറുപടി ലഭ്യമാക്കുകയുമുണ്ടായി. മറുപടിയിൽ 2022 ഏപ്രിൽ മാസം പ്രവൃത്തി ആരംഭിക്കുകയും മഴ കാരണം പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും പ്രസ്തുത വർക്ക് തുടങ്ങുവാൻ തയ്യാറാണെന്നും ആവശ്യമായ തീരുമാനം ഉണ്ടാകണമെന്നും അപേക്ഷിക്കുകയാണുണ്ടായത്. 13.01.2023 ന് ഫൈൻ ഈടാക്കാതെ സമയം ദീർഘിപ്പിച്ച് നൽകാൻ കഴിയില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇതിനെ തുടർന്ന് 30.03.2024 വരെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് തീയതിയില്ലാത്ത കത്ത് നൽകുകയും 24.02.2024 ന് അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിടുകയും ചെയ്തു. 12.03.2024 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം 1/1 പ്രകാരം 31.03.2024 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ കൗൺസിൽ ആയത് അംഗീകരിച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല.

പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് എസ്.എൻ കൺസ്ട്രക്ഷൻ എന്ന സ്ഥാപനമാണ്. സ്ഥാപനങ്ങളിൽ നിന്നും 2% ആദായനികുതി ഈടാക്കേണ്ടതാണ് എന്നാൽ ബില്ലിൽ നിന്നും 1% ആദായനികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ.

നിമയമപരമായ രീതിയിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറെടുത്ത സ്ഥാപനം അപേക്ഷ നൽകാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ പിഴയോടു കൂടി കാലാവധി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടും പിഴയില്ലാതെ കാലാവധി ദീർഘിപ്പിക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ ആയതിന് കൗൺസിലിന്റെ അംഗീകാരം നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.83/23.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിയമാനുസൃതമായ പിഴയും ആദായ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-67 പൊതു മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട പൊതു അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകൽ : - 2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112 പ്രകാരം ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി പൂർത്തീകരണം സമയത്തിനകം കരാറുകാരൻ അപേക്ഷ നൽകേണ്ടതും സമയം ദീർഘിച്ച് വാങ്ങേണ്ടതുമാണ്. പരമാവധി നൽകാവുന്ന സമയപരിധി അനുവദനീയ കാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. എന്നാൽ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകുന്നു. 2024-25 വർഷം, അംഗീകരിച്ച 380 പ്രോജക്ടുകളിൽ 162 എണ്ണവും സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ നടപ്പിലാക്കിയ 122 പ്രവൃത്തികളിൽ 90% വും പരമാവധി അനുവദിക്കാവുന്ന സമയപരിധി കഴിഞ്ഞാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഉദാ. ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാർ തീയതി. | പൂർത്തീ കരണ കാലാവധി | കരാർ പ്രകാരം പ്രവൃത്തി പൂർത്തീ കരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | അനുവദിച്ച അധിക സമയം |
|---|---|---|---|---|---|
| പ്രോജക്ട് : 430/25 - സീതിപ്പള്ളി - ചാലിൽമുക്ക് റോഡ് ടാറിംഗ് | 02.02.2023 | 6 മാസം | 03.08.2023 | 27.01.2025 | 18 മാസം |
| പ്രോജക്ട് : 398/25 – കണ്ണംവള്ളി | 02.02.2024 | 4 മാസം | 01.06.2024 | 03.02.2025 | 8 മാസം |

| | | | | | |
|---|---|---|---|---|---|
| കൊയപ്പാൽ കുളം റോഡ് റീടാറിംഗ് വാർഡ് - 12 | | | | | |
| പ്രോജക്റ്റ് : 380/25 – പാന്നൂർ ബസ്സ് സ്റ്റാന്റ് - പി.കെ.ജംഗ്ഷൻ റോഡ് റീടാറിംഗ് | 07.02.2023 | 6 മാസം | 6.08.2023 | 17.05.2024 | 9 മാസം |

2. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കൃത്യസമയത്ത് അപേക്ഷ നൽകുകയോ കൃത്യമായി സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്യാത്ത പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകുന്നു. ഇത്തരം കരാറുകാർക്കെതിരെ നിയമപരമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഉദാ. ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയ തീയതി | സപ്ലിമെന്ററി കരാർ വെച്ച തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| പ്രോജക്റ്റ് : 424/25 – കല്ലുള്ളതിൽ പള്ളിപ്പറമ്പ് റോഡ് ടാറിംഗ് വാർഡ് 32 | 30.09.2023 | 07.11.2023 | 06.03.2024 | 04.03.20204 |
| പ്രോജക്റ്റ് : 575/25 - നാരായണത്ത് പറമ്പ് -ചെറുവത്ത് റോഡ് അവസാന ഭാഗം റീടാറിംഗ് വാർഡ് - 3 | 11.09.2024 | 30.12.2024 | 25.02.2025 | 20.01.2025 |

3. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല:- ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയോ കാലികമാക്കുകയോ ചെയ്യുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

(I) പ്രോജക്റ്റ് നം.341/2025 – ചാത്തോത്ത് മുക്ക് മുതൽ ചെറുവത്ത് മുക്ക് വരെ റോഡ് നിർമ്മാണം-

ആസ്തിരജിസ്റ്റർ ID No. 215610050000000261 ആയുള്ള റോഡിന്റെ നീളം 0.390 Km ഉം വീതി 3 മീറ്ററും കാര്യേജ് വേ 3 മീറ്ററും ആണ്. ഈ റോഡിൽ ചെയ്നേജ് 0/000 മുതൽ 0/125 വരെ പുതുതായി ടാർ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം മുഴുവൻ റോഡും കച്ചറോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(Ii) പ്രോജക്റ്റ് നം . 385/25- പനങ്ങാട്ട് മുക്ക് ഇല്ലത്ത് റോഡ് നിർമ്മാണം വാർഡ് 21

ആസ്തി രജിസ്റ്റർ ID No. 215610050000000139 ആയുള്ള റോഡിന്റെ നീളം 0.300 Km ഉം വീതി 3 മീറ്ററും കാര്യേജ് വേ 3 മീറ്ററും ആണ് . ഇതിൽ 0.120 Km 'ടാർ റോഡാണ്. ബാക്കിയുള്ള 0.180 Km-ൽ ചെയ്നേജ് 0/120 മുതൽ 0/246 വരെ 126 മീറ്റർ ടാർ ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 14.04.2024 ൽ പണി പൂർത്തിയായിട്ടും ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ കാലികമാക്കിയിട്ടില്ല.

(Iii) മെയിന്റനൻസ് വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നഗര സഭാ കൗൺസിലിന്റെ അംഗീകാരം വാങ്ങുന്നില്ല.

ഭൂരിഭാഗം പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ദീർഘിപ്പിച്ച് നൽകുന്നത്. ആയതിന് കൗൺസിൽ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല,

5. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയില്ലാതെ ബില്ലുകൾ മാറുന്നു.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-68 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീ.01.09.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 09.08.2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 5 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 6 പ്രകാരം തുക അനുവദിക്കുന്നത്.

പാനൂർ നഗരസഭയിലെ ഹെൽത്ത് ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.

പാനൂർ നഗരസഭയ്ക്ക് 01.04.2021 മുതൽ 31.03.2025 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

ലഭിച്ച തുക

| സാമ്പത്തിക വർഷം | സ്കീം 5 (₹) | സ്കീം 6 (₹) | ആകെ (₹) |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 1,33,00,000 | 1,33,00,000 |
| 2023-24 | 37,69,000 | 37,61,000 | 75,30,000 |
| 2024-25 | 0 | 45,59,000 | 45,59,000 |

ചെലവഴിച്ച തുക

| സാമ്പത്തിക വർഷം | സ്കീം 5 (₹) | സ്കീം 6 (₹) | ആകെ (₹) |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 |

| | | | |
|---|---|---|---|
| 2023-24 | 0 | 43,53,000 | 43,53,000 |
| 2024-25 | 12,19,000 | 68,31,308 | 80,50,308 |

ഹെൽത്ത് ഗ്രാന്റ്- ഏറ്റെടുത്ത പദ്ധതികൾ

ഹെൽത്ത് ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം വിവരം താഴെ ചേർക്കുന്നു.

| ലഭ്യമായ തുക/ലഭിച്ച സാമ്പത്തിക വർഷം/സ്കീം | പദ്ധതിയുടെ നമ്പർ, പേര് | ചെലവ് വിവരം (₹) 2024-25 |
|---|---|---|
| 1,33,00,000/2022-23/സ്കീം 6<br><br>37,61,000/2023-24/സ്കീം 6<br><br>45,59,000/2024-25/സ്കീം 6 | 681/25<br>അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ | 93,825 |
| | 559/25<br>ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ - കിടഞ്ഞി - പെരിങ്ങത്തൂർ -പാനൂർ പെരിങ്ങളം -സ്ഥാപനങ്ങൾക്ക് ഫർണിച്ചർ- ആശുപത്രി അനുബന്ധ വസ്തുക്കൾ വാങ്ങൽ | 1,64,069 |
| | 561/25<br>ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ -കിടഞ്ഞി - കെട്ടിടത്തിന് വാടക ഇനത്തിൽ | 1,76,400 |
| | 562/25<br>കരിയാട് – അർബൻ – പി എച്ച് സി – യുടെ ആവർത്തന ചെലവുകൾക്ക് | 2,89,000 |
| | 560/25<br>പാനൂർ – കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും പി എച്ച് സി – കളുടേയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾക്ക് | 4,50,000 |
| | 680/25<br>പോളി ക്ലിനിക് സ്ഥാപിക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് വിഹിതം | 10,00,000 |
| | 544/25<br>പെരിങ്ങത്തൂർ വെൽനസ്സ് സെന്റർ വാർഡ് 18-അടിസ്ഥാന സൌകര്യം ഒരുക്കൽ | 4,83,151 |
| | 545/25<br>കിടഞ്ഞി വെൽനസ്സ് സെന്റർ അടിസ്ഥാന സൌകര്യം ഒരുക്കൽ | 5,47,813 |
| | 678/25<br>അർബൻ വെൽനെസ്സ് സെന്ററുകളുടെ ആവ ആവർത്തന ചെലവുകൾക്ക് | 10,00,000 |
